F42.1 PURANA KAVYAMANJARI PT I

032:1M78:32
F42.1

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

O32:1M78:32 F42.1

vamanjari

MUL
064960

**Madras University Library.**

DOCTRINA·VIM·PROMOVET INSITAM

Call Number 032:1M78:32. F42:1

Accession Number 64960

Available for loan from

This book should be returned on or before the date last marked below.

PURANA

# KAVYAMANJARI

## PART I.

15 OCT 1931

PUBLISHED BY

**V. N. NAIR.**

OTTAPALAM.

PRINTED AT

THE KAMALALAYA PRINTING WORKS,

OTTAPALAM.

SL: 11178:32

F42.1

Price As. 10.

പുരാണ

# കാവ്യമഞ്ജരി.

## ഒന്നാം ഭാഗം


പ്രകാശകൻ:

വി. എൻ. നായർ.

ഒററപ്പാലം.

പകർപ്പവകാശം

PRINTED AT

THE KAMALALAYA PRINTING WORKS,

OTTAPALAM.

64960
032: 1M78:32
F42:1

UNIVERSITY LIBRARY
15 OCT 1931
MADRAS

# അവതാരിക.

കവിതിലകൻ വള്ളത്തോൾ പുരാണങ്ങളെ മലയാളത്തിലേക്ക് തർജ്ജമചെയ്തിട്ടുള്ളതിൽനിന്ന് ഏതാനും പദ്യങ്ങളെടുത്തു പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതിന്റെ ഫലമായിട്ടാണ് ഈ "പുരാണ കാവ്യമഞ്ജരി" ആവിർഭവിക്കുന്നത്. ഭാരതവർഷത്തിലെ ഋഷീന്ദ്രന്മാരുടെ ദിവ്യപ്രതിഭയിൽനിന്ന് നിർഗ്ഗളിച്ച പുരാണസാഹിത്യത്തിൽ അടങ്ങീട്ടില്ലാത്ത വിഷയങ്ങൾ യാതൊന്നുമില്ലെന്നുതന്നെ പറയാം. ആലോചനാമൃതമായ സാഹിത്യരസം ആസ്വദിക്കുവാൻ ആഗ്രഹിക്കുന്ന സഹൃദയന്മാർക്കും, അഗാധമായ തത്വജ്ഞാനാർണ്ണവത്തിൽ അവഗാഹം ചെയ്വാൻ അഭിലാഷികളായ ജിജ്ഞാസുക്കൾക്കും, അദ്ധ്യാത്മവിഷയങ്ങളെ അദ്ധ്യയനംചെയ്തു് ആത്മനിർവൃതിനേടുവാൻ കാംക്ഷിക്കുന്ന ഭക്തന്മാർക്കും, ലൌകികവ്യവഹാരങ്ങളെക്കുറിച്ച് സമഗ്രമായ അറിവു് സമ്പാദിക്കുവാനുത്സുകരായ സാധാരണന്മാർക്കും, എന്നുവേണ്ട ലോകത്തിലുള്ള ഭിന്നരുചികളായ വിവിധജനങ്ങൾക്കും, രസിക്കുന്നതും രുചിക്കുന്നതുമായ വിഷയങ്ങൾ പുരാണങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. പുരാണം എന്നു പറഞ്ഞാൽ സംസാരസുഖങ്ങളിൽ വിരക്തിവന്ന വയോധികന്മാർക്കു് വായിച്ചു കാലയാപനം ചെയ്വാനുള്ള ഒരു ശുഷ്കഗ്രന്ഥമാണെന്ന് പലക്കും വിചാരമുണ്ടു്. ഈ വിചാരം എത്രമാത്രം അബദ്ധമാണെന്നും ഇ

ത്രയും വിശിഷ്ടമായ ഒരു സാഹിത്യവിഭാഗത്തിൽ ഇതേവരെ അനാസ്ഥ കാണിച്ചതു് എത്രവലിയൊരപരാധമായിപ്പോയെന്നും ഇയ്യിടെയായി ആളുകൾക്കു തോന്നിത്തുടങ്ങിട്ടുണ്ടെങ്കിൽ അതിനുള്ള ഉത്തരവാദിത്വം വഹിക്കുന്നതു് പുരാണങ്ങൾക്കു് ഭാഷാന്തരീകരണംമൂലം കേരളത്തിൽ ലഭിച്ചിട്ടുള്ള പ്രചാരം മാത്രമാണു്. സംസ്കൃതമറിഞ്ഞുകൂടാത്ത മലയാളികൾക്കു് പുരാണപാരായണത്തിൽ ആഗ്രഹവും അഭിരുചിയും അങ്കുരിപ്പിക്കുവാൻ വള്ളത്തോളിൻെറ പുരാണതർജ്ജമ വളരെ ഉപകരിച്ചിട്ടുണ്ടെന്നു നിസ്തർക്കം പറയാം. എന്നിട്ടും പുരാണങ്ങൾക്കു് കേരളീയഗൃഹങ്ങളിൽ വേണ്ടത്ര പ്രചാരമുണ്ടോ എന്നാണു് സംശയം.

പുരാണങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളുടെ വൈവിധ്യം അറിയേണമെങ്കിൽ ഈ പുസ്തകത്തിൽ ചേർത്തുകാണുന്ന വിഷയങ്ങളുടെ നാനാത്വം നോക്കിയാൽ മതി. സാഹിത്യരസം തുളുമ്പുന്നതും ഭക്തിരസം സ്ഫുരിക്കുന്നതുമായ വർണ്ണനകൾ ഒരുവക—("ഒരുദിവ്യസുന്ദരി", "ബാലഗോപാലൻ", "ഇവളാര് ?", 'വേണുഗോപാലൻ' എന്നീചൂർണ്ണികകൾ കാണുക) വിജ്ഞാനപ്രദങ്ങളും ഉത്തമാദർശദ്യോതകങ്ങളുമായ ഉപദേശങ്ങൾ വേറൊരുവക.—("കർമ്മശക്തി, ധർമ്മാധർമ്മഫലങ്ങൾ, പ്രാപഞ്ചികസുഖം" എന്നിവ കൃതികൾ ഉദാഹരണം). വിജ്ഞാനവും ചമൽകാരവും ഒന്നിനൊന്നു വിരുദ്ധമായിട്ടുള്ളതാണെന്നു ഇപ്പറഞ്ഞതിൽനിന്നു് ആരും തെററിദ്ധരിച്ചുപോകരുതു്. "ക്ഷത്രതേജസ്സിൻെറ നർത്തനം" "ഒരു വീരപത്നി" എന്നിങ്ങനെയുള്ള ചൂർണ്ണിക

കരം എത്ര ചമൽകൃതങ്ങളായിരിക്കുന്നു! അതുനിമിത്തം അ വയിൽ നിർദ്ദേശിച്ചിട്ടുള്ള ആദർശങ്ങൾക്ക് വല്ല ക്ഷതിയും സംഭവിച്ചിട്ടുണ്ടോ? ഇല്ല; സാഹിത്യം ആലോചനാമൃതമാ ണെന്നു പൂർവ്വന്മാർ വിവ്വചിച്ചിട്ടുള്ളതിന്റെ അർത്ഥം ഇതു തന്നെയാണ്. വായനക്കാർ സ്വയമേവ ആസ്വദിച്ചറി യേണ്ടതായ ഈ ഗുണത്തെപ്പററി ഇതിലധികം ഇവിടെ പ്ര സ്താവിക്കണമെന്ന് വിചാരിക്കുന്നില്ല.

പിന്നെ, തർജ്ജമയുടെ സ്വഭാവത്തെപ്പററി വല്ലതും പറയുന്നതു കേവലം അനാവശ്യമായിട്ടേ വരികയുള്ളൂ. വ ള്ളത്തോൾക്കവിതയുമായി പരിചയിച്ചിട്ടുള്ളവർക്കെല്ലാം അ തിനെ എവിടെ ഏതുരൂപത്തിൽ കണ്ടാലും തിരിച്ചറിയു വാൻ പ്രയാസമുണ്ടായിരിക്കയില്ല. ഈ പുസ്തകത്തിൽ കാണുന്ന കവനങ്ങൾ തർജ്ജമകളാണെന്ന് പറഞ്ഞറിയി ച്ചെങ്കിലല്ലാതെ അവയെ ആരും അങ്ങിനെ വിചാരിക്കുമെ ന്നുതോന്നുന്നില്ല. അത്ര തന്മയത്വമുണ്ട് തർജ്ജമയ്ക്കു്. വ ള്ളത്തോൾ സ്വതന്ത്രകൃതികൾക്കായി ചെലവഴിക്കേണ്ടുന്ന സമയത്തിൽ ഏതാനും ഭാഗം തർജ്ജമയ്ക്കായി വിനിയോ ഗിക്കുന്നത് ഒട്ടും ആശാസ്യമല്ലെന്നു ചിലർ ആക്ഷേപിക്കു ന്നതായി കേട്ടിട്ടുണ്ട്. ഈ ആക്ഷേപം കേവലം അസ്ഥാ നത്തിലാണ്. ഒരു മഹാകവിയുടെ പ്രതിഭയേ മന്ദീഭവി പ്പിക്കുന്ന ഒരു ക്ഷുദ്രകൃതിയേയോ ശുഷ്കകൃതിയേയോ അല്ല വള്ളത്തോൾ വിവർത്തനം ചെയ്യാൻ ഏറ്റെടുത്തിരിക്കുന്നതു്. പുരാണങ്ങളുമായി കുറേക്കൂടി അടുത്തു പെരുമാറാനുള്ള അ വസരം ലഭിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ കവിതയ്ക്കു്

ഉൽകൃഷ്ടമല്ലാതെ അപകൃഷ്ടം വരുവാൻ യാതൊരുസംഗതിയും ഇല്ലതന്നെ. ഇതിന്നും പുറമെ, പുരാണങ്ങൾക്ക് സംസ്കൃതാനഭിജ്ഞന്മാരുടേ ഇടയിൽ പ്രചാരം നൽകേണ്ടതാവശ്യമാണെന്ന് സമ്മതിക്കുന്നപക്ഷം, അവയ്ക്കുള്ള സാഹിത്യഗുണം തരിമ്പുപോലും കുറയാതെ മലയാളത്തിലേക്ക് പകൎത്തുവാൻ സാമൎത്ഥ്യവും വാസനയും ഉള്ള. ഒരു കവി തന്നെ അതിന്റെ ഭാഷാന്തരീകരണം നിൎവ്വഹിക്കേണ്ടതാണെന്നും സമ്മതിക്കാതെ നിവൃത്തിയില്ല. ഈ കൃത്യം വള്ളത്തോൾ നിൎവ്വഹിച്ചതുകൊണ്ടുണ്ടായിട്ടുള്ള ഗുണം ഇത്രയാണെന്നറിയുവാൻ ആഗ്രഹമുള്ളവർ ഈ കാവ്യമഞ്ജരി ഒരാവൃത്തിയെങ്കിലും വായിച്ചുനോക്കട്ടേ. ഇത്ര ലളിതവും പ്രസന്നവും സരളവും ആയ രീതിയിൽ ഒരു പുരാണതൎജ്ജമ ലഭിച്ചതിനെപ്പററി കൈരളിയും കേരളീയരും അഭിനന്ദിക്കുകയാണ് വേണ്ടതു്. പുരാണങ്ങളുടെ മൎമ്മമറിഞ്ഞ ഒരു മഹാശയനാണ് ഈ കവിതിലകനെന്ന് അദ്ദേഹത്തിന്റെ "പുരാണങ്ങൾ" എന്ന കവിതയിലെ ഓരോ വരിയും വിശദമായി വിളിച്ചുപറയുന്നുണ്ടു്:—

"ഭാരതവർഷത്തിലെപ്പൂൎവ്വരാമൃഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ലു പാൎത്തുകണ്ടറിഞ്ഞവർ
യോഗൈകനിരതന്മാർ, ഭോഗനിസ്പൃഹർ, പരി-
ത്യാഗൈകദ്രവിണന്മാർ- അവർതൻ വാസങ്ങളോ,
പൊട്ടപ്പുല്ലുകൾകൊണ്ടും ശുഷ്കപത്രൗഘംകൊണ്ടും
കെട്ടിമേഞ്ഞവയായ പാഴ്കുടിലുകളത്രേ.
എങ്കിലുമവയിൽനിന്നിങ്ങു കിട്ടിയ മണി-

തങ്കങ്ങൾ മഹാർഘങ്ങൾ മററെങ്ങുമലഭ്യങ്ങൾ.
പട്ടമെത്തയെക്കാളുമിഷ്ടമായ് വാഗ്ദേവിക്കു
ശിഷ്ടരാമവരുടെ ദർഭപ്പുൽവിരിപ്പുകൾ
തത്വചിന്തോദ്രേകത്താലെ ജ്ഞാനമദധന്യർക്കു
വിസ്തീർണ്ണത്തിരുനെററി വിയർത്താലപ്പോളെല്ലാം
പ്രേമവിഹ്വലയായ്ത്തൻപോർമുലക്കച്ചത്തുമ്പാൽ
കോമളം വീശിപ്പോന്നവാഗധീശ്വരിതൻെറ
മഞ്ജുകൈത്തണ്ടിൽ ചിന്നിമിന്നിയ വളകൾതൻ
ശിഞ്ജിതം പുരാണത്തിൽനിന്നു നാമിന്നുംകേൾപ്പൂ!"
(സാഹിത്യമഞ്ജരി-രണ്ടാം ഭാഗം.)

എത്രയോ വിസ്താരമേറിയ പുരാണങ്ങളെ മുഴുവനും പാരായണം ചെയ്യാൻഎല്ലാവക്കും സാധിച്ചു എന്നുവരികയില്ല. അങ്ങിനെയുള്ള വക്കും, വിശിഷ്യ വിദ്യാത്ഥികൾക്കും, ഉപകരിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ചെറുപുസ്തകം പുറപ്പെടുവിച്ചിട്ടുള്ളതു്. ഇതിൽ കാണുന്ന പദ്യങ്ങളെ ശേഖരിച്ചു്, കഠിനപദങ്ങൾക്കത്ഥവും മററു കുറിപ്പുകളും എഴുതിച്ചേർത്ത വിദ്വാൻ സി. ശങ്കുണ്ണി നായരവർകളുടെ ഉചിതവും ഉപകാരപ്രദവുമായ ഉദ്യമത്തെപ്പററി കേരളീയർ സവ്വദാ കൃതജ്ഞരായിരിക്കുമെന്നാണെൻെറ വിശ്വാസം. സാഹിത്യമമ്മജ്ഞനും സഹൃദയവരേണ്യനുമായ അദ്ദേഹത്തിൻെറ ഭാഷാപ്രണയത്തെക്കുറിച്ചു കേരളീയർ ഇതിനുമുമ്പുതന്നെ അറിഞ്ഞിട്ടുണ്ടു്. ഇനിമേലിലും അദ്ദേഹത്തിൽനിന്നു വലുതായ സാഹായ്യത്തെ കൈരളി പ്രതീക്ഷിക്കുന്നുമുണ്ടു്.

പ്രസാധകനായ മിസ്റ്റർ വി. നാരായണൻനായരുടെ ഈ ഉചിതകൃത്യത്തിനെ അഭിനന്ദിച്ചും, ഈ ഉദ്യമത്തിൽ പങ്കുകൊള്ളുവാൻ എനിക്കുമൊരവസരം നൽകിയതിനു അദ്ദേഹത്തോടു നന്ദിപറഞ്ഞും, ഞാൻ 'പുരാണകാവ്യമഞ്ജരി'യെ സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

മധുര<br>16—12—1924. } വി. ഉണ്ണികൃഷ്ണൻ നായർ, ബി. ഏ.

# വിഷയവിവരം.


| | | ഭാഗം |
|---|---|---|
| 1. | പ്രഭാതമംഗളം | 1 |
| 2. | വസന്തകാലം | 2 |
| 3. | സീതാപരിത്യാഗം | 5 |
| 4. | വാരാണസി | 9 |
| 5. | വൎഷകാലം | 11 |
| 6. | ക്ഷത്രതേജസ്സിന്റെ നൎത്തനം | 13 |
| 7. | ഒരു യുദ്ധം | 14 |
| 8. | ശരൽക്കാലം | 16 |
| 9. | ധൎമ്മാധൎമ്മഫലങ്ങൾ | 17 |
| 10. | ത്രികൂടപൎവ്വതം | 18 |
| 11. | ഒരു മഹാസംഗമം | 20 |
| 12. | കൈലാസവൎണ്ണനം | 21 |
| 13. | ഒരു ദിവ്യസുന്ദരി | 23 |
| 14. | ഒരു ഉപദേശം | 26 |
| 15. | നന്ദനോദ്യാനം | 29 |
| 16 | കൎമ്മശക്തി | 32 |
| 17. | മഹാമേരുപൎവ്വതം | 36 |
| 18. | പ്രാപഞ്ചികസുഖം | 39 |
| 19. | രാമരാജ്യഭാരം | 43 |
| 20. | ഒരു വീരപത്നി | 46 |
| 21. | താപസാശ്രമം | 50 |
| 22. | രാമായണനിൎമ്മാണം | 51 |

| | | |
|---|---|---|
| 23. | ഒരു വിലാപം | 53 |
| 24. | തേജസ്വിനിയായ സുക്ഷത്രിയ | 55 |
| 25. | സമരസന്നാഹം | 57 |
| 26. | പുണ്യവ്രതാഫലം | 59 |
| 27. | ബാലഗോപാലൻ | 61 |
| 28. | ഈശ്വരപ്രാർത്ഥന | 65 |
| 29. | കാത്ത്യായനി | 67 |
| 30. | സരസ്വതീ സ്തോത്രം | 70 |
| 31. | ഗന്ധർവ്വകന്യകമാർ | 72 |
| 32. | ഒരു ധർമ്മപത്നി | 75 |
| 33. | വിഷ്ണുസ്തവം | 77 |
| 34. | സുനീഥ | 81 |
| 35. | ഇവളാര്? | 82 |
| 36. | വീരമണിപുരം | 83 |
| 37. | രാമരാജ്യഭാരം. | 87 |
| 38. | ഉർവ്വശി | 92 |
| 39. | ശിവസ്തുതി | 94 |
| 40. | ശ്രീരാമന്റെ യജ്ഞശാല | 97 |
| 41. | വേണുഗോപാലൻ | 100 |

15 OCT. 1931

പുരാണ

# കാവ്യമഞ്ജരി.

1-ാം ഭാഗം.

## 1. പ്രഭാതമംഗളം.

(പാന)

ബ്രഹ്മവിഷ്ണുക്കളും, (൧)മുപ്പുരവൈരിയും,
(൨)കർമ്മസാക്ഷിയും, ചന്ദ്രനും, ചൊവ്വയും,
(൩)സൌമ്യ(൪)ഗീഷ്പതി, ശുക്രശനികളും
സുപ്രഭാതമിങ്ങേകട്ടെയേവരും.

അംഗിരസ്സു, വസിഷ്ഠൻ, ക്രതു, ഭൃഗു,
ശ്രീമരീചി, പുലസ്ത്യൻ, പുലഹനും,
ഗൌതമൻ, രിഭു, രൈഭ്യൻ, ച്യവനനും
സുപ്രഭാതമിങ്ങേകട്ടെയേവരും.

സനൽകുമാരൻ, സനകൻ, സനന്ദന-
നസ്സനാതന,നാസുരി, പിംഗളൻ,
സപ്തപാതാള സപ്തസ്വരങ്ങളും
സുപ്രഭാതമിങ്ങേകട്ടെയേവരും.

൧. ശിവൻ. ൨. സൂര്യൻ. ൩ ബുധൻ. ൪. വ്യാഴം. (ത്രിമൂർത്തികളും സപ്തഗ്രഹങ്ങളും)

(൧)ഗന്ധിനി ഭൂമി, തോയം (൨)രസാന്വിതം,
(൩)സ്പർശവാൻ വായു, (൪)തേജസ്വിയഗ്നിയും,
ശബ്ദമൊത്ത(൫)വിയത്തും, (൬)മഹത്തുമേ
സുപ്രഭാതമിങ്ങേകട്ടെയേവരും,

ഏഴലകട,ലേഴു കുലാദ്രിക,-
ളേഴൃഷിശ്രേഷ്ഠ,രേഴുത്തുക്കൾ,
പൃഥ്വിമുമ്പാകുമേഴുലോകങ്ങളും
സുപ്രഭാതമിങ്ങേകട്ടെയേവരും.

——:o:——

## 2. വസന്തകാലം

[പുലസ്ത്യമഹർഷി പുണ്യകഥാശ്രവണകുതുകിയായ നാരദമുനിക്ക് പറഞ്ഞുകൊടുക്കുന്ന നരനാരായണചരിതത്തിലുള്ളതാണ് ഈ വസന്തവർണ്ണനം.]

(1) വിലസി(൧)തത്ര, വസന്തമണഞ്ഞവാ-
റിലകൊഴിഞ്ഞലർപൂണ്ടു, പിലാശുകൾ
ജ്വലനനോടെതിരായ നിറം കല-
ർന്നുലകിനാഭവരുത്തിയനാരതം.

---

൧. ഗന്ധം എന്നഗുണമുള്ള. ഭൂമിയുടെ ഗുണം ഗന്ധമാണല്ലോ. ൨. രസം എന്ന ഗുണമുള്ളത്. ൩. സ്പർശം എന്നഗുണത്തോടുകൂടിയവൻ. ൪. അഗ്നിയുടെ ഗുണം രൂപമാകുന്നു. ൫. ശബ്ദഗുണകമായ ആകാശം. ൬. മഹത്തത്വം. പൃഥിവ്യാദി പഞ്ചഭൂതങ്ങളെ അതാതിന്റെ ഗുണങ്ങളോടുകൂടി ഗ്രഹിച്ചിരിക്കുന്നത്, ആ ഗുണങ്ങൾ, ശ്രോത്രാദി പഞ്ചേന്ദ്രിയങ്ങൾക്കുണ്ടാകുന്ന ബോധശക്തിയെ കാണിക്കുവാൻ വേണ്ടിയാകുന്നു. ഭൂതഗുണങ്ങളായ രൂപരസാദികളാണല്ലോ ഇന്ദ്രിയങ്ങളുടെ വിഷയം.

2. ൧. അവിടെ = ബദര്യാശ്രമത്തിൽ.

(2) (ഫ)മഹാമുനേ, ശൈശിരകാലമാകും
(ബ)മതംഗജത്തെത്തരസാ പിളർത്തി,
നഖങ്ങൾതൻചേലിയലും(ഭ)പലാശ-
സുമങ്ങളൊത്തെത്തി (മ)വസന്തസിംഹം.

(3) 'സ്വന്തംമഹസ്സാൽത്തുഹിനത്തുവായ
ദന്തികള ഞാൻ തോൽമവരുത്തി'യെന്നായ്
സന്തുഷ്ടിയോടേ, (യ)മധു,മുല്ലമൊട്ടാം
ദന്തങ്ങളാൽ പുഞ്ചിരി തൂകിടുന്നു.

(4) (ര)കണ്ണിന്നററരസമാംപടി പൂത്താ-
കർണ്ണികാരവിപിനങ്ങൾ വിളങ്ങി;
മന്നവപ്പരിഷ കേറിനടക്കും
പൊന്നണി(ല)ദീപഹയങ്ങൾകണക്കേ.

(5) അവയ്ക്കു ചാരേ വിലസീ
കിങ്കരാഭം കടമ്പുകൾ;
സ്വാമിസന്മാനിതന്മാരാം
രാജഭൃത്യർ കണക്കിനേ.

(6) പട്ടുരുചിയൊട്ട(വ)മഞ്ജസാവിളങ്ങീ
തൂട്ടുമലർചേരുമശോകപാദപങ്ങൾ;
പടയിൽമുറിവുപെട്ടു ചോര മെയ്യിൽ-
ത്തടവിന(ശ)മാധവരാജയോധർപോലെ.

(7) ഓമന്മലർത്തൊത്തുകൾ മത്തഭൃംഗ-
സ്തോമത്തൊട്ടും മിന്നി മഹാവനത്തിൽ;

---

ഫ. നാരദമഹർഷി. ബ. ആന ഭ. പ്ലാശ് മ. രൂപകംഅലംകാരം
യ. വസന്തം, ര. കൊന്ന. (മുരിക്ക്)കാട്ടുകൾ. ല. ആനകതിര.
വ. പെട്ടന്ന്. ശ. വസന്തരാജാവിന്റെ സൈന്യങ്ങൾ

പ്രേമാർദ്രമിത്രങ്ങൾ സമാഗമിക്കേ
രോമാഞ്ചമേന്തും (ഫ)സുജനങ്ങൾപോലേ.

(8) വരതാപസ, (വ)വേതസങ്ങളാററിൻ-
കരയിൽപ്പൂങ്കുലപൂണ്ടുലാലസിച്ചു;
'മരമേത്ര നമുക്കുതുല്യ'മെന്നായ്
വിരൽകാട്ടിപ്പറവാൻ മുതിന്നപോലേ.

(ന)അസിതാശോക(ര്)പ്പൂരികുഴൽ,
കുവലയനയനങ്ങൾ, (ഒ)കുന്ദരദനങ്ങൾ,
വികസിതാപങ്കജവദനം,
(ന്ന)പികനിനദം, ചെമ്പരുത്തിമലരധരം,

(10) വിലാഫലപ്പോർകൊങ്കകൾ,
(൭)നല്ലനിറംപൂണ്ട പൂങ്കുലക്കൈകൾ,
അരുണാശോകകരം, വെൺ-
കരുനൊച്ചിപ്പൂക്കളാകിയ നഖങ്ങൾ,

(11) അളിരോമാവലി, (വ്വ)കിംശുക-
മലരടിയിവയൊത്തു ദിവ്യസുന്ദരിയായ്
(ൻ)അകലുഷകങ്കേളിമലർ-
ത്തുകിലും, മയിലിൻ(ഫം)കലാപവും ചാത്തി.

---

ഫ. ബിംബപ്രതിബിംബഭാവാപന്നമായ സാധർമ്മ്യത്തെ ഉപജീവിച്ചുള്ള ഉപമാലാങ്കാരം. വ. ആറുവഞ്ചികൾ, ന 9 ാം ശ്ലോകം മുതൽക്കു കുളകമായിട്ടാണ് അന്വയം. ര. കറുത്ത അശോകമാകുന്ന തലമുടി. ഒ. മുല്ലമൊട്ടുകളാകുന്ന ദന്തങ്ങൾ. ന്ന. കുയിൽനാദമാകുന്ന നാദം. (ശ്ലിഷ്ടരൂപകം) ൭. പൂങ്കുലകളേ കൈപ്പടങ്ങളായും, പൂക്കളെ കൈവിരലുകളായും കല്പിച്ചിരിക്കുന്നു. വ്വ. മുരിക്കിൻ പൂവാകുന്ന കാലടി. ൻ. തെളിഞ്ഞ കണ്ണാന്തളിപ്പൂവാകുന്ന വസ്ത്രം. ഫം. മയിൽപ്പീലിയാകുന്ന അലങ്കാരം.

(12) സമദകളഹംസനാദയും,
(ഫ)സാരസരവമാം തളക്കിലുക്കവുമായ്
അങ്ങു വൈദേഹ്യാശ്രമഭുവി
ഭംഗ്യാ വാസന്ത(വ)ലക്ഷ്മി വന്നെത്തി.

---

# 3. സീതാപരിത്യാഗം.

---

[പൌരജനങ്ങളുടെ ഇടയിൽ പ്രചരിച്ച അപവാദം അടിസ്ഥാനമാക്കി ശ്രീരാമൻ സീതയേ കാട്ടിൽ പരിത്യജിക്കുന്നതിനായി ലക്ഷ്മണനേ നിയോഗിച്ചതിന്നുശേഷമുണ്ടായ കരുണമയങ്ങളായ സംഭവങ്ങളാണ് ഇതിൽ വർണ്ണിച്ചിരിക്കുന്നതു്.]

(പാന)

തോണിയേറിയാഗ്ഗംഗ കടന്നിട്ടു
റാണിതൻകൈപിടിച്ചു നടന്നുടൻ
(ഭ)അത്തലേകുന്ന വൻകൊടുംകാടൊന്നി-
ലെത്തി സൌമിത്രിരാഘവാജ്ഞാകരൻ

---

ഫ വെള്ളിപ്പക്ഷിയുടെ ശബ്ദം. വ. വസന്തശോഭ,

ഈ 4 പദ്യങ്ങളിലുംകൂടി അലങ്കാരം സാവയവരൂപകം. വസന്തം വന്നപ്പോൾ വനഭൂമിക്കുണ്ടായ ശോഭയേ സുന്ദരിയായ ഒരു സ്ത്രീയായിക്കല്പിച്ചതിന്നനുസരിച്ചു്, പ്രകൃതങ്ങളായ വനഫലപുഷ്പങ്ങളെ അപ്രകൃതങ്ങളായ അംഗനാവയവങ്ങളായി രൂപണം ചെയ്തിരിക്കയാണ്.

ഉ.ഢ. ദ.ഖം.

വാസ്സുരണ്ടും വഴിക്കങ്ങടിക്കടി
(൧)ചേവടിത്തളിർ മുള്ളിനാൽകീറിയും,
ആ വനംപുക്ക ചുററും നിരീക്ഷിക്കേ,
ദേവി പേടിച്ചേരിപൊരിക്കൊണ്ടുപോയ്.
“ഹാ! മിഥികൾക്ക സൌഖ്യകരങ്ങളാം
മാമുനികൾതൻ പുണ്യാശ്രമങ്ങളും
നൽത്തപസ്സുള്ള നൽപ്പത്നിമാരുമ-
ല്ലിസ്ഥലത്തു കാണായിവരുന്നമേ!
ശുഷ്കവൃക്ഷങ്ങളേയും ഭയപ്പെട-
ത്തക്ക പക്ഷിമൃഗോല്ക്കരത്തേയുമേ
കാണ്മതുള്ളു ഞാൻ; കഷ്ടമിതെന്തൊട്ടും
കാട്ടതിഘ്നിൽക്കരിഞ്ഞൊരുകാടല്ലോ!
ലക്ഷ്മണ, തുലോം ദുഃഖവിനാശനാ-
(൨)യക്ഷിനീരാണ്ടുകാണ്മു ഭവാനെയും!
കൈവെടിഞ്ഞുകളഞ്ഞുവെന്നോ മഹാ-
ത്മാവു രാഘവൻ ദുഷ്ടയെന്നിയെന്നോ!”
എന്നു(൩)മൈഥിലി ചോദിക്കെ ലക്ഷ്മണ-
നൊന്നുമോതീല, (൪)ബാഷ്പരുദ്ധേക്ഷണൻ,
അക്കൊടുംകാട്ടിലൂടേ നടക്കവേ
ദുഃഖദീനയാൾ ചോദിച്ചു പിന്നെയും;
അപ്പൊഴും നോക്കിനിന്നതല്ലാതവൻ
കെൽപ്പുപോരാഞ്ഞുരച്ചീല യാതൊന്നും.
എന്നതുകണ്ടൊട്ടുക്കം(൫)വിദേഹജ
നന്നനിർബന്ധമോടു ചോദിക്കയാൽ,
വ്യാകുലൻ വിക്കിവിക്കിപ്പറഞ്ഞവൻ
ത്യാഗവൃത്താന്തമങ്ങറിയിച്ചുതേ!

---

൧. ചെന്തളിർപോലെ മൃദുലകോമളമായപാദം. ൨. കണ്ണീർ. ൩. സീത. ൪. കണ്ണീർനിറഞ്ഞ കണ്ണുകാണാതായവൻ. ൫. സീത,

ത്യാഗവൃത്തം ശ്രവിച്ചോരു ജാനകി
തീരെയുൾബോധമില്ലാതെ വീണുപോയ്!
ആശു മൂർഛിച്ചസീതയേ ലക്ഷ്മണൻ
വീശിനാനിളംചെന്തളിർച്ചാർത്തിനാൽ.
തെല്ലിടകൊണ്ടുൾബോധമുദിച്ചള-
വല്ലലിലാണ്ടു രാമനേയോർത്തവൾ
അല്ലൽമൂത്തിടനെഞ്ഞുപൊട്ടുംപടി
ചൊല്ലിനാ:—ളിനിപ്പോയ്യൊൾകലക്ഷ്മണ,
ധർമ്മ(ഫ)മൂർത്തിയാം കീർത്തിമാൻരാമനോ-
(വ)ടമ്മുനിമകൾകൈയോതുകിത്താന്നതാൻ:
'എന്നെ നിർദ്ദോഷയാണെന്നറിഞ്ഞിട്ടും
ധന്യകീർത്തേ, വെടിഞ്ഞുവല്ലോ ഭവാൻ;
ചേരുമോ തവവംശത്തിനിത്തൊഴിൽ?
ഏറിയപഠിപ്പിന്റേറ ഫലമിതോ?
താവകോൽകൃഷ്ടമുണ്ടുനിത്യം പല-
സേവചെയ്യവളാകുമെന്നോബ് ഭവാൻ
കൈവെടിഞ്ഞുകളഞ്ഞുവല്ലോ; മമ
ദൈവദോഷമേ ഹേതുവിതിന്നെല്ലാം!
വീരവീരിൽമുമ്പനാമങ്ങയ്ക്കു
ചേരുമാറാക സർവ്വത്ര കല്യാണം!
അങ്ങയേത്തന്നെയുള്ളിൽസ്മരിച്ചുകൊ-
ണ്ടിങ്ങു കാട്ടിൽപ്പൊറുത്തുകൊള്ളാമിവൾ!
ജന്മംതോറുംഭവാൻതാൻ മമ പതി
കർമ്മഷം തപസ്സ്മൃതിയാലകറവവൻ'
ഭർത്തൃമാതാക്കളോടുമെൻസന്ദേശം
വ്യക്തമായ്ച്ചൊൽകവേണം രാഘവോത്തമ.

ഫ. ധർമ്മത്തിനും കീർത്തിക്കുമായിട്ടാണല്ലോ രാമൻ സീതയേ ത്യജിച്ചതു, വ. വസിഷ്ഠമഹർഷി.

"ത്യക്തയായ് വൃഥാ, ഗർഭിണിയായ ഞാൻ
ഉത്തമാത്മാവു രാമനാൽ വങ്കാട്ടിൽ;
നിങ്ങൾതൻ(ഫ)കഴലോർത്തുവാഴ് വൻ(വ)മൃഗ-
സംഗതമാമരണ്യസ്ഥലത്തിവൾ!'
ലക്ഷ്മണ, ശുഭം രാമനു ത്വദ്ദയീഷ്ഠ-
രക്ഷയോർത്താണയിർവെടിയാത്തു ഞാൻ
രാമസന്നിധൌ പോയ്യെല്ലാൾകിനിത്തവ
ക്ഷേമദങ്ങളായ് ത്തീരട്ടെ മാർഗ്ഗങ്ങൾ!
നേക്കെകംകനിഞ്ഞെന്നേയിടയ്ക്കിട-
യ്ക്കോർക്കണേ! എന്നുമൂർച്ഛിച്ചു പിന്നെയും
വീണ സീതയേ(ന)വസ്ത്രാഞ്ചലത്തിനാൽ
വീശി മെല്ലെന്നുണർത്തി രാമാനുജൻ.
യാത്രയുംപറഞ്ഞാർത്തിമുഴുത്തവൻ
പേർത്തുമശ്രുവുംവാർത്തു മടങ്ങിനാൻ.
പ്രാണസംശയാവസ്ഥയിൽമൂർച്ഛിച്ചാ-
ക്ഷോണിമേൽ വീണുവൈദേഹനന്ദിനി!
അപ്പോഴന്നങ്ങൾ പക്ഷയുഗങ്ങളാൽ
ശുഭ്രനീർകൊണ്ടുവന്നു തളിച്ചുതേ;
പൂമലർമണംപൂണ്ടുകൊ(ര)ണ്ടമ്പാടും
കോമളമായിവീശീ കുളിർതെന്നൽ;
കൊമ്പനാനകൾ വന്നെത്തി ചുററുമേ
തുമ്പിക്കയ്യിൽനിറച്ച തണ്ണീരുമായ്,
ധൂളിപററിയ പൊന്മലർമേനിയേ
ക്ഷാളനം ചെയ്യുവാനെന്നപോലവേ;
എന്തിതെന്നു പകച്ച മിഴിയുമാ-
യന്തികേവന്നുനിന്നു മൃഗവ്രജം;

ഫ. കാല്. വ. മൃഗങ്ങൾ ചേർന്ന ന. വസ്ത്രത്തിന്റെ അററം, ര. എല്ലാഭാഗത്തും.

സദ്യഃപുഷ്പിച്ചുനില്പായി വൃക്ഷങ്ങൾ
(ഫ)മാധവമാസമോട്ടുക്രടാതെതാൻ!

ആ മഹാസാധ്വിയപ്പോളുണർവാന്ന
രാമരാമേതി പേർത്തും വിലപിച്ചാൾ.
'ഹാ മമ നാഥ, ദീനൈകബാന്ധവ,
രാമഭദ്ര, കരുണാസമുദ്രമേ!

എന്തിനാണൊരുതെററുമില്ലാതെന്നേ
സന്ത്യജിച്ചതു കാനനത്തിൽബ് ഭവാൻ?'
മുററുമേവം വിലപിച്ചിടയ്ക്കിടേ-
ച്ചുററുമേ നോക്കി മങ്ങിമയങ്ങിനാൾ!

---

## 4. വാരാണസി (കാശി)

[ബ്രഹ്മഹത്യാബാധ വേർപെടുന്നതിനുള്ളവഴി പറഞ്ഞുകൊടുക്കുവാൻ അപേക്ഷിച്ച ശിവനോടു, ഭഗവാൻ ശ്രീനാരായണൻ, കാശിയിൽപോയി തീർത്ഥസ്നാനം കഴിച്ചാൽമതി എന്നുപദേശിക്കുന്ന ഘട്ടത്തിലുള്ളതാണ് ഈ കാശീവർണ്ണനം]

(ചെറുശ്ശേരി)

(ഫ)കാമിനീകാഞ്ചിനിനാദമായ് ച്ചേർന്നങ്ങു
ഭൂമിസുരേന്ദ്രന്മാരോത്തോത്തും ശബ്ദം,

---

ഫ. വസന്താം വരാതെതന്നേ വൃക്ഷങ്ങൾ പുഷ്പിച്ചതു് സീതയുടെ ഉപചാരത്തിനാകുന്നു.

4. ഫ. സ്ത്രീകളുടെ പൊന്നരഞ്ഞാണിൻെറ കിലുക്കം.

കോമളമായ്ക്കൂട്ട മേന്മേൽ ഗുരുക്കന്മാർ
തൂമന്ദഹാസത്തേത്തൂകിടുന്നു.

വമ്പാതതോറും (ഫ)നല്ലാർകൾ നടന്നുള്ള
ചെമ്പഞ്ഞിച്ചാറണിക്കാലടികൾ
കണ്ടങ്ങു ചന്ദ്രൻനടന്നിതോ തൂനിലാ-
ത്തണ്ടലർപ്പൊയ്കയെന്നാന്ധാളിപ്പൂ!

രാവിങ്കൽച്ചന്ദ്രനേയങ്ങു നിരോധിപ്പൂ
(വ)ദേവതാഗാരങ്ങളുന്നതങ്ങൾ,
ചാലേ മരുത്തേററനൽക്കൊടിക്കൂറക-
ളാലേ പകൽനേരം(ന)സൂര്യനേയും.

ചന്ദ്രകാന്തോപലഭിത്തിമേൽബിംബിച്ച
സുന്ദരീവെണ്മുഖപങ്കജങ്ങൾ
കണ്ടങ്ങുതെററിദ്ധരിച്ചു, കൊതിപൂണ്ട
വണ്ടുകൾ തേടുന്നീലന്യപുഷ്പം!

.........................................

ചെന്നുകേറീട്ടുമാറില്ലങ്ങു കാററുപോ-
ലന്യഗൃഹങ്ങളിൽയാതൊരാളും

.........................................

(ര)ദോഷാനുരക്തിയില്ലൂമന്മാക്കെന്നിയേ
ശേഷമുള്ളോരിലങ്ങാർക്കുമെന്നും.
താരാനിരയ്ക്കേ(ദ)കുലീനത്വമില്ലായ്മ;

---

ഫ. സ്ത്രീകൾ. വ. ദേവാലയങ്ങൾ ന. സൂര്യനേയും നിരോധിക്കുന്നു എന്നഭിപ്രായം. ര. ഉമന്മാരുടെ പക്ഷത്തിൽ, ദോഷ(രാത്രി)യിലുള്ള അനുരക്തി (ആഗ്രഹം) എന്നും, ജനപക്ഷത്തിൽ, ദോഷങ്ങളിലുള്ള ചേർച്ച എന്നും അർത്ഥം. ദ. നക്ഷത്രപക്ഷത്തിൽ, കു (ഭൂമി) മിങ്കൽ ഉള്ള ലീനത്വം (ചേർച്ച) എന്നും ജനപക്ഷത്തിൽ തറവാടിത്തമെന്നും അർത്ഥം.

(ഛ)ധാരാധരങ്ങൾക്കു വൃത്തഭ്രംശം!

[ഈ വൎണ്ണനത്തിൽ, ഉൽപ്രേക്ഷ, ഭ്രാന്തിമാൻ, അതിശയോക്തി, ശ്ലേഷം, പരിവൃത്തി എന്നീ അലങ്കാരങ്ങൾ യഥാസ്ഥാനം സ്ഥിതിചെയ്യുന്നതു കണ്ടുകൊൾക. പുരാണകവികളുടേ കല്പനാശക്തിക്കും, ഉല്ലേഖനനൈപുണ്യത്തിനും അനന്തരന്മാരായ കാവ്യകൎത്താക്കന്മാർ എത്രത്തോളം കടപ്പെട്ടിരിക്കുന്നു എന്നു ഈ നഗരവൎണ്ണനയിൽനിന്നു കാണാം.]

---

## 5 വൎഷകാലം.

---

[മഴക്കാലം വന്നതുകണ്ടിട്ടു് പാൎവ്വതി പരമേശ്വരനോടു പറയുന്നതാണിതു്.]

(കിളിപ്പാട്ടു്)

കാററടിക്കുന്നു ഘോരം നെഞ്ചു വിണ്ടുപോംവണ്ണം;
ഏററവും ഗൎജ്ജിക്കുന്നു മേഘങ്ങൾ, മഹേശ്വര!
കാർകൊണ്ടൽനിരകളിൽത്തു മിന്നൽ പ്രാഞ്ചീടുന്നു;

---

ഛ. മേഘപക്ഷത്തിൽ വൃത്ത (സഞ്ചാരമാൎഗ്ഗ)ത്തിൽനിന്നുള്ള ഭ്രംശം (തെററൽ) വീഴ്ച എന്നും, ജനപക്ഷത്തിൽ, സന്മാൎഗ്ഗത്തിൽ നിന്നുള്ള തെററൽ എന്നും അൎത്ഥം.

(൧)കേകകൾമുതിർക്കുന്നു കേളിയാൽമയൂരങ്ങൾ.
ഘനമാരി ചൊരിയുന്നു വാനിൽനിന്നം(൨)ഭോധര-
സ്തോമത്തോടണയുന്നു വെള്ളിലുംബകങ്ങളും.
(൩)അക്ഷതഘനനാരവംകേട്ടിട്ടു(൪)മരാളങ്ങ-
ളക്ഷണം(൫)സരസ്സുകൾ വെടിഞ്ഞുപോയിടുന്നു,
ഉദ്ധതനീചന്മാരാമാശ്രയഭൂതന്മാരെ
സപത്തേററമുണ്ടെന്നാലും സത്തുക്കൾ വിടുംപോലേ.

.......................................................................

തത്തുന്ന പിണർമിന്നൽ ചാരുകാർമേഘങ്ങളിൽ,
(൬)വദ്ധ്ന മലിനന്നു കണ്ടിട്ടെന്നതുപോലേ.
ചെമ്മേ തോണിയിലേറിസ്സഞ്ചരിക്കുന്നു ശ്ശൂരർ;
(൭)നിമ്നഗാനിരയ്ക്കുക്ക ചിക്കെന്നു വളരുന്നു?
ഹേ!ചിത്രമെന്തിങ്ങി(൮)ന്ദുശേഖര,ചേരില്ലയോ
(൯)നീചാനുയാനംചെയ്യും സ്ത്രീകൾ നിസ്തേജങ്കൽ?
ദ്യോവിങ്കൽക്കരിങ്കാറും,സർജ്ജങ്ങൾതന്മേൽപൂവും,
കുവളങ്ങളിൽക്കായും,കടമ്പുകളിൽമൊട്ടും,
വമ്പൊയ്കതോറും പത്മപത്രവും,പുഴകളി-
ലംഭസ്സുംനിറഞ്ഞിതാ,ദുസ്സഹംമഴക്കാലം!

---

൧. മയിലിന്റെ ശബ്ദങ്ങൾ. ൨, മേഘനിര, ൩, വമിച്ച ഇടിനാദം. ൪. അരയന്നങ്ങൾ. ൫, സരസ്സുകളെ നീചാശ്രയങ്ങളായും, ഹംസങ്ങളെ സജ്ജനങ്ങളായും, സങ്കല്പിച്ചിരിക്കുന്നു. ഉപമ. ൬. ഹേതൂൽപ്രേക്ഷ. ൭. നിമ്നഗ താഴ്ന്നസ്ഥലങ്ങളിൽ ഗമിക്കുന്നതു്) കൾ = നദികൾ. ൮. ശിവ. ൯. നീചന്മാരെ യനുഗമിക്കുക എന്നും നീചൈസ്സാ (താഴ്ന്ന) യിഗമിക്കുക എന്നും അർത്ഥം.

[പ്രകൃതിവർണ്ണനപരമായ ഈ കവിതയിൽ സ്ഥാനോചിതമായി ഘടിപ്പിച്ചിട്ടുള്ള ലോകതത്വസംബന്ധികളായ ഉപമാദ്യലങ്കാരങ്ങൾ ഉലോം ചമൽക്കാരമുള്ളവയായിരിക്കുന്നു]

# 6 ക്ഷത്രതേജസ്സിന്റെനർത്തനം.

[വാത്മീകിമഹർഷിയുടെ തപോവനത്തിന്നരികിൽക്കൂടെ കടന്നുപോയ ശത്രുഘ്നരക്ഷിതമായ ശ്രീരാമന്റെ യാഗക്കുതിരയെ, ആശ്രമത്തിൽ വസിക്കുന്ന സീതയുടെപുത്രന്മാരായ കുശലവന്മാരിൽ ലവൻ, പരതേജോൽക്കർഷം സഹിക്കാതെ പിടിച്ചുകെട്ടിയതിനാൽ ശത്രുഘ്നൻ അശ്വരക്ഷകസൈന്യത്തോടുകൂടി എതിരിട്ട് യുദ്ധത്തിൽ ലവനേ തോല്പിച്ചു ബന്ധനസ്ഥനാക്കിയപ്പോൾ ആ വിവരം കേട്ടു ദുഃഖിതയായിത്തീൎന്ന സീതയേ കുമാരനായ കുശൻ സമാശ്വസിപ്പിച്ചുംകൊണ്ടു പറയുന്നതാണിതു്]

അമ്മേ, മനസ്സിലഴലെന്തിനു? പെററപുത്രൻ
ഞാനിങ്ങിരിക്കെ മിഴിനീർ ഭുവി വീഴ്കയോ തേ!
എൻതമ്പി, വൈരിമഥനൻ, ലവനെന്തു ദൃപ്ത-
ദുഃക്ഷത്രിയന്റെ കരബന്ധനമേൽക്കയെന്നോ?

അമ്മേ, ലവൻ വിട്ടുതലാൎന്നുകഴിഞ്ഞു! കൊൽവ-
നമ്മന്നനേപ്പടയൊടൊത്തു ശരങ്ങളാൽ ഞാൻ;
ആയാളമർത്ത്യ, നഥവാ, പുരവൈരിതന്നെ-
യാകട്ടെ; ഞാനടരിലുണ്ണിയെ വീണ്ടെടുക്കും.

എന്നമ്മകേഴരുതു, വീരനു പോരിൽ വീഴ്ച
കീൎത്തിക്കുതാൻ; തിരികെയോടുകിലാണകീൎത്തി!
തന്നാലുമമ്മ, മികവേറിയ, നല്ലചട്ട,
ഞാണേററവില്ലു, മതിതീക്ഷ്ണകൃപാണവും മേ.

പോകുന്നുഞാൻ; പെരിയ സേനയെവീഴ്ത്തുവൻഞാൻ;
ബന്ധനസ്ഥനാം തവസുതൻ വരുമിപ്പോളാര്യേ!
വൻപോരിൽനിന്നു തവപുത്രനെ വീണ്ടിടായ്കി-
ലെൻപേരിൽവേണ്ട തവ തൃക്കഴലിൻപ്രസാദം,

---

## 7. ഒരു യുദ്ധം.

---

[ഹിരണ്യാക്ഷപുത്രനായ അന്ധകാസുരൻ പരമശിവപ്രസാദത്താൽ മഹാ വിക്രമിയും ബലശാലിയുമായിത്തീൎന്നതിന്നുശേഷം, അമരന്മാരായ ദേവകളേ ജയിക്കുന്നതിന്നു വേണ്ടി അസുരപ്പടയോടുകൂടി സ്വൎഗ്ഗത്തിൽചെന്നു് ദേവന്മാരെ പോരിന്നു വിളിച്ചു. സന്നദ്ധനായ ദേവേന്ദ്രൻ സകല ദേവഗണങ്ങളോടുംകൂടി അസുരപ്പെരുമാളായ അന്ധകനോടു് യുദ്ധത്തിന്നു പുറപ്പെട്ടു. ആ യുദ്ധത്തെ വൎണ്ണിക്കുന്ന ഭാഗമാണു് താഴെ ഉദ്ധരിക്കുന്നതു്.]

(വഞ്ചിപ്പാട്ടു്)

സഞ്ജാതമായുടനൊരു(ഫ)സങ്കുലപ്പോരതിഘോരം;
മഞ്ഞനിറപ്പൊടികൊണ്ടു മറഞ്ഞുവിശ്വം.
അച്ഛൻമകനേയും മകനച്ഛനേയുമറിയാതായ്;
തച്ചുചിലർ,തങ്കൂട്ടരേത്തന്നെഹിംസിച്ചു,
ക്രോധംപൂണ്ടു,തേർതേരോടും, ഹസ്തിഹസ്തിയോടും,സാദി

---

ഫ. സങ്കുല (ശത്രുക്കൾ ഇരുഭാഗക്കാരും അന്യോന്യം ആക്രമിച്ചു് ഇടകലൎന്നു നടത്തുന്ന)മായ പോരു് (യുദ്ധം)

സാദിയോടും, കാലാൾ കാലാളോടുംപാഞ്ഞെതിരറു;
പരസ്പരം ജയേച്ഛയാ പരിക്ഷേപ്പിക്കയുംചെയ്താർ.
പരംതുമുലമാം ദേവാസുരപ്പോരതിൽ,
പൊടിതീരേയമന്നുപോം പടിയൊരു ചോരപ്പുഴ
കൊടുതായബ്ഭടേത്തിക്കിലടിച്ചൊഴുകി.
(൧)കുംഭികുംഭവൻകൂർമ്മവും, തീക്ഷ്ണ(൨)കുന്തമകരവു,-
മന്പാംമീനം, (൩)തേച്ചുഴിപ്പും. (൪)വാൾനക്രവുമായ്,
കുടർച്ചണ്ടിചിതറിയും, കൊടിത്തുകിൽ നുരചേന്നും,
കുറുനരി(൫)യാദസ്സുകൾ ക്രുത്തുമറിഞ്ഞും,
കങ്കഗൃധ്രശ്യേനങ്ങളാം (൬)കളഹംസരഥാംഗങ്ങൾ,
വൻകാക(൭)കാദംബങ്ങളെന്നിവയണിഞ്ഞും,
പിശാചുക്കളെന്നപേരാമൃഷികൾ വന്നിടചേന്നും,
അശക്തക്കു കടക്കുവാനാവതല്ലാതേ
ദുരന്തമായുള്ളിടക്ക(൮)മപ്പുഴതന്നിലിറങ്ങിനാർ,
പെരിയ ശൂരന്മാർ തേരാം ചങ്ങാടംകേറി;
ഞെരിയാണിയോളമാണ്ടും പരസ്പരംമഥിച്ചും സ-
തതംകടക്കയായ് ഭടർ(൯)ജയധനാർത്ഥം.
ദാരുണമായ് ദേവാസുരമാരണമായ് മഹത്തായി,-
ബ്ഭീരുക്കൾക്കു ഭയങ്കരമാകുമപ്പോരിൽ,
യക്ഷരക്ഷഃപിശാചുക്കൾഹൃഷ്ടരായിക്കളിയാടി,
കുക്ഷിനിറവോളം ഭടരക്തം കുടിച്ചു,

---

൧. ആനത്തലയാകുന്ന വമ്പിച്ച ആമ. ൨. കുന്തമാകുന്ന മകരമത്സ്യം. ൩. തേരാകുന്ന ചുഴി. ൪. വാളാകുന്ന മുതല. ൫. ജലജന്തുക്കൾ. ൬. അരയന്നങ്ങളും ചക്രവാകങ്ങളും. ൭. ഒരുവക ഹംസങ്ങൾ. ൮. ആ രക്തമാകുന്ന പുഴ. ൯. ജയമാകുന്ന ധനത്തിനുവേണ്ടി. പരമ്പരിതരൂപകം അലങ്കാരം.

കെട്ടിപ്പിടിച്ചിറച്ചിയുംതിന്നു(൧൦)വസ തേച്ചുരുള്ളി;
സ്പഷ്ടംഗർജ്ജിക്കയായ് തമ്മിൽപ്പറവകളും!

—:O:—

## 8. ശരൽക്കാലം.

(കിളിപ്പാട്ട്)

വൻകരിമുകിലുകൾ വാനിനേ വിടുകയായ്,
(൧)കങ്കങ്ങൾ മരത്തേയും, നദികൾ തടത്തേയും, [യും
(൨)നീരിൽത്താർ മണത്തേയും, പക്ഷികൾ(൩)നീഡത്തേ
വാരി കാലുഷ്യത്തേയും, (൪)രുരുക്കൾ ശൃംഗത്തേയും.
അല്ലിത്താർ വിരിയുന്നു; തിങ്കളിൻ കതിരുകൾ
ഉല്ലസിയ്ക്കുന്നു തുലോം; വല്ലികൾ പുഷ്പിക്കുന്നു;
ഉഴുതും(൫)ഗോവൃന്ദവുമുന്മേഷമടയുന്നു;
മുഴക്കേറ്റപ്പരിതോഷം സത്തുക്കൾക്കുളിക്കുന്നു.
സരസ്സിൽപ്പദ്മങ്ങളും, വാനിൽ നക്ഷത്രങ്ങളും,
സലിലാശയങ്ങളിൽ ജലവും തെളിയുന്നു.
(൬)സന്മനസ്സിനേപ്പോലെ, (൭)ദിങ്മുഖങ്ങളോടൊപ്പം
വെണ്മതേടുന്നു കുളിരമ്പിളിപ്രഭാപൂരം.

---

൧൦. വപ.

൧. കങ്കപക്ഷികൾ. ൨. താമരപ്പൂവ്. ൩. കൂട്. ൪. കൃഷ്ണമൃഗങ്ങൾ. ശരൽക്കാലത്തു കൃഷ്ണമൃഗങ്ങളുടെ കൊമ്പുകൾ കൊഴിഞ്ഞുപോകുന്നുവെന്നുപ്രസിദ്ധം ൫. കാളകളുടെ കൂട്ടം. ൬. ഉപമാലങ്കാരം. ൭. സഹോക്തി. "ഒന്നോടുകൂടി മറ്റൊന്നു ക്രിയചെയ്താൽ സഹോക്തിയാം" എന്നു സഹോക്തിലക്ഷണം. കൃത്രിമകല്പനാസന്താനങ്ങളായ ഉല്ലേഖങ്ങളില്ലെങ്കിലും, പ്രകൃതിസൌന്ദര്യത്തെ ഉചിതാലങ്കാരങ്ങൾകൊണ്ടു മിഴിവുവരുത്തി പ്രകാശിപ്പിക്കുന്ന ഈ കവിത പ്രകൃതി നിരീക്ഷണ രസികന്മാർക്ക് രസിക്കാതെ വരികയില്ല.

# ൭. ധർമ്മാധർമ്മഫലങ്ങൾ.

[ഭക്താഗ്രഗണ്യനായ പ്രഹ്ലാദൻ ഹിരണ്യാക്ഷപുത്രനായ അന്ധകാസുരന്നു കൊടുത്ത ഉപദേശത്തിൽപ്പെട്ടതാണ് താഴെ ഉദ്ധരിക്കുന്ന വരികൾ]

(കിളിപ്പാട്ട്)

(ക)മാനവുമരിശവുംവിട്ടവൻ ധർമ്മാസക്ത-
മാനസൻ, കൃതവിദ്യ,നന്യരേ ദ്രോഹിക്കാത്തോൻ,
പരസ്ത്രീരതിയെന്യേ നിജസ്ത്രീരതനേവൻ,
പരമാപ്പുരുഷന്നു പാരിലില്ലൊരു ഭയം.
ത്യക്തധർമ്മനായ്, സദാ കലഹപ്രിയനായി,
വിദ്യയേ നേടാത്തോനാ,യന്യരേ ദ്രോഹിപ്പോനായ്,
പരസ്ത്രീവിത്തേച്ഛുവായ്(ഖ)വിഗീതവൃത്താന്തനാം
നരനില്ലിഹത്തിലും പരലോകത്തും സുഖം.
ധർമ്മത്തേ ത്യജിക്കൊല്ലാ; ധർമ്മമേ പരഗതി;
ധർമ്മഹീനന്മാർ വീഴും രൌരവനരകത്തിൽ.
ധർമ്മമേ മേല്പോട്ടേറുന്നൊന്നിഹപരങ്ങളി-
ലമ്മട്ടിലധർമ്മംതാൻ കീഴ്പോട്ടുവീഴിക്കുന്നു.
എപ്പോഴും പരസ്ത്രീയെത്തൊടൊലാ ധർമ്മസ്ഥിത,-
നപ്പാപം നര(ഗ)ക്കേകവിംശതിനരകദം.
എവർക്കുമിതേ ധർമ്മം; (ഘ)പരസ്വകളത്രേച്ഛു-
വേറിയ കാലം മേവും രൌരവനരകത്തിൽ.

---

ക. അഹങ്കാരം. ഖ. നിന്ദിതമായ ചരിതത്തോടുകൂടിയവൻ. ഗ. 21 നരകങ്ങളിൽ പതിപ്പിക്കുന്നതു്. ഘ. അന്യന്റെ സ്വത്തിലും ഭാര്യയിലും ആഗ്രഹം ചെയ്യുന്നവൻ.

പ്രാണസന്ത്യാഗം കൊള്ളാം, പാടില്ല പരഹിംസ;
മൌനമേല്പതേ ഗുണം, (ന)ഭോഷ്കു ചൊൽവതിനേക്കാൾ;
(ര)ഷണ്ഡനാകതാൻ ഭേദം, പരസ്ത്രീരതിയല്ല;
നന്നു പിച്ചയുംകൊണ്ടല്ലെങ്കിൽ(ദ)ന്യസ്വപഹൃതി വയ്യാ.

---

## 10. ത്രികൂടപർവതം

(ശീതങ്കൻ തുള്ളൽ)

(ഫ)ഭൂമീധരേന്ദ്രനായ് ഭാസ്കരകാന്തിയാം
മാമേരുതന്നുടെയാരോമലുണ്ണിയായ്,
ആ മഹാംഭോധിയേ ഭേദിച്ചുയർന്നതായ്,
ശ്രീമാൻ ത്രികൂടമെന്നുണ്ടൊരു പർവ്വതം.
പാലാഴി(വ)വീചികൾ നന്നായുഴക്കുന്ന
പാറപ്പുറങ്ങളും, സർവ്വരത്നങ്ങളും,
നീരൊഴുക്കങ്ങളും ചേരുമിതിങ്കലു-
ണ്ടാരമിക്കുന്നു (മ)ഗീർവ്വാണഗന്ധർവ്വരും,
ചാരണകിന്നരഗുഹ്യകയക്ഷരും,
ചാരുസർവ്വാംഗിമാരപ്സരഃസ്ത്രീകളും,
ഓടിനടക്കുന്ന ചെന്നായ്ക്കൾ, മാൻ, മരം-
ചാടി, സിംഹം, പുലി, മത്തഗജങ്ങളും;
പാതിരി, കുവളം, ചമ്പകം, (ര)കൊങ്ങകൾ,
(ദ)താലം, (ന)തമാലം, മരുതു, ചരളങ്ങൾ,

---

ന. കളവു. ര. നപുംസകം ദ. അന്യന്റെ സ്വത്തപഹരിക്കുക.

10. ഫ. പർവ്വതരാജാവ്. വ. തിരമാലകൾ. മ. ദേവകൾ. ര. കൊന്നമരങ്ങൾ, ദ. കരിമ്പന ന. പച്ചിലമരം.

(൨)മാലയംമുമ്പായ നാനാമരങ്ങളും
ആകെ നിറഞ്ഞു വിളങ്ങുന്നിതഗ്ഗിരി.
(൩)കേകി, (൪)ചകോര, (൫)ദാത്യൂഹനിനാദിതം,
(൬)ചിത്രധാതുപങ്കിതശൃംഗത്രയത്താലും
(൭)മദ്ധ്രീപ്രവിസ്തീർണ്ണസാനുക്കളാലുമേ
ഒന്നതിൽപ്പൊന്മുടി സൂര്യനിരിപ്പിടം-
മുന്നമുന്നാനാസുഗന്ധമത്യുത്തമം;
വെള്ളിമയമായ രണ്ടാംകൊടുമുടി
വെൺമുകിൽപോലുള്ള തിങ്കൾവിൻ പാർപ്പിടം;
വൈഡൂര്യവജ്രേന്ദ്രനീലരത്നാഭയേ-
പ്പാടേ വിതറുന്ന മൂന്നാംശിഖരമോ
(൮)ബ്രഹ്മനികേതമാ,ണെല്ലാററിലും വച്ചു
മെന്മയേറീടുമതിനേയൊരിക്കലും,
കാണുകയില്ല കൃതഘ്നൻ, ദുരാശയൻ,
(൯)കൌണപൻ, പാപി, തപോഹീനനെന്നിവർ.
പൊന്താമരപ്പൊയ്കയൊന്നാഗ്ഗിരിയിലു-
(൰)ണ്ടന്തരാ(൰൧)ഹംസകാരണ്ഡവാദ്ര്യഞ്ചിതം
(൰൨)ഗാരുത്മതാഭദളങ്ങളും(൰൩)പൊന്നണി-
ത്താരുമിണങ്ങിയ പൊന്താമരകളാൽ

---

൨. ചന്ദനം. ൩. ചക്രവാകം. ൪. ചെമ്പോത്ത്. ൫. നത്ത്. ൬. പലനിറത്തിലും തരത്തിലുമുള്ള ധാതുദ്രവ്യങ്ങൾ (കാവിമണ്ണു, മനയോല മുതലായവ) അടങ്ങിയ മൂന്നുകൊടുമുടികൾ. ൭. ശോഭിക്കുന്നവയും വിസ്താരമുള്ളവയുമായ താഴ്വാരങ്ങൾ. ൮. ബ്രഹ്മാവിന്റെ ഭവനം ൯ രാക്ഷസൻ ൰ ഇടയ്ക്കു=മദ്ധ്യത്തിൽ ൰൧ അരയന്നങ്ങൾ കുളക്കോഴികൾ മുതലായവയോടുകൂടിയതു ൰൨ മരതകമണിയുടെ ശോഭയുള്ള ഇതളുകൾ. ൰൩ പൊൻനിറത്തിലുള്ള പൂക്കൾ.

പാരം വിളങ്ങി സരസ്സതിന്ദീവര-
(ഭ)കൈരവകൽഹാര(ന്ന)പുണ്ഡരീകാവൃതം.

---

## 11. ഒരു മഹാസംയമി.

---

[അച്ഛോദസരസ്സിൽ സ്നാനത്തിനു ചെന്ന വേദനിധി മഹർഷിയുടെ പുത്രനായ താപസയുവാവിൻെറ സൌന്ദൎയ്യം കണ്ടു മയങ്ങിയ ഗന്ധർവ്വകന്യകമാർ അദ്ദേഹത്തെ ശൃംഗാരവിലാസങ്ങൾകൊണ്ടു മയക്കുവാൻ നോക്കിയപ്പോൾ മഹാ സംയമിയും ധീരചിത്തനുമായ ആ താപസബ്രഹ്മചാരി സ്വയം പറയുന്നതാണിതു്.]

(കിളിപ്പാട്ട്)

ബ്രഹ്മവിഷ്ണ്വീശാദ്യരും പണ്ടു യോഗികൾ, സിദ്ധ-
ബ്രഹ്മർഷിമാരും പെണ്ണിൻപകിട്ടിൽ മയങ്ങിപ്പോയ്!
ആരുടെ(ഫ)മനോമൃഗം വീഴില്ലാ, (വ)സ്മരവില്ലൻ
നാരിതൻ(ന)ചില്ലീവിൽചേർത്തസ്ത്ര(ര)കൺമുനയമ്പാൽ?
നീതിചിന്തയും, മനഃസ്ഥൈൎയ്യവും, മാലോകരിൽ
ഭീതിയും, തറവാട്ടിൻമതിപ്പും, (ഭ)തപസ്യയും,
(ന്ന)ചേർച്ചയും നരന്മാൎക്കു് (ൗ)കാമിനീമിഴിക്കോണാ-

---

(ഭ) ആമ്പൽപ്പൂവു്. (ന്ന) വെള്ളത്താമരപ്പൂവു് ഈപദ്യത്തവർണ്ണനം, പ്രകൃതിയുടെ അകൃത്രിമമായ രാമണീയകത്തെ ചിത്രീകരിച്ചു കാണിക്കുന്നുണ്ടു.

11 (ഫ) മനസ്സാകുന്നമൃഗം (വ) കാമദേവനാകുന്ന വില്ലാളി (ന) പുരികക്കൊടിയാകുന്ന വില്ലു് (ര) കടാക്ഷമാകുന്ന ശരം, അലങ്കാര, രൂപകം. (ഭ) തപസ്സ് (ന്ന) അനുരൂപത (ൗ) സ്ത്രീകളുടെ കടാക്ഷമാകുന്ന.

(ര)മാശ്ചര്യമദിരയാൽ മയങ്ങും നേരത്തോളം!
മയക്കും, മനോബോധംകെടുത്തും(ഭ)മടവാർക-
(ന്ന)ളയത്നസിദ്ധങ്ങളാം മഞ്ജുലീലകളാലേ;
മയക്കി മനസ്സാരം ഹരിച്ചീടുകയാണീ-
മധുവാണികൾ ധർമ്മരക്ഷണോൽക്കരൊരെന്നോ.
(൧)മാംസാസൃങ്മലമൂത്രമലിനസ്ത്രീദേഹത്തിൽ
മാധുര്യമാരോപിച്ചു ചേരുന്നു മൂഢൻകാമി;
സാരദൃഷ്ടികളായ സജ്ജനങ്ങളോ സ്ത്രീകൾ
(വ)ദാരുണമാരെന്നത്രേ നിശ്ശങ്കം കഥിക്കുന്നു.

## 12 കൈലാസവർണ്ണനം.

(ശീതങ്കൻതുള്ളൽ)

ഫോലാന്ന് ചന്ദ്രനെപ്പോലെ വെളുത്തതായ്
കൈലാസമെന്നൊരു മാമലയുണ്ടഹോ,
(ഫ)ധാതുവിചിത്രിതം, നാനാദ്രുമാവൃതം
പൂതഗംഗാജലക്ഷാളിതം നീളവേ;
നാനാനദീസഹസ്രങ്ങളുണ്ടഗ്ഗിരി-
സ്ഥാനാലൊഴുകുന്നു ഭവ്യപ്രദായികൾ.
വൻതടാകവ്രജം, സാരസഹംസങ്ങൾ

ര അത്ഭുതകരമായ മദ്യം ഭ സ്ത്രീകൾ ന്ന സ്വാതന്ത്ര്യസിദ്ധങ്ങൾ ൧ മാംസം, രക്തം, മലം, മൂത്രം, എന്നിവയാൽ മലിനമായിട്ടുള്ള സ്ത്രീദേഹം. വ ഭയങ്കരികൾ.

12 ഫ മനയോലമുതലായ ധാതുദ്രവ്യങ്ങളാൽ നാനാവർണ്ണം പൂണ്ടു ശോഭിക്കുന്നതു.

സന്തതംമേവുന്ന പുണ്യസരസ്സുകൾ,
പച്ചപ്പൂമരക്കാടുകൾ, എന്നിവ
മെച്ചത്തിലങ്ങു വിളങ്ങുന്ന ചുററുമേ.
ദേവസിദ്ധാപ്സരോഗന്ധർവ്വചാരണ-
സേവിതം, കിന്നരന്മാരാൽ സമാവൃതം,
ദിവ്യവൃക്ഷങ്ങളും, ദിവ്യഭോഗങ്ങളും,
ദിവ്യഗന്ധങ്ങളും, ചേരുമപ്പർവ്വതം
വെള്ളപ്പളുങ്കുകല്ലെങ്ങുമൊത്തക്കൊന്നൊ-
ത്തുള്ള തേജസ്സു പൊഴിക്കുന്ന ചുററുമേ.
കായാവിലഞ്ഞിയും മററു പല തര-
മായ വൃക്ഷങ്ങളും പൂത്തങ്ങു നില്പുതേ.
കൂകുന്നു ദിവ്യ(ഫ)വിഹംഗങ്ങൾ ഭംഗിയിൽ;
(വ)കോകിലഗീതവും പൊങ്ങുന്ന ക്ഷേമമെങ്ങും.
അത്ര കാണാം മഹാദേവന്റെ മന്ദിര-
മെത്രയോ ലക്ഷം (ന)ഗണങ്ങളാലാവൃതം.
വിണ്ണിനേക്കാളും മനോഹരം പാവനം
പുണ്യദമുന്നതക്കന്മേതിൽ ചുററുമായ്.
ദിഗ്ഗജ(ര)ബൃംഹിതമങ്ങു മുഴങ്ങുന്ന
തൽഗുഹ തോറും (ഭ)മയൂരസ്വനങ്ങളും.
(ന്ന)കോലാദി നാനാമൃഗങ്ങൾ കപികളും
ലീലയാടുന്ന കിരാതപുളിന്ദരും.
നാനാതരം നീരുറവും, ചെടികളും
സാനുക്കൾ നിമ്നോന്നതങ്ങൾ ശൃംഗങ്ങളും
(൧)ഭവ്യവിനോദങ്ങൾ, നാനാ സുമങ്ങളും

---

ഫ പക്ഷികൾ വ കുയിൽനാദം ന ഭൂതങ്ങൾ ര ദിഗ്ഗജങ്ങളുടെ ഗർജ്ജിതം ഭ മയിലുകളുടെ ശബ്ദങ്ങൾ ന്ന പന്നിമുതലായ ൧ ശോഭനങ്ങളായ വിനോദങ്ങൾ.

ദിവ്യഗുണങ്ങളും (ഫ)ദിവ്യധാമങ്ങളും,
ഏവം ലസിക്കുന്ന സല്ലോകസേവിത-
മാം വെൺ(വ)മഹാഗിരി പുണ്യപുഞ്ജോപമം.

---

## 13. ഒരു ദിവ്യസുന്ദരി

---

[കല്പവൃക്ഷത്തിന്റെ പ്രഭാവം പരീക്ഷിക്കുന്നതിനായി പാർവ്വതീദേവി, സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീയെ കല്പവൃക്ഷത്തോടാവശ്യപ്പെട്ടപ്പോൾ അതിൽനിന്നു അത്ഭുതരൂപിണിയായ ഒരുദിവ്യസുന്ദരി പെട്ടെന്നുളവായിവന്നു. ആ സുന്ദരിയുടെ സൌന്ദര്യവർണ്ണനമാണ് താഴെ പകർത്തുന്നതു്.]

(ചെറുശ്ശേരി)

തങ്കത്താൽ തീർത്തൊരു ബിംബമായ് തോന്നുമ-
പ്പങ്കജലോചനയാളെക്കണ്ടാൽ.

പട്ടുപോലുള്ള ചുരുണ്ട കരിങ്കുഴൽ
സുഷ്ഠുവായ് തുമ്പത്തു കെട്ടിയതിൽ,

തൂമണം വീശുന്ന പൂക്കൾ തിരുകിവെ-
ച്ചോമനപ്പൊങ്കൊടി ലാലസിച്ചു.

---

ഫ ദിവ്യഗ്രഹങ്ങൾ വ. വെള്ളിമാമല.

ആ (ഫ) മുഗ്ദ്ധസീമന്തവീഥിയിൽ നല്ലോരു
തൂമുത്തുമാലയണിഞ്ഞിരുന്നു.

സീമന്തവീഥിക്കു താഴെയായ് ശുക്രന്നു
തോല്മയണച്ചോരു പൊട്ടു മിന്നീ.

വെൺനിലാവോലും കുളിർമുഴുത്തിങ്കൾതാൻ
സുന്ദരീതൻമുഖം വിശദരമ്യം;

എന്നാൽ (വ) കളങ്കക്ഷയാദിദോഷങ്ങളി-
ലൊന്നുമാവക്ത്രത്തിനില്ലതാനും!

(ബ) തണ്ടലരെന്നോമസ്സുഗന്ധാനനം
കണ്ടു നാണിച്ചത്രേ നീരിൽ വാഴ്‌വു(ഭ)

ആ മുഖത്തിങ്കലേ മാരുതൻ പാരിങ്കു
താമരത്താർമണം വ്യാപിപ്പിച്ചു!

പുഞ്ചിരിക്കൊള്ളുമ്പോൾ മുത്തെതിർദന്തശ്രീ
(ഠ)ചെഞ്ചൊടിത്താരിങ്കൽ മിന്നിക്കാണായ്.

കണ്ണിന്നാനന്ദദം കന്യതൻ നാസിക;
കണ്ണുകൾ രത്നവിഭൂഷിതങ്ങൾ;

സ്വർണ്ണത്തിൻവർണ്ണത്തിൽ മിന്നിത്തിളങ്ങുന്നു
പുണ്ഡരീകാക്ഷിതൻ (ന്ന)ഗണ്ഡയുഗ്മം;

---

ഫ മനോഹരമായ സീമന്ത(നെറുക)രേഖ. വ കളങ്കവും, ക്ഷയം മുതലായ മററുദോഷങ്ങളും. ഇവിടെ വ്യതിരേകരീതിയിലുള്ള രൂപകം അലങ്കാരം. ബ താമരപ്പൂവു. ഭ ഗമ്യോൽപ്രേക്ഷ. ഠ അധരം. ന്ന കവിളിണ.

സൌന്ദൎയ്യം, ശൃംഗാരം, ശ്രീ, യിവ മൂന്നിൻെറ
മൂന്നു വരകളുണ്ടുകണ്ഠത്തിൽ;

തോൾകളതീവ(ഫ)സമങ്ങൾ; വടിവൊത്ത
കൈകൾ മിനുത്തുരുണ്ടുജ്ജ്വലങ്ങൾ;

ഹസ്തം സുശീതളമംബുജകോമളം
(വ)സ്വസ്തികപത്മാദിരേഖാങ്കിതം;

(ന)നീർപ്പൂവിതൾപോലൃജുക്കൾ വിരലുകൾ;
നീർപ്പോളപോലെമണിനഖങ്ങൾ;

(ര)താമരത്താരകത്തിന്നൊത്ത മെയ്‌നിറം;
താമരത്താർമണം മെയ്യിലെങ്ങും;

(ഠ)താമരമങ്കയാൾപോലെ സുലക്ഷണ-
(ന്ന)മാമരമങ്കയാളുല്ലസിച്ചു.

രക്തോല്പലാഭങ്ങൾ കോമളപാദങ്ങൾ,
രത്നാംശുദീപ്രങ്ങൾ കാൽനഖങ്ങൾ;

ശാസ്ത്രോക്തലക്ഷണമെല്ലാമിണങ്ങിയ
(൭)ഗാത്രത്തിൽ കങ്കണഹാരാദ്യങ്ങൾ;

---

ഫ. ഒത്തവ. വ. സ്വസ്തികം, താമരപ്പൂവുമുതലായവയുടെ ആകൃതിയിലുള്ള ഉത്തമരേഖകൾ ഉള്ളതു്. ന. താമരപ്പൂവ്. ര. താമരപ്പൂവിൻെറ ഉള്ളുപോലെ സ്നിഗ്ദ്ധമസൃണരക്തമായ ദേഹം. ഠ. ലക്ഷ്മീഭഗവതി. ന്ന. കല്പവൃക്ഷപുത്രിയായ ആ സ്ത്രീ. ൭. ദേഹം.

ചാർത്തിയും,(വ്യ)കാഞ്ചനകാഞ്ചികിലുങ്ങിയും
നേരൊത്തൊരു (ൻ)മേചകപ്പട്ടുടുത്തും,

(ഫ൦)പാടലരമ്യ റവുകധരിച്ചുമ-
(ഫ്ഫ)പ്പാദപകന്യ വിളങ്ങീ പാരം.

[ശൃംഗാരക്കുറ തട്ടി മലിനപ്പെടാത്ത ദിവ്യസ്ത്രീയുടെ സ്വാതാവികമായ നൈസർഗ്ഗികസൌന്ദര്യത്തെ കൃത്രിമകല്പനങ്ങൾകൊണ്ടു മോടിപിടിപ്പിക്കാതെ ഉചിതവും ശുദ്ധവും ആയ നിലയിൽ വർണ്ണിച്ചിരിക്കുന്ന ഈ പുരാണകവിതയുടെ സ്വാരസ്യവും ഭാവനോദ്ദീപകത്വവും ആൎക്കും അപലപിക്കുവാൻ സാധിക്കുന്നതല്ല]

---

## 14 ഒരു ഉപദേശം.

(കിളിപ്പാട്ട്)

ആരെയും ദ്രോഹിച്ചുപോകൊലാ, കക്കൊലാ;
നേരുകേടുതൊ(ഫ്ര)ല്ലനിഷ്ടാഹിതങ്ങളും,
അന്യൻെറ പുല്ലുതാൻ (വ)ശാകതോയങ്ങൾ താൻ

---

വ്യ. പൊന്നരഞ്ഞാൺ. ൻ. കറുത്ത പട്ട്. ഫ൦. ചെമന്ന മനോഹരമായ മുലപ്പടം. ഫ്ഫ. വൃക്ഷവൃത്തി.

14 ഫ. അനിഷ്ടവും അഹിതവും ആയിട്ടുള്ളതും ഒരാളോട്ടുംപറയരുത്. വ. ചീര, വെള്ളം എന്നിവ.

മണ്ണുതാൽ കട്ടാൽ നരകത്തിൽ വീണുപോം.
* നഞ്ഞല്ല നഞ്ഞു; (ഫ)നഞ്ഞായതിങ്ങന്യസ്വം;
അഞ്ജസാ വജ്ജിക്ക ദേവസ്വവും സദാ
(വ)ശുഷ്ക്കവൈരങ്ങൾ തുടങ്ങൊലാ വേണ്ടാത്ത,
തർക്കങ്ങൾ വജ്ജിക്ക, കേഷണി കൂട്ടൊലാ;
ആരോടുമേഷണിക്കാരനായ്ച്ചേരൊലാ,
കൈവച്ചുപോകരുതന്യവിത്തങ്ങളിൽ.
മൂറവം തനിക്കനുകൂലമല്ലാത്തതു
മററുള്ളവങ്കലുമാചരിച്ചീടൊലാ.
രാഗവും, ദ്വേഷവും, ക്രോധവും, ലോഭവും,
ശോകവു, മീഷ്യയും, മോഹവും, ദംഭവും,
ജ്ഞാനിനിന്ദാ, വഞ്ചന, ഗവ്വു, മസൂയയും
(ന)ഹീനനിഷേവയും വജ്ജിക്ക (ര)തൃഷ്ണയും
വിത്തത്രേ (ഒ)ലോഭം പാപത്തി,ന്നതിൻവേരാം(ന്ന)മോഹാ
(൧)പത്രങ്ങൾ ചതി ഡംഭം; (വ്യ)സ്കന്ധമാണസത്യംപോൽ
കൊമ്പുകൾ (ൻ)മായം; പൂക്കൾ (ഫ൦)ദുർമ്മതി; ഗന്ധം [ക്രൌര്യം;
വൻഫലമജ്ഞാനം; (ഫഫ)സ്വാദധർമ്മം നിരൂപിച്ചാൽ:

---

ഫ. അന്യന്റെ മുതലാണ് വിഷം. വ. നിസ്സാരസംഗതിക്കുള്ള വൈരം. ന. നീചസേവ. ര. വിഷയേച്ഛ. ഒ. ധനേച്ഛ പാപമാകുന്ന മരത്തിന്റെ ബീജമാകുന്നു. ന്ന. മനസ്സിന്റെ വെളിവില്ലായ്മ. ൧. ഇലകൾ. വ്യ. കവുളി. ൻ. കള്ളത്തരം, ഫ൦. ദുർബ്ബുദ്ധി. ഫഫ. അധർമ്മമാണ് പാപവൃക്ഷഫലത്തിന്റെ സ്വാദ്.

* അപഹ്നുത്യലങ്കാരം.

സ്വൈരമീമരത്തിൻെറ കൊമ്പത്തു പാൎപ്പൂ(ഫ)ചോര-
ക്രൂരനാസ്തികേൎഷ്യാലുവഞ്ചകവിഹംഗങ്ങൾ.
(വ)അശ്രദ്ധയിതിന്നൂത്തു; (ഭ)തൃഷ്ണാംബുനിഷേകത്താ-
(ര)ലശ്രമം വളരുമീ(ദ)ലോഭപാദപത്തിൻെറ
തണലിലിരുന്നതിൻ പഴുത്ത ഫലങ്ങൾ തി-
ന്നു, വതൻ മധുരമാസ്വാദനാ രസത്താലേ
നിത്യവുംസന്തുഷ്ടരായ് സുഖിച്ചു മരുവുന്ന
മൎത്ത്യവൃന്ദത്തിൻ ഗതി കേവലം കീഴ്പോട്ടത്രേ.
ആകയാൽ ധനപുത്ര കളത്ര വിചിന്തയു-
ണ്ടാകരുതത്ര വിടപന്മാൎഗ്ഗമല്ല,ജ്ഞന്റേതാം.
(ന്ന)ചിന്തകൾക്കിടയിലായ് കണ്ടേക്കാമൊരു സുഖ-
(൧)മന്തരാ വീണ്ടും വന്നുചേരുന്നു മഹാദുഃഖം.

[ഈ പദ്യപ്രബന്ധത്തിൽ, "വിത്തേത്ര ലോഭം പാപത്തിന്ന്" എന്നാദിയായ ഭാഗങ്ങൾകൊണ്ടു് ദുഷ്കൃത്യങ്ങൾ ആചരിച്ചുകൊണ്ടു തൽകാലത്തേയ്ക്കു സുഖം അനുഭവിക്കുന്ന കൂട്ടർ പാപമാകുന്ന വിഷവൃക്ഷത്തിൻെറ തണലിലാണ് വിശ്രമിക്കുന്നതെന്നും, ആ പാപവൃക്ഷത്തിൻെറ ഉൽപ്പത്തിക്കുള്ള വിത്ത് ധനേച്ഛയാണെന്നും മറവും കല്പ

ഫ. കള്ളന്മാർ, ക്രൂരന്മാർ, നാസ്തികന്മാർ, അസൂയാലുക്കൾ, ചതിയന്മാർ എന്നിവരാകുന്ന പക്ഷികൾ. വ. വിദ്യ, സൽകൎമ്മങ്ങൾ മുതലായവയിലുള്ള അശ്രദ്ധയാണ് ഈ ലോഭവൃക്ഷത്തിനുള്ള ഊത്തു. ഭ. വിഷയസുഖേച്ഛയാകുന്ന വെള്ളംകൊണ്ടുള്ള നനസ്സൽ. ര. പ്രയാസംകൂടാതെ. ദ. ധനാൎത്തിയാകുന്ന മരത്തിൻെറ. ന്ന. പ്രാപഞ്ചിക ചിന്തകൾ ൧. ഇടയ്ക്കു്.

നം ചെയ്തിട്ടുള്ളതു് എത്രയും ചമൽക്കാരസുരഭിലമായിരിക്കുന്നുണ്ടു്. മരത്തിനു്, വിത്തു്, വേരു്, കൊമ്പു്, ഇല, പൂവു്, കായ മുതലായവ ഏതേതു വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നുവോ ആ വിധത്തിൽത്തന്നെയാണു് പാപത്തിനു് ലോഭം മോഹം മുതലായവയും ബന്ധപ്പെട്ടിരിക്കുന്നതെന്ന സംഗതിയെ പൌരാണികകവി ഉചിതമായ മനോധർമ്മം ഉപയോഗിച്ചു ഭംഗിയായി പ്രതിപാദിച്ചിരിക്കുന്നു]

---

# 15 നന്ദനോദ്യാനം.

---

പെരുത്തു പൂക്കായ്കൾ നിറഞ്ഞ (ഫ)പുന്ന്യമാ-
മരങ്ങളും പക്ഷി(വ)മൃഗോല്കരങ്ങളും
മഹാത്ഭുതശ്രേഷ്ഠ(ബ)വിമാനപങ്ക്തിയും
ചുഴന്നു ശോഭിച്ചിതു (ശ)ദിവ്യമാവനം.

അതീവ സർവ്വർത്തു(ഭ)സുമാവകീർണ്ണമാ-
മതിന്നകം ചേർന്നിടനന്നു വണ്ടുകൾ;
മുഴങ്ങി (ന്നു)സാരംഗമയൂരനിസ്വനം;
മനോജ്ഞമായ്ക്കൂകി കുയിൽക്കുലങ്ങളും.

---

ഫ. വിശിഷ്ടങ്ങളായ മഹാവൃക്ഷങ്ങൾ. വ. പക്ഷിമൃഗസമൂഹം. ബ. വിചിത്രങ്ങളായ ദേവഗൃഹ(വിമാന)ങ്ങളുടെ നിര. ശ. ആ നന്ദനമെന്ന ദേവോദ്യാനം. ഭ. സകല ഋതുക്കളിലുമുള്ള പുഷ്പങ്ങൾ നിറഞ്ഞതു്. ന്നു. മാനുകളുടേയും മയിലുകളുടേയും ശബ്ദം.

വിളങ്ങി (ഫ)പാടീരമരങ്ങൾ നിളവേ;
വിരിഞ്ഞു നിന്നു നളിനങ്ങൾ പൊയ്കയിൽ;
മനം കവൎന്നു മധുരം പളുങ്കൊളി-
ജ്ജലം നിറഞ്ഞോന്തിയ കൂപവാപികൾ

മണിക്കൊടിക്കൂറകൾ താഴികക്കുടം
(വ)സചാമരച്ഛത്രവുമൊത്തു ഭംഗിയിൽ,
(ബ)വരാപ്സരഃസ്ത്രീകൾ പലേതരം രമി-
ച്ചെഴുന്ന പൊന്മേടകളാൽ(ഭ)പരീതമായ്.

ഒരേട(ഝ)മോത്തോത്തുമുദാരശബ്ദവും,
(ന്ന)പരത്ര (൭)ഗന്ധൎവ്വഗണോപഗീതിയും
(വ്വ)സുരൎഷികിംപുരുഷചാരണാദ്യരും
നിറഞ്ഞു ശോഭിച്ചിതു ദിവ്യമാവനം.

കടമ്പു, കായാവു, ഫലാവനമ്രമാം
കവുങ്ങു, തെങ്ങി, ത്ത, പിലാവു, മാവുകൾ
(ൻ)സുമാഢ്യചാമ്പേയ (ഫ)മുദാരസൌരഭം
പടീര, മാലാ ഞ്ഞിലി, വാഴ, നാരകം,

അശോകമഗ്നിപ്രഭപുഷ്പഭാസുരം,
പയൻ, ലവംഗം, ചരളം, വിളാർമരം,

---

ഫ. ചന്ദനമരങ്ങൾ. വ. വെഞ്ചാമരവും വെൺകൊററക്കുടയും. ബ. ശ്രേഷ്ഠകളായ അപ്സരസ്സുന്ദരികൾ. ഭ. ചുററപ്പെട്ടതു. ഝ. വേദനിൎഘോഷം. ന്ന. മറേറാരിടത്ത്. ൭. ഗന്ധൎവ്വന്മാരുടെ പാട്ടു വ്വ. ദേവൎഷിമാരും, കിംപുരുഷന്മാരും, ചാരണന്മാരും മററും. ൻ. പൂക്കൾ നിറഞ്ഞ ചമ്പകം. ഫ. നല്ല സൌരഭ്യമുള്ളത്.

പനച്ചി, നാഗം, കരുനൊച്ചി, മാതളം,
സുരദ്രു, വേപ്പു ത്തികരം, ഞാവരം, കൊന്നയും,

മരങ്ങൾ മററുള്ളവയും, സദാപി പൂ
നിറഞ്ഞെഴും പിച്ചകമല്ലികാദിയും
ചുഴന്ന നാനാമൃഗവർഗ്ഗയുക്തമായ്
വിളങ്ങി(ഫ)വണ്ടിണ്ട മുരണ്ട നന്ദനം.
(കുളകം)

(വ)മധുവ്രതപ്പെൺകൊടിമാർകളങ്ങു (ബ)പൂ-
മധൂളിയിൽപ്പാറി മയങ്ങി മേവിനാർ;
സുകോമളം (ഭ)കോകില കാകളീരുതം
മുഴങ്ങി (മ) നാനാഖഗമഞ്ജുനാദവും.

(യ)കുമാരവൃക്ഷങ്ങളിൽനിന്നിടയ്ക്കിടെ-
ക്കൊഴിഞ്ഞ നൽക്കുങ്കുമഗന്ധമുള്ള പൂക്കളാൽ
(ര)വികീർണ്ണമായ്ത്തത്ര വിളങ്ങി(ല)മന്നിടം
ശരിക്കു പുഷ്പാഞ്ജലിചെയ്തതിൻവിധം.

(വ)മരാളകാരണ്ഡവഷണ്ഡമണ്ഡിതം
മണംപെരും (ശ)തണ്ടലർ വേന്ന പൊയ്കയും

ഫ. വണ്ടിൻനിര വ. പെൺവണ്ടുകൾ. ബ. പൂന്തേൻ. ഭ. കുയിലുകളുടെ കളമധുരമായ ശബ്ദം മ. പലതരം പക്ഷികളുടെ മനോഹരശബ്ദം. യ. ചെറിയ പൂമരങ്ങൾ. ര. ചിന്നിയതു. ല. ചുവടെയുള്ള നിലം. വ. അരയന്നങ്ങൾ, കുളക്കോഴികൾ എന്നിവയുടെ സമൂഹത്താൽ ശോഭിച്ചതു ശ. താമരപ്പൂവ്.

(൧)ശുഭ്രോദപൂർണ്ണം (൨)കടൽനേർ തടാകവും,
(൩)സുരർഷി ഗന്ധർവ്വവിഹാരഭൂമിയും,

(൪)സുവർണ്ണദണ്ഡാജലകുംഭലാഞ്ഛിതം
(൫)വിമാനസൌധവ്രജവും ചുഴന്നതായ്,
(൬)വരാപ്സരോമുഖ്യരെഴുന്ന നന്ദനം
വിളങ്ങിടുന്നു (൭)വിമലൈകഗമ്യമായ്.
(കുളകം)

---

## 16 കർമ്മശക്തി.

(കിളിപ്പാട്ട് — കേക)

നീരുൾപ്പുക്കെഴും മീനും വലയിൽക്കുടുങ്ങുന്നു,
മാരുതനൊപ്പംമണ്ടും മാനേല്ക്കുന്നു ബന്ധം;
നൂറുയോജന പറന്നിരതേടീട്ടും പക്ഷി
ഘോരമോഹത്താൽ കാണാ കാലിന്മേൽവീഴുംപാശം.

---

൧. നല്ല തെളിവെള്ളം നിറഞ്ഞ. ൨. കടൽപോലെ ഗംഭീരമായ കുളം. ൩. ദേവർഷിമാരും, ഗന്ധർവ്വരും വിഹരിക്കുന്ന സ്ഥലം. ൪. സ്വർണ്ണക്കാലുകളോടുകൂടിയ നാഴികക്കുടങ്ങൾകൊണ്ടു ശോഭിക്കുന്നതു. ൫. ദേവഗൃഹങ്ങളിലുള്ള മാളികകൾ. ൬. ശ്രേഷ്ഠകളായ അപ്സരസ്ത്രീകൾ മുതലായവർ. ൭. നിർമ്മല(പാപമകന്നവ)രായ ജനങ്ങൾക്കുമാത്രം ഗമിക്കത്തക്കതു്.

ഇത്ര ദാരുണക്രൂരമാകുന്നു(൧)കാല;മത്തു
(൨)സുസ്ഥിതിയിടിക്കുന്നു; നിരപ്പില്ലാതാക്കുന്നു;
ദാതാവേയിരപ്പാളിയാക്കുന്നു വീണ്ടും, (൩)ലോക-
ഹേതുവാ(൪)യനാദ്യന്തമാകിയ കാലം താൻ താൻ!
ദ്യോവിലായാലും ഭൂവിലായാലും ശരീരിക-
ളേവരുംകാലാധീനർ; കാലം താനിപ്പാരെല്ലാം.
(൫)ശാഖികൾതന്മേലുണ്ടാം കായയെന്നതുപോലെ
ലോകരിലെങ്ങും മൂത്തു പഴുത്തീടുന്നു കാലം,
മന്ത്രമോ,(൬)പ്രദാനമോ,തപസ്സോ(൭)വയസ്യനോ,
ബന്ധുവോ മതിയാകാ(൮)കാലഭഗ്നനേ കാക്കാൻ.
(൯)ആകാശേഘനൌഘത്തേ കാററുപോലീലോകത്തെ-

---

൧. കാലശക്തി എന്നു പറയുന്നതു, ജീവികളുടെ ശുഭാശുഭ രൂപങ്ങളായ കർമ്മങ്ങളുടെ സുഖദുഃഖരൂപങ്ങളായ ഫലങ്ങളേ അനുഭവിപ്പിക്കുന്ന പ്രകൃതി (ഈശ്വര) നിയമമല്ലാതേ മറെറാന്നുമല്ല. കർമ്മംതന്നെയാണ് കാലശക്തിയായി പ്രത്യക്ഷപ്പെട്ടു അതാതുഫലങ്ങളേ അനുഭവിപ്പിക്കുന്നത്. വെള്ളത്തിനുള്ളിൽ സുരക്ഷിതമായി ജീവിക്കുന്ന മത്സ്യവും, വായുവേഗത്തിൽ ഓട്ടുവാൻ കഴിയുന്ന മൃഗവും കാലശക്തിയാൽ, ആവക രക്ഷകളുണ്ടായിട്ടും, ബന്ധനത്തിൽപ്പെട്ടുപോവുന്നു. ൨. ഉല്ലുനിലയേ ഇടിച്ചുകളയുന്നു; സമത്വംകളഞ്ഞു വിഷമത്വം ഉണ്ടാക്കുന്നു. ൩. കാലം ലോകത്തിനു ഹേതുവാകുന്നതെങ്ങിനെയെന്നാൽ; ലോകം കർമ്മാധിഷ്ഠിതമാകുന്നു. കർമ്മശക്തിതന്നെയാണു കാലശക്തിയായിപ്പരിണമിക്കുന്നത്. ൪. കാലം ആദ്യന്തങ്ങളില്ലാത്തതും എങ്ങും വ്യാപിച്ചതുമാകുന്നു. അതുകൊണ്ടുതന്നെയാണു 'ഇപ്പാരെല്ലാം' കാലമായിരിക്കുന്നത്. ൫. വൃക്ഷങ്ങളിൽ കായ്കൾ എന്നപോലെ, ജീവികളിൽ കർമ്മപരിണാമമായ കാലം കർമ്മാനുരൂപഫലമായി പ്രവർത്തിക്കുന്നു. ൬ ദാനധർമ്മങ്ങൾ ൭ സ്നേഹിതൻ ൮ കാലത്താൽ അടിക്കപ്പെട്ടവൻ ൯ ആകാശത്തിൽ കാററ് മേഘനിരയേ എന്നപോലെ ലോകത്തിൽ കർമ്മപരിണാമമായ കാലം ജീവികളേ ചുററിച്ചുകൊണ്ടിരിക്കുന്നു.

ശോകവേച്ചുററിക്കുന്നു കർമ്മയുക്തമാം കാലം;
കർമ്മസംയുക്തം കാലം:(൫)കാലമേ തൽകീഴ് നിൽക്കും-
മീമനുഷ്യരേക്കൊണ്ടു ചെയ്യിപ്പൂ പലകർമ്മം;
കർമ്മംതാൻമിത്രം,ബന്ധു;കർമ്മംതാൻശരീരികൾ
(൬)ശർമ്മവുമശർമ്മവു മുണ്ടാക്കിത്തീർത്തീടുന്നു.
വെള്ളിപൊന്നിവപലരൂപത്തിലാക്കപ്പെട്ടു-
ന്നില്ലയോ സ്വകർമ്മത്താൽദേഹിയുമാ(൭)മട്ടാകും।
(൮)മൃൽപ്പിണ്ഡം കുലാലനെന്തിച്ഛിച്ചതതായ്ത്തീരു-
മപ്പടി മുൻകർമ്മത്തിന്നായത്തർ ശരീരികൾ:
ദേവത്വം,നരത്വംതാൻ,പശുപക്ഷ്യാദിത്വംതാൻ
(൭)സ്ഥാവരത്വംതാൻദേഹി നേടുന്നു സ്വകർമ്മത്താൽ.
താൻചെയ്തതനുഭവപ്പെടുന്നു നിരന്തരം;
താൻവരുത്തുന്നു ദുഃഖം;താൻവരുത്തുന്നു സുഖം.
വിത്തമോ വിജ്ഞാനമോ കൊണ്ടു തൽകർമ്മം മാററാൻ
ശക്തനല്ലാരും;സുഖദുഃഖങ്ങൾ(൰)ഭുജിക്കുന്താൻ.
ആയിരം(൧)പൈ നിന്നാലും,തള്ളയോടണയുംകു-
ന്നാവിധം കർത്താവിനെപ്പിന്തുടരുന്നു കർമ്മം.

---

൫ കാലം, തന്റെ കീഴിൽ വർത്തിക്കുന്ന മനുഷ്യരെക്കൊണ്ടു വാസനാനുരൂപേണ പലതരം കർമ്മങ്ങൾ ചെയ്യിക്കുന്നു. ൬ സുഖവും ദുഃഖവും. ൭ ഈ ഉപമ അത്യന്തം അനുഭവപ്രതീതി വരുത്തുന്നതാകയാൽ ഏററവും ചമൽകാരമുള്ളതാണ്. ൮ മണ്ണു കുശവൻ വിചാരിക്കുന്ന രൂപത്തിലുള്ള പാത്രമായിപ്പരിണമിക്കുംപോലെ പ്രാണികൾ കർമ്മത്തിന്നനുരൂപമായ ജന്മത്തേയും അനുഭവത്തേയും അധിഗമിക്കുന്നു. ഈ ഉപമയും തുലോം ഹൃദ്യം തന്നേ ൯ ചലനശക്തിയില്ലാത്ത പർവ്വത വൃക്ഷാദികളായിത്തീരുക ൰ കർമ്മഫലങ്ങളായ സുഖദുഃഖങ്ങൾ അനുഭവിച്ചേതീരൂ. ൧ ആയിരം പശുക്കൾ ഒന്നിച്ചുനിന്നാലും പശുക്കുട്ടി ആ കൂട്ടത്തിൽനിന്നു അതിന്റെ തള്ളയേ തിരഞ്ഞുപിടിച്ചണയുന്നതെങ്ങിനെയോ, അങ്ങിനെതന്നെ കർമ്മവും, കർമ്മം ചെയ്യുവനെ പിൻതുടൎന്നു ഫലം അനുഭവിപ്പിക്കുന്നു.

(ഫ)അന്തമീയതിനേൽക്കാം, താനനുഭവിക്കാതേ:
(വ)ബന്ധദം നിജകമ്മം മാററുവാനാരാളാകും?
തമ്മിൽവേർപിരിയാതേ ചേൎന്നവാഴുന്നു സദാ
കമ്മവുംകത്താവും ഹാ! നിഴലുംവെയിലും പോലേ.
എങ്ങനുഭവിക്കണംസുഖദുഃഖങ്ങളൊരാ-
ളങ്ങട്ടയാളേ കെട്ടിവലിച്ചെത്തിപ്പൂകമ്മം
(ന)ദൈവം പോൽ സുഖദുഃഖമേകുവൊണൊരുവനു;
കൈവരുത്തുന്നുകമ്മം ജാഗ്രത്തിൽസ്വപ്നത്തിലും;
(ര്)അന്യനെ കമ്മോന്മുക്തനാക്കുന്നു;(ദ)വിഷദൃഗ്-
വഹ്ന്യസ്ത്രങ്ങളിൽനിന്ന രക്ഷ്യനെ രക്ഷിക്കുന്നു.
ദൈവരക്ഷിതംനിൽപ്പൂ രക്ഷയില്ലാതെതന്നേ;
ദൈവനാശിതത്തിന്നോ, രക്ഷയില്ലൊരേടത്തും.
മന്നിങ്കൽ വിതയ്ക്കുന്ന വിത്തെന്ന കണക്കിനേ
തന്നിൽമേവുന്നു കമ്മം കാലത്തു(ന്ന)വിളയുന്നു.
എണ്ണതീരുമ്പോൾ ദീപം പൊലിഞ്ഞുപോകുന്നതിൻ-
വണ്ണമേ കമ്മംതീൎന്നാൽ ദേഹികൾമൃതിയായ്;
(ൌ)തത്വജ്ഞർ ചൊൽവൂ കമ്മനാശത്തിൽ മൃതിയെന്നു;

---

ഫ നാശം വ കമ്മം സംശത്തെ ഉണ്ടാക്കുന്നതാകയാൽ ആത്മാവിനു ബന്ധത്തെ വരുത്തുന്നതാകുന്നു ന കമ്മം ഈശ്വരനെപ്പോലെ ഒരുത്തനു സുഖദുഃഖങ്ങൾ നൽകുന്നു ര മറെറാരുത്തനേ കമ്മം വീണ്ടും കമ്മത്തിനായി പ്രേരിപ്പിക്കുന്നു ൫ രക്ഷിക്കത്തക്കവനാണെങ്കിൽ അവനേ കമ്മഫലമായ ദൈവം (ഈശ്വരവിധി) വിഷത്തിൽനിന്നും തടവിൽനിന്നും തീയിൽനിന്നും, ആയുധത്തിൽനിന്നും രക്ഷിക്കാതെയിരിക്കുന്നതല്ല ന്ന ഫലപ്രദമായിത്തിരുന്നു എന്നു സാരം ൭ സൂക്ഷ്മതത്വം കണ്ടറിഞ്ഞ മഹാന്മാർ, ഭൂത (സഞ്ചിത) കമ്മം അനുഭവിച്ചുതീരുമ്പോൾ രോഗാദികാരണങ്ങളാൽ ദേഹികൾക്കു ദേഹനാശം നേരിടുന്നു എന്നും, എന്നാൽ പ്രാരബ്ധകമ്മത്തിൻെറ ഫലാനുഭൂതിക്കായി പ്രാണികൾ പിന്നെയും ജനിക്കുന്നു എന്നും പറയുന്നു,

തന്ത്ര കാരണമത്രേ പ്രാണികൾക്കു നാനാരോഗം.
ഒത്തവണ്ണമേ വരും കർമ്മത്താൽ വരാനുള്ള-
(ഫ)തത്ര കില്ലില്ലാ, (വ)ദൈവം ദുരതിക്രമമല്ലോ!

[കർമ്മശക്തി എന്ന ഈ കവിത, ഗംഭീരങ്ങളായ ലോകതത്വങ്ങളെ സാരഗർഭങ്ങളും അനുഭവപ്രത്യായകങ്ങളും സന്ദർഭോചിതങ്ങളുമായ ഉപമകൾകൊണ്ടു സ്പഷ്ടമാക്കിത്തീർത്തു, വിനോദിപ്പിച്ചുകൊണ്ടു വിജ്ഞാനം നൽകുന്ന ഒന്നാന്തരം ഒരു പ്രബന്ധമാണ്. പുരാണകവികളുടെ നിരീക്ഷണശക്തിയും തത്വദൃഷ്ടിയും എത്ര ആഴത്തിൽ പതിഞ്ഞിരിക്കുന്നു എന്നുള്ളതിന് ഇമ്മാതിരി അനേകം ലക്ഷ്യങ്ങൾ കാണിപ്പാൻ കഴിയുന്നതാകുന്നു].

---

# 17 മഹാമേരുപർവതം.

I

പാരംപൊങ്ങി നഭസ്സണഞ്ഞു വിലസീ
നാനാ(ഫ)മണീധാതുമ-
ത്താ(വ)രത്നാദ്രിയഭീഷ്ടമൊക്കെയരുളും
കല്പദ്രുമത്തോപ്പൊടും,

---

ഫ ഇതിൽ സംശയമില്ല വ കർമ്മവിപാകത്തെ ദൈവം അല്ലെങ്കിൽ ഈശ്വരവിധി എന്നു പറയുന്നു. ആ ദൈവത്തെ ആക്കും തട്ടിനീക്കാൻ കഴിയുന്നതല്ല എന്നു താൽപര്യം.

17 ഫ പലതരം രത്നങ്ങളും ധാതുദ്രവ്യങ്ങളും കലന്ന വ മഹാമേരു.

ദൂരത്തേക്കൊഴുകുന്ന (ഫ) ദിവ്യനദിതൻ
(വ)കല്ലോലമാലോല്ലള-
ന്നീരത്തുള്ളികൾ മുത്തുപോലെ ചിതറും
പാറപ്പുറ(ന)ച്ചാത്തൊട്ടും
സൈ്വരം തത്ര രമിപ്പതുണ്ടമരരും
ഗന്ധൎവ്വവിദ്യാധര-
ന്മാരും ചാരണ കിന്നരൎഷിഗണവും
നാഗാപ്സരസ്സിദ്ധരും;
ഏറെച്ചോലയുമാറൊഴുക്കുമുറവും
തൂനീരണിപ്പൊയ്കയും
ചേരുന്നാ(ര)ഗ്ഗിരി മൌലിതൻ ഗുഹകളിൽ
പ്പാൎക്കുന്നയോഗീശ്വരർ
(ഒ)താലം, തെങ്ങു, കവുങ്ങു, പുന്ന, ചരളം,
പൂച്ചമ്പകം, ചന്ദനം,
(ന്ന)സാലം, പാതിരി, വാഴ, കൈതയിവയും
നാനാ(൭)ലതാകുഞ്ജവും
(വ്യ)ത്തലക്ഷ്യങ്ങൾ പളുങ്കുപാറകളുമാ,
(ൻ)ദിവ്യാനുഭാവാഢ്യമാം
ശൈലത്തിൽ സുതരാം (ഫം)സുവൎണ്ണകലശം
മിന്നും(ഫഫ) വിമാനങ്ങളും

---

ഫ ആകാശ ഗംഗ വ തിരമാലകളുടെ അടിയിൽ തുള്ളിമറിയുന്ന വെള്ളത്തുള്ളികൾ ന കൂട്ടം ര പൎവ്വതശ്രേഷ്ഠൻ ഒ കരിമ്പന ന്ന പെരുമരം ൭ പല വള്ളിക്കുടിലുകൾ വ്യ കാണാവുന്നവ ൻ ദിവ്യമായ മാഹാത്മ്യത്തോടുകൂടിയതു ഫം പൊന്താഴികക്കുടം ഫഫ ദേവഗൃഹങ്ങൾ.

## II

### (കിളിപ്പാട്ടു് — കാകളി)

നാനാമണിസ്വൎണ്ണപൂൎണ്ണം മഹാമേരു
(൧)ഭാനുമാൻപോലെ വിളങ്ങുന്നു കാന്തിയാൽ.
ശീതളാശോകത്തണലിലിളക്കമി-
ല്ലാതങ്ങു വാഴ്വൂ സമാധിയിൽ യോഗികൾ;
വൻതപംചെയ്വൂ മുനിമാർ; മുഴങ്ങുന്നു
സന്തതം പുണ്യമാം ദിവ്യവേദസ്വനം.
ചേണാൎന്ന ചന്ദനത്തോപ്പിലിരുന്നങ്ങു
വീണകൾകൈക്കൊണ്ടു ഗന്ധൎവ്വകിന്നരർ.
സപ്തസ്വരലയമൂൎച്ഛനാതാളങ്ങ-
ളൊത്ത സംഗീതം മുതിക്കുന്നു ഭംഗിയിൽ.
നൃത്തമാടുന്നു സുരസ്ത്രീകൾ (൨)നിൎജ്ജര-
സിദ്ധാദിസേവിതമാമമ്മഹാദ്രിയിൽ.
ചന്ദനാശോകപുന്നാഗനാഗങ്ങളും
മന്ദാരസന്താനമുഖ്യവൃക്ഷങ്ങളും
(൩)മന്ദാകിനീജലസിക്തങ്ങളായ് (൪)അത്ര
നന്നായ്പ്പുളൎന്നു വിലസുന്നു നീളവേ.
നാനാതരം രത്നധാതുക്കളുണ്ടങ്ങു,
നാനാവിനോദവും നാനാശുഭങ്ങളും,

---

൧ സൂൎയ്യൻ ൨ ദേവന്മാരാലും സിദ്ധദേവ (സിദ്ധയോഗി)കളാലും സേവിക്കപ്പെട്ടതു ൩ ദേവഗംഗയിലെ ജലത്താൽ നനക്കപ്പെട്ടവ ൪ അതിൽ (മേരുവിൽ)

പൊൻതാമരകളും വെൺതാമരകളും
ചെന്താമരകളും ചേൎന്ന സരസ്സുകൾ,
(ഫ)ഹംസകാരണ്ഡവപക്ഷിവൎഗ്ഗങ്ങളാൽ
സംസേവിതങ്ങളായ് ശോഭിപ്പതിഭരം.
(വ)ചന്ദ്രഹംസാഭമാം പൊൻപിടിച്ചാമര-
വൃന്ദവും താഴികക്കുംഭവുമൊത്തതായ്
പൎവ്വതപ്രായമാം പ്രാസാദപംക്തിയും,
ദിവ്യങ്ങളായ (ന)വിമാനശതങ്ങളും
തിങ്ങിവിളങ്ങുന്ന നാനാങ്ഗണങ്ങളാൽ,
തുംഗഹൎമ്മ്യം സുരർ മേവുമാപ്പൎവ്വതം.

---

## 18 പ്രാപഞ്ചികസുഖം.

(കിളിപ്പാട്ട് — കാകളി)

(ര)വിത്തമുണ്ടാക്കുവാൻ ദുഃഖ, മുണ്ടാക്കിയാ-
ലത്ര രക്ഷിക്കുവാൻ ദുഃഖ, മതിൻ വിധം
നാശം ഭവിക്കുകിൽ ദുഃഖം; ചെലവു വ-
ന്നേശിയാൽ ദുഃഖം; ധനത്തിലുണ്ടോ സുഖം?
നീരഗ്നിയെന്നിവയിങ്കൽനിന്നും (ഭ)ജ്ഞാതി

---

ഫ അരയന്നങ്ങളും കുളക്കോഴികളും വ ചന്ദ്രനെപ്പോലെയും അരയന്നത്തെപ്പോലെയും ശോഭിക്കുന്ന (വെളുത്ത) ന ദേവഗൃഹ സമൂഹങ്ങൾ അല്ലെങ്കിൽ വ്യോമയാനങ്ങൾ ര പണം ഭ ബന്ധുക്കളും കള്ളന്മാരും.

ചോരരിൽനിന്നും നൃപങ്കൽനിന്നും ഭയം
ചേരുന്നു സമ്പന്നനന്വഹം; ദേഹികൾ
ക്കേലോർക്കുഗ്രമൃത്യുവിൽനിന്നെന്നപോലവേ.
(ഫ)ഏറ്റത്തിലുള്ളം മയക്കം, മിറക്കത്തി-
ലേററം മനസ്താപമുണ്ടാക്കിവിട്ടിട്ടും.
സമ്പാദനത്തിലും ക്ലേശമേല്പിക്കും, മീ-
സ്സമ്പത്തുകൊണ്ടു സുഖപ്രാപ്തിയെങ്ങിനേ?
(വ)മുൽപ്പാടഴൽപ്പെട്ടു നേടിടുന്നു ധനം;
പില്പാടതൃഷ്ണനായ്ത്തിരുന്നിതെന്തിലും.
അത്ര യല്ലേററമകാൎയ്യപ്രസക്തിയും
സ്പൎദ്ധയും ലുബ്ധ്യം മുടിക്കുന്ന ഗൎവ്വവും.
ഭൃത്യത, ഹുണ്ടികയേറ്റപ്പാട,ടിമത്ത-
മൂത്തമാനത്തമഃഭേദമജ്ഞത്വവും
നിത്യാ(ബ)പ്രിയാപ്രിയയോഗവിയോഗങ്ങൾ
വിത്തശൂന്യത്വവും മൎത്ത്യന്നു ദുഃഖദം.
(ഭ)ആലയചിന്തകളാളിന മൎത്ത്യന്ന
ശീലഗുണങ്ങൾ പറിപ്പെന്നിതൊക്കയും
പച്ചക്കുടത്തിൽപ്പകൎന്ന നീർപോലവേ,
നിശ്ചയമായുടലോടേ മുടിഞ്ഞുപോം!
ഇല്ലസൌഖ്യം(മ)പെരുമാളായി വാഴ്വോന്നു-

---

ഫ പണംവൎദ്ധിക്കുന്നതു കാണുമ്പോൾ മതിമയങ്ങും; പണം ക്ഷയിക്കുമ്പോൾ മനസ്സുകെട്ടുകയും ചെയ്യും വ ആദ്യം ബ ഇഷ്ടാനിഷ്ടങ്ങളും, ഇഷ്ടയോഗവിയോഗങ്ങളും ഭ ഗൃഹത്തെസ്സംബന്ധിച്ച വിചാരങ്ങൾ വൎദ്ധിച്ച, മ രാജാവ്

മെല്ലായ്പ്പോഴും (൫)സന്ധിവിഗ്രഹചിന്തയാൽ;
പുത്രനാലും ഭയം ചേരുന്നതല്ലയോ
പൃത്ഥ്വീശപരസ്ഥാന, മെന്തതിങ്കൽസ്സുഖം?
സമ്പത്തുകൊണ്ടുള്ള ഗർവ്വിനാൽ പ്രായേണ
വമ്പരായ് വാണ നഹുഷാദിഭൂപരും
സമ്പതിച്ചില്ലയോ വിണ്ണിൽനി, ന്നോവനീ-
സ്സമ്പത്തിനാലൊരു സൌഖ്യമുണ്ടായ്വരും?
(൬)രണ്ടുടയാടയിടങ്ങഴിച്ചോറിവ-
കൊണ്ടു സംതൃപ്തി വരുന്നു നരേന്ദ്രനും!
(൭)കാറിനം മൂടുന്നു തേജസ്വിസൂൎയ്യനേ;
കാറിനേച്ചിന്നിച്ചു തള്ളുന്നു (൮)മാരുതൻ;
മാരുതൻതന്നേത്തടുക്കുന്നു കുന്നുകൾ;
തീരെയക്കുന്നുകൾ വേകുന്നു വഹ്നിയാൽ.
വഹ്നിയേ വെള്ളംകെടുത്തുന്നു; വെള്ളത്തെ
വററിച്ചുകൊള്ളുന്നു തെറെറന്നു(൯)ഭാസ്കരൻ.
അബ്ഭാസ്കരനും വിരിഞ്ച(൰)ദിനാന്തത്തി-
ലിപ്പാർകൾ മൂന്നൊത്തമൃതിപ്പെടുന്നതേ.
ഏവം, പ്രപഞ്ചത്തിൽ, നിത്യനേകൻ പരാ-
ത്മാവൊഴിഞ്ഞാർക്കുള്ളൂ (൧)സർവ്വോത്തമം പദം?

---

൫. സന്ധിയും യുദ്ധവും. ൬. രണ്ടു ഉടുവസ്ത്രവും ദിവസം ഇടങ്ങഴി യരിച്ചോറും മാത്രമേ രാജാവിനും വേണ്ടതുള്ളൂ. ൭. കാർമേഘപങ്ക്തി. ൮. കാററ്. ൯. സൂൎയ്യൻ. ൰. ബ്രഹ്മാവിൻെറ ഒരു പകൽ അവസാനിക്കുന്നതു ചതുർയുഗം കഴിയുമ്പോഴുള്ള മഹാ പ്രളയവേളയിലാകുന്നു. ൧. എല്ലാററിലും മീതെയുള്ള സ്ഥാനം.

ആരിഹ പണ്ഡിതൻ? സൎവ്വജ്ഞന്മാരുമി-
ല്ലാ, ആരുമില്ലൊന്നുമറിഞ്ഞുകൂടാതെയും.
ഏതില്ലറിവ്വാംശത്തിലവൻ പണ്ഡിത-
നേവൎക്കുമോൎത്താൽ പ്രഭാവമൊരുവിധം!
ഏറാം പ്രഭാവമൊരിക്കലൊരുത്തനും:
പോരിൽജ്ജയിപ്പൂ (൧)നിലിമ്പരെദ്ദാനവർ;
(൨)ദാനവന്മാരെജ്ജയിപ്പൂ നിലിമ്പരും;
നൂനം ജയാജയം ഭാഗ്യാനുവൎത്തിയാം!
വന്നിടാ വിണ്ണിലും സൌഖ്യം സുരന്മാരി-
ലൊന്നിനൊന്നേറിയ ലക്ഷ്മിയെക്കാൺകയാൽ.
വിണ്ണിങ്കൽ(൩)വേരറുത്തത്രേ ഭുജിക്കുന്നു
പുണ്യഫലങ്ങളിഗ്ഘോരദോഷത്തിനാൽ.
(൪)നിഷ്പുണ്യരായ് നരർ വീഴുന്നു വിണ്ണിൽനി-
ന്നിപ്പാരിൽ വേരററ വൃക്ഷങ്ങൾപോലവേ.
ഈവക ദുഃഖങ്ങൾകൊണ്ടു നിറഞ്ഞതാം
ദേവാദിമൎത്ത്യന്തമിജ്ജഗത്താ;കയാൽ
ഒക്കെ ത്യജിക്കണം പണ്ഡിതൻ സന്തതം.
ദുഃഖമൊന്നന്യദുഃഖത്താൽകെടുക്കയാം;
മാറാപ്പൊരുതോളിൽനിന്നു മറുതോളിൽ
മാറിയിട്ടിട്ടു സമാശ്വസിക്കുംവിധം.
കാമവും ക്രോധവുമുള്ളേടമാപത്തു-
(൫)മാമയക്കൂട്ടവും വന്നുകൂടും ദൃഢം.
ഒന്നൊഴിയാതെയിപ്പാരൊക്കെയീവിധ-
മൊന്നിനൊന്നേറിയ മെച്ചം കലൎന്നതും,

---

൧. ദേവകൾ ൨. അസുരന്മാർ. ൩. സ്വൎഗ്ഗത്തിൽ സുകൃതഫലം അനുഭവിക്കുന്നതും എളുപ്പത്തിൽ കഴിയുന്നു. ൪. 'ക്ഷീണേ പുണ്യേ മൎത്ത്യലോകം വിശന്തി' എന്നാണല്ലോ ശ്രുതി. ൫. രോഗസമൂഹം (ദുഃഖങ്ങൾ).

(ഫ)ദുഃഖാകലിതവുമാണെന്നറിഞ്ഞിട്ടു
മുഖ്യമാം(ബ)നിർവ്വേദമുടൻകൊള്ളണം ബുധൻ.
(ഭ)നിർവ്വേദയോഗാൽ(മ)വിരക്തിയുണ്ടായ്വരും,
നിർവ്യാജമാം ജ്ഞാനമുണ്ടാം വിരക്തിയിൽ;
ജ്ഞാനമാർന്നാലാ (യ)ഉല്പരംപദം പാർത്തറി-
ഞ്ഞൂനമില്ലാത്ത (ര)വിമുക്തിയും നേടിടാം.

---

# 19 രാമരാജ്യഭാരം.

---

[ഭൂഭാരഭൂതന്മാരായ രാവണാദി ദുഷ്ടരാക്ഷസന്മാരേ നിശ്ശേഷം കൊന്നൊടുക്കി ലോകത്തിൽ ധർമ്മവും, ശാന്തിയും, സമാധാനവും നിലനിർത്തിക്കൊണ്ടു് ശ്രീരാമചന്ദ്രൻ അയോദ്ധ്യയിൽ നാടുവാണരുളുന്നകാലത്തേ രാജ്യസ്ഥിതിയാണ് ഇതിൽ പ്രതിപാദിക്കുന്നതു്]

(ഓട്ടംതുള്ളൽ)

(ക)സേനായാനസമൃദ്ധിയൊടരിജന-
ഹീനം സുപ്രസ്ഥവുമായീ രാജ്യം.
കട്ടിൽപ്പൊന്നണിചാർത്തിനു സജ്ജന-
(ഖ)മിഷ്ടാപൂർത്തക്രിയകൾ നടത്തീ;

---

ഫ. ദുഃഖഭരിതം. ബ. നിരാശ. ഭ. നിർവ്വേദമുണ്ടായാൽ. മ. വിഷയസുഖ വൈരാഗ്യം. യ. ഉൽകൃഷ്ടസ്ഥാനം (മോക്ഷം). ര. സംസാരമോചനം.

19. ക. സൈന്യങ്ങളും വാഹനങ്ങളും. ഖ. യാഗംകഴിക്ക, ജനോപകാരാർത്ഥം കുളം കിണർ മുതലായവ കഴിപ്പിക്കുക.

ഇഷ്ടപ്രാമുനിമാർക്കുള്ള കളിത്ത്രു;
പുഷ്ടിയിൽനിന്നു സസ്യങ്ങൾ സദാ;
പച്ചപ്പുല്ലിൻ സുലഭതകൊണ്ടു ത-
ടിച്ചുകൊഴുത്തു തഴച്ചു ഗോക്കൾ.
വിളവേറീ വയൽതോറും, (ഫ)പൂമകൾ
വിളയാടുകയായൂരുകൾതോറും.
മലർവാടികൾ, ദേവാലയപങ്ക്തികൾ,
മധുരഫലങ്ങൾ നിറഞ്ഞമരങ്ങൾ,
തണ്ടലർതിങ്ങിയ പൊയ്കകളെന്നിവ-
കൊണ്ടുവിളങ്ങീ നാടുകളെല്ലാം.
(വ)തത്ര സദംഭസ്ഥിതി(ബ)വളവെന്നിവ
മർത്ത്യരിലല്ലാ പുഴകളിൽമാത്രം!
തറവാട്ടിന്നല്ലാതെ(ര)കുലീനത-
യൊരിടവുമന്നു ധനത്തിന്നില്ല!
(ദ)വിഭ്രമമംഗനമാർകളിലെന്യേ
വിദ്വാന്മാരിൽ കാണായീലാ!
(ന്ന)ശിതിപക്ഷക്ഷപകളിലെന്നിയെ,
സ്ഥിതിചെയ്തീല(൭)തമസ്സിഹ നരരിൽ!
മുതലി(വ്യ)ലനന്ധസ്ഥിതിയാന്നാലും
പ്രതിദിനമുണ്ണാതില്ലന്നൊരുവൻ!
(ൻ)ദണ്ഡം, കുട,മഴു,തുമ്പകൾ, ചാമര-

---

ഫ. ലക്ഷ്മീദേവി. വ. ഡാംഭോട്ടുകൂടിയ നില (ജനപക്ഷത്തിൽ) എന്നും, വെള്ളത്തോട്ടുകൂടിയ സ്ഥിതി (നദീപക്ഷത്തിൽ) എന്നും അർത്ഥം. ബ. (ജനപക്ഷത്തിൽ) കുടിലചിത്തത. ര. ആഭിജാത്യമെന്നും, ഭൂമിയിൽ ലയിച്ചു നശിക്കുക എന്നും അർത്ഥം. ദ. ശൃംഗാരചേഷ്ട എന്നും, മനോവ്യാമോഹമെന്നും. ന്ന. കൃഷ്ണപക്ഷരാത്രികൾ. ൭. ഇരുട്ടു എന്നും, തമോഗുണം എന്നും. വ്യ. അന്ധ (കണ്ണുകാണാത്ത വ്യാമൂഢൻ) നല്ലാത്തവനെന്നും, അന്ധസ്സോടു (അന്നം) കൂടാത്തവൻ എന്നും. ൻ. കാല് എന്നും, ശിക്ഷ എന്നും.

മെന്നീവകകളിലല്ലാതില്ല!
(ഫ)പാശകപാണിത, (ഖ)പരിദേവനമിവ
പാരിൽ ചൂതുകളിപ്പവനിൽത്താൻ!
(ന)ജഡതജലത്തിനു! ജലജാക്ഷികൾതൻ
നടുകൊടികൾക്കേ ദുർബ്ബലഭാവം!
യോഷകളിൽത്താൻ ഹൃദയകഠോരത!

................ ................................

(ര്)വേധം രത്നഗണങ്ങളിൽമാത്രം!
ശൂലം ബിംബകരങ്ങളിൽമാത്രം!
കമ്പം(ഭ)സാത്വികഭാവത്താൽത്താൻ!

................................................

മലർശരനാൽത്താൻ സഞ്ചരമെന്നതു!
കലുഷത്തിനുതാൻ(ന്ന)വരുതിപിണഞ്ഞു!
വാരണർതാൻ(ൌ)യുധി പൂണ്ടു പ്രമത്തത!!
നീരാഴിയിലേ മുററ(വ്വ)മലച്ചിൽ!
ആനകളിൽത്താൻ(ൻ)ദാനപരിക്ഷതി!
നൂനം തീഷ്ണതമുള്ളുകളിൽത്താൻ!
ബാണത്തിനുതാൻ(ഫ൦)ഗുണവിശ്ലേഷം!
ഗ്രന്ഥത്തിനുതാൻ ദൃഢമാംബന്ധം!
ചക്കാലയിലല്ലാതേ, ബാന്ധവ–
മുഖ്യരിലില്ലാ(ഫഫ)സ്നേഹത്യാഗം!!

---

ഫ. കയ്യിൽ വിലങ്ങ് (കുടുക്കുകയറ്) എന്നും, ചൂതിൽ കരു എന്നും. ഖ. ചൂതുകളി എന്നും, നിലവിളി എന്നും. ന. തണുപ്പെന്നും, മന്ദത എന്നും. ര്. കർണ്ണച്ഛേദം മുതലായവ എന്നും, തുള എന്നും. ഭ. രസാസ്വാദവേളയിൽ ഉണ്ടാവുന്ന ഹൃദയദ്രവീഭാവം. ന്ന. ക്ഷാമം. ൌ യുദ്ധത്തിൽ. വ്വ. ക്ലേശമെന്നും, തിരച്ചുഴി എന്നും. ൻ. മദജലത്തിന്റെ ക്ഷയമെന്നും, ദാനത്തിന്റെ കുറവെന്നും അർത്ഥം. ഫ൦. ഞാണിനോടുള്ള വേർപാടു എന്നും, ഗുണങ്ങളോടുള്ള വേർപാടു എന്നും. ഫഫ. എണ്ണയില്ലാതാവുക എന്നും, സ്നേഹം വെടിയുക എന്നും അർത്ഥം. പരിവൃത്തി അലങ്കാരം.

[പ്രകൃതിനിരീക്ഷണത്തിലും, പ്രകൃതിസൌന്ദൎയ്യവൎണ്ണനത്തിലും എന്നപോലെതന്നേ ബുദ്ധിശക്തിയുടേ വിചിത്രപ്രയോഗത്തിലും, കൃത്രിമോല്ലേഖങ്ങളുടേ പ്രകല്പനത്തിലും പൌരാണികകവികൾ തുലോം ചതുരന്മാരായിരുന്നു എന്ന് ഈ കവിത കാണിക്കുന്നുണ്ട്—ശ്ലേഷംകൊണ്ടുള്ള ചെപ്പടിവിദ്യയാൽ 'അൎത്ഥചിത്ര'മായ ഈ പ്രബന്ധം പണ്ഡിതന്മാൎക്ക് രുചിക്കാതേ വരുന്നതല്ല]

---

## 20. ഒരു വീരപത്നി.

---

[ശ്രീരാമൻ അശ്വമേധയാഗം ദീക്ഷിച്ചിരിക്കവേ, ഭൂപ്രദക്ഷിണാൎത്ഥം വിട്ടയച്ച യാഗാശ്വത്തിനെ രക്ഷിക്കുന്നതിന്ന നിയുക്തനായ ശത്രുഘ്നന്റെ കൂടേ അശ്വരക്ഷണത്തിന്ന പോവാൻ പുറപ്പെട്ട ഭരതപുത്രനായ പുഷ്കലൻ മണിമാളികയിൽചെന്നു തന്റെ പ്രിയപത്നിയായ കാന്തിമതിയോടു യാത്രചോദിക്കുന്ന ഘട്ടത്തിലുള്ളതാണ് താഴേ എഴുതുന്ന പ്രബന്ധം]

I

(ചെറുശ്ശേരിരീതി)

*   *   *   *   *

കുവളപ്പൂവിതൾക്കണ്ണിണയാൾ,

താമരത്താരൊത്ത വക്ത്രത്തിൽകൎപ്പൂര-
താംബൂലമിട്ടു ചവച്ചിരുന്നു;

മുത്തുമൂക്കുത്തിയും പൊൽത്താർവളയത്തി-
നൊത്ത ഭുജങ്ങളിൽക്കാപ്പുകളും,

താരൊളിക്കാൽകളിൽ തങ്കത്തളകളും,
(ഫ)വിസ്താരനിതംബത്തിൽ (ബ)പ്പട്ടാടയും,

ചാർത്തിവിളങ്ങുമാത്തനായിക കാന്തനേ
ച്ചാരത്തു കണ്ടപ്പോളുൾക്കളിത്തു!

II

(കിളിപ്പാട്ട് — കേക)

പ്രേമപൂർണ്ണയായ് പ്രാണനാഥനേ(ഭ)വീക്ഷിച്ചവൾ
സുമന്ദസ്മിതം തൂകിച്ചൊല്ലിനാൾ സഗൽഗദം:-
"(മ)ആജിയിലെങ്ങും നാഥ, വിജയം ഭവിക്കതേ!
വാജിരക്ഷയ്ക്കായ് ചെയ്ക ശത്രുഘ്നനിയോഗത്തേ.
പോരാട്ടംപൊഴുതെന്നെയോർക്കരുതൊരിക്കലും
വീര,(യ)മൽസ്മൃതിയിൽ തേ വിജയം സന്ദിഗ്ധമാം!
എന്നെ(ര)യൂർമ്മിളയ്ക്കൊപ്പമാളുകൾ ഗണിക്കുമാ-
റന്യൂനം പ്രവൃത്തിക്കുകംബുജേക്ഷണ, ഭവാൻ.
(ല)ദേവരാംഗനാജനമെന്നുടെ നേരെ നോക്കി
'പ്പോർവിട്ടോടിയ പേടിത്തൊണ്ടന്റെ പതിയിതാ!
(വ)ഭീരുക്കൾപൊരുതീടുമെന്നാകിലെവിടെയാം

---

ഫ. വിസ്തൃതമായ തടിച്ച പൃഷ്ഠഭാഗം. ബ. പട്ടുവസ്ത്രം. ഭ. കാന്തിമതി മ. യുദ്ധം. യ. ഭാര്യാസ്മരണയിൽ മനസ്സു ചലിച്ചുപോകുമല്ലോ. ര. ലക്ഷ്മണന്റെ ശൗര്യപ്രകടനത്താൽ ഊർമ്മിള എങ്ങിനെ വീരപതിയായിത്തീർന്നുവോ ആ നിലയിൽ അങ്ങു എനിക്കും വീരപതിയായിത്തീരുവാൻ സംഗതിയാക്കണം. ല. ഭർത്തൃസഹോദരന്മാരുടെ ഭാര്യമാർ. വ. മൂർച്ചയേറിയ പരിഹാസം സ്ഫുരിക്കുന്നുണ്ട്.

ത്തുരക്കു സങ്കേത'മെന്നേവമുച്ചത്തിൽച്ചൊല്ലി,,
കൈകൊട്ടിച്ചിരിക്കുവാനിടയാകാത്ത വിധം
ചെയ്യണമേ ശ്രീരാമാശരക്ഷയിൽ ഭവാൻ!
പോരിനെങ്ങുമേ ഭവാൻ മുന്നിൽ, മറ്റേവർ പിന്നിൽ;
വൈരികൾബാധിതരാകട്ടെ നിൻ വില്ലൊച്ചയാൽ!
തപൽക്കരാരവിന്ദത്തിൽത്തിളങ്ങുമുടവാളാൽ
ചിക്കന്നെ പേടിച്ചുരണ്ടോടട്ടേ രിപുസൈന്യം!
നൽക്കുലമരികളേ വെന്നാലങ്കരിച്ചാലും
പോയ്യെല്ലാർകൈ മഹാബാഹോ, ഭർത്താവേ,തവ ശുഭം!!.
വില്ലിതാ കൈക്കൊണ്ടാലും വമ്പിച്ചുള്ളൊന്നു;
ഒത്തല്ലിതിൻ നാദം കേട്ടാൽ (ഫ)പററലർനടുങ്ങിപ്പോം
കോടി(വ)ശാത്രവധ്വംസി ബാണകോടികൾതിങ്ങും
പ്രൌഢതൂണികളിതാ, കെട്ടിക്കൊൾകിഷ്ടംപോലേ.
(ന)ഹീരദീപ്തിയാലിരുൾ നീക്കുന്ന ചട്ടയിതാ
(ര)മാരമഞ്ജുളമെയ്യിൽ മുറുകെദ്ധരിച്ചാലും.
കാന്ത,രത്നമിത്തൊപ്പി ശിരസ്സിലണിഞ്ഞാലും;
കാന്തിയേറിയ രത്നകുണ്ഡലങ്ങളുമിതാ!"
ഇത്തരം ഭംഗ്യാ ചൊന്ന വീരപത്നിയെ നേത്ര-
പ്പൊൽത്താരാലാരാധിച്ചു പൂർണ്ണസന്തോഷത്തോടും.
അക്കാന്തിമതി താൻതാനെടുത്തു കൊടുത്ത വി-
ല്ലുഗ്രതൂണീരങ്ങളും ചട്ടത്തൊപ്പിയുമെല്ലാം
കൈക്കൊണ്ടു ധരിച്ചതികാന്തിയാൽവിളങ്ങിനാ-
നൽക്കടപ്പടയാളി സർവ്വശാസ്ത്രാസ്ത്രാഭിജ്ഞൻ.
മങ്കമാർമണി പിന്നെക്കസ്തൂരിമലയജ-
കുങ്കുമാദികൾ പൂശിച്ചാരോമൽക്കണവനേ

ഫ. ശത്രുക്കൾ. വ. ശത്രുവൃന്ദത്തെ ധ്വംസിക്കുന്ന അസ്ത്രങ്ങൾ. ന. മികച്ചആവനാഴികൾ, ര. പതിച്ചവജ്രമണികളുടെ ശോഭ.

ചാരുവായ് കാൽമുട്ടോളം തൂങ്ങിയ നാനാപുഷ്പ-
വീരമാലയും ഭംഗ്യാ ചാൎത്തിച്ചു, പലവട്ടം.
(൧)മംഗളനീരാജനം ചെയ്തു(൨)മുത്തുകൾ തൂകീ,
തിങ്ങിയ കണ്ണീരോടും ഗാഢമായ് ത്തഴുകിനാൾ.
'മാഴ്കായ്കവേണം വീരപത്നി, നീയെൻ വേർപാടാൽ;
വൈകാതേ സതി, തവ സന്നിധൌ വരുവൻ ഞാൻ'.
എന്നാശംസിപ്പിച്ചഥ യാത്രചോദി(൩)ച്ചായവൻ
(൪)തന്നടിയേ വിട്ടു പള്ളിത്തേരേറി നടകൊണ്ടാൻ;
കണ്ണിമയ്ക്കാതേ ഹന്ത! നോക്കിനിന്നിതു കയൽ-
ക്കണ്ണിയാം കാന്തിമതി കാന്തനേക്കുറെനേരം.

[ഉദാത്തക്ഷത്രിയസ്ത്രീയായ കാന്തിമതിയുടേ ക്ഷാത്രതേജസ്സിനേയും കുലാഭിമാനചൈതന്യത്തേയും, ഭൎത്തൃപ്രേമസമുൽകൎഷത്തേയും ചിത്രീകരിച്ചുകാണിക്കുന്ന ഈ പുരാണകവിത ആധുനികഭാരതീയസ്ത്രീകളുടെ മുമ്പിൽ എത്ര മഹനീയമായ ആദൎശത്തെയാണ് വിന്യസിക്കുന്നതെന്നു നോക്കുക. വീരപത്നിയായ കാന്തിമതിയുടെ വചനങ്ങളിൽ തുളുമ്പിക്കളിക്കുന്ന വീരരസവും, അവളുടെ പെരുമാററത്തിൽ സ്ഫുരിക്കുന്ന പ്രൌഢഭാവവും, തന്റേടവും, വാക്കിലും നോക്കിലും വിളങ്ങുന്ന പതിപ്രേമവും എത്ര സ്പൃഹണീയമായിരിക്കുന്നു! കാന്തിമതി എന്തൊരു വീരപത്നി!!]

---

൧. മാംഗളാൎത്ഥമായുള്ള തിരിയുഴിച്ചൽ. ൨. മംഗളാചാരമാണു മുത്തുകൾ. ൩. ആ ഭരതപുത്രനായ പുഷ്കലൻ. ൪. സുന്ദരിയായ പത്നിയേ.

# 21 താപസാശ്രമം.

[അശ്വമേധയാഗദീക്ഷിതനായ ശ്രീരാമന്റെ യാഗകുതിരയുടെ പിന്നാലേ രക്ഷകനായി അയയ്ക്കപ്പെട്ട ശത്രുഘ്നൻ യാത്രയ്ക്കിടയിൽ ച്യവനമഹർഷിയുടെ പുണ്യാശ്രമത്തിൽ ചെല്ലുന്ന ഘട്ടത്തിലുള്ള ആശ്രമവർണ്ണനമാണിതു]

(കിളിപ്പാട്ട്—കേക)

വേദധ്വനിയാലമംഗളമൊക്കയും
ശ്രോതൃജനത്തിന്നകററുന്നൊരാശ്രമം
തത്ര കാണായി (൧)മൃഗപക്ഷിസംകുല-
(൨)മുത്തമാനേകമുനിയൂപശോഭിതം.
(൩)ആഹുതിധൂമമവിടെനിന്നുൽഗമി-
ച്ചാകേ വിശുദ്ധമാക്കുന്നു നഭസ്സിനേ;
കയ്യിൽച്ചമതയുമേന്തി മഹർഷിമാർ
ചെയ്യുന്നു ധർമ്മക്രിയകള(൪)ങ്ങനാഹം
(൫)വ്യാഘ്രങ്ങളങ്ങഹോ, പാലിക്കവേണ്ടുന്ന-
ഗോക്കളേപ്പാലിച്ചുപോരുന്നു നീളവേ!
നേരേ മടതീക്കലിപ്പുങ്ങെലികൾക്കു
തീരെ മാർജ്ജാരനുപദ്രവിക്കായ്കയാൽ!
കീരിയും മൈലുമായ് ക്രീഡിച്ചു പാമ്പുകൾ!
വാരണസിംഹങ്ങളങ്ങു ചങ്ങാതികൾ!

---

൧. മൃഗങ്ങളും പക്ഷികളും തിങ്ങിയതു. ൨. ഉത്തമന്മാരായ മഹർഷിമാരുടെ യജ്ഞസ്തംഭങ്ങൾകൊണ്ടു ശോഭിച്ചതു. ൩. ഹോമധൂമം. ൪. എല്ലായ്പോഴും. ൫. തപോവനത്തിന്റെ സാത്വികതയും ശാന്തിമയത്വവും നിമിത്തം ജാത്യാ വിരോധികളായ മൃഗങ്ങൾപോലും വൈരംവിട്ടു ശാന്തങ്ങളായിത്തീർന്നിരിക്കുന്നു.

(൧)നീവാരവും തിന്നു നിർഭയമായങ്ങു
മേവീടുന്ന താപസർ പോററുന്ന മാനുകൾ.
നൽക്കുടത്തോളം വലുതാമകിടൊത്തു
(൨)നന്ദിനീതുല്യമാരാകിയ പൈക്കളും
തത്ര കുളമ്പേററുയൎന്ന പൊടികൊണ്ടു
ശുദ്ധമാക്കുന്നിതു ദിങ്മണ്ഡലത്തിനേ.

---

## 22 രാമായണനിൎമ്മാണം.

---

(കിളിപ്പാട്ടു്—കാകളി)

(൧)ഏകദാ വാത്മീകിപുക്കാനൊരുവനം
(൨)കോകിലാദ്യഞ്ചിതപക്ഷിനാദാകുലം;
ചമ്പകം, താലം, (൩)തമാല, മിലഞ്ഞികൾ,
ചെമ്പൂവണിപ്പാശു, നൽപ്പൊൻകുറിഞ്ഞികൾ,
കൊന്നമുമ്പായ വൃക്ഷങ്ങളുമൊട്ടല്ല;
നന്നായ് മുരണ്ടു നടക്കുന്നു വണ്ടുകൾ;
(൪)കൌമുദിക്കൊത്ത വെൺകേതകപ്പൂക്കളെ-
ങ്ങാ(൫)മോദമെങ്ങും പരത്തുന്നു ധൂളിയാൽ.
നീളേ മനോജ്ഞമാമാവന ഭൂമിയിൽ
(൬)നാളീകബാണാസ്ത്ര മേററുവിവശരായ്,

---

൧. വരിനെല്ല്. ൨. വസിഷ്ഠാശ്രമത്തിലുള്ള കാമധേനുപുത്രിയായ ദിവ്യപശുവാണ നന്ദിനി.

22. ൧. ഒരിക്കൽ, ൨. കുയിൽമുതലായ ശോഭനപക്ഷികളുടെ നാദം തിങ്ങിയതു. ൩. പച്ചിലമരം. ൪. നിലാവു. ൫, സുഗന്ധം. ൬. കാമാസ്ത്രം.

(൫)ചേവൽപ്പിടകളാം രണ്ടു നൽക്രൌഞ്ചങ്ങൾ
ഭാവമിണങ്ങി രമിച്ചിരുന്നു രസാൽ.
വന്നൊരു വേടനതത്തിലാൺപക്ഷിയേ
കൊന്നാനിറച്ചിക്കു വേണ്ടിസ്സനിർദ്ദയൻ!
കാന്തനേ കാടൻ വധിച്ചതുകണ്ടു ശോ-
കാന്ധയായ് ക്രൌഞ്ചിയുറക്കെക്കരയവേ,
(൬)രുഷ്ടനായ് മാമുനി പുണ്യനദീജലം
തൊട്ടാചമിച്ചു ശപിച്ചാൻ (൭)നിഷാദനേ:—
(൮)"മാനിഷാദ! പ്രതിഷ്ഠാംത്വ-
മഗമശ്ശാശ്വതീസ്സമാഃ
യൽക്രൌഞ്ചമിഥുനാദേക-
മവധീഃ കാമമോഹിതം"
ശ്ലോകമാണിക്കേട്ടതെന്നുക(൯)ണ്ടാരണ-
രുകൾക്കളിത്തൊതിനാർ നന്നുനന്നെന്നുടൻ;—
'ശാപോക്തിയേ ശ്ലോകമാക്കിനാൾ (൰)ഭാരതീ;
ഹാ!പരം രമ്യമീശ്ലോകം മഹാമുനേ!'
അന്നേരം, (ര)മന്വന്നു വാത്മീകി തന്നോടു
വന്നരുൾചെയ്താൻ (വ്യ)വിരിഞ്ചൻ ജഗൽപതി:—
"ധന്യൻമുനീന്ദ്ര, നീ; വാഗ്ദേവി നിന്മുഖം-
തന്നിൽവസിച്ചിതാ ശ്ലോകമായ്ത്തീർന്നതേ!
തീർക്ക രാമായണം രമ്യമധുരമായ്!
സൽക്കീർത്തി(ൻ)യാകല്പമുണ്ടാം ഭവാനിതിൽ"

൫. ചേവ(ആൺ)ലും പിട(പെൺ)യുമായ പക്ഷികൾ. ൬. ക്രുദ്ധൻ. ൭. കാട്ടാളൻ. ൮. അല്ലയോ നിഷാദ, (കാട്ടാള) നീ കാമപീഡിതരായി ക്രീഡിച്ചിരുന്ന ഈ ക്രൌഞ്ചപക്ഷികളിൽ ആൺ പക്ഷിയേ എയ്തുകൊന്നതുനിമിത്തം നീ എന്നെന്നേക്കുമായി നശിച്ചുപോകട്ടെ. ൯. ബ്രാഹ്മണർ. ൰. സരസ്വതി. ര. ദയനിറഞ്ഞ. വ്യ. ബ്രഹ്മാവു. ൻ. പ്രളയംവരെ.

ഏവമരുൾചെയ്തു തത്ര മറഞ്ഞിതു
ദേവകളെല്ലാരുമൊത്തു പിതാമഹൻ.
അമ്മുനിപിന്നെ രാമായണം ചിന്തിച്ചു
രമ്യനദീതടം തന്നിലിരിക്കയായ്.
രാമായണമഥ തീൎത്തുകൊണ്ടാ(ഫ)നഭി-
രാമപദാഢ്യം, ബഹുവൃത്ത(വ)മണ്ഡിതം!!

---

## 23. ഒരു വിലാപം.

[ആയുരാജാവിന്റെ ഭാൎയ്യയായ ഇന്ദുമതിയുടെ പുത്രൻ (നഹുഷൻ) ഈററില്ലത്തിൽനിന്നുതന്നെ മായാവിയായ ഹുണ്ഡാസുരനാൽ അപഹൃതനായി. ദേവപ്രഭനായ തന്റെ നിസ്തുല്യപുത്രനെ കാണായ്കയാൽ സംഭ്രാന്തയായിത്തീൎന്ന രാജ്ഞിയുടെ വിലാപമാണ് താഴെ ചേൎക്കുന്ന വരികൾ]

ഹ ഹ! വന്നുകവൎന്നതാരുവാൻ
മമ സല്ലക്ഷണമൊത്ത പുത്രനേ?
(ഫ)ക്രതുദാന, തപസ്സോടാററുനോ-
ററവഹിക്കിട്ടിയ കുഞ്ഞെനിക്കവൻ!

(വ)മഹിമാവെഴമത്രിപുത്രനൽ-
ത്തെളിവോടേ മമ തന്നോരുണ്ണിയേ

---

ഫ. മനോഹരപദങ്ങൾ ഉള്ളതു. വ. പലതരം വൃത്തങ്ങളാൽ അലംകൃതം.

23. ഫ. യാഗം. വ. ദത്താത്രേയന്റെ അനുഗ്രഹത്താലാണ് ഇന്ദുമതിക്കു പുത്രൻ ജനിച്ചതു.

ഏവനാശ്ശു കവൎന്നുകൊണ്ടുപോയ്?
കനിവറ്റെന്നു(൩)യിരോടുകൂടവേ!

ഹഹ! സൽഗുണവാസഗേഹമേ,
മകനേ, ഹാ! മമ പൊന്നുപൈതലേ,
വിളികേൾക്കെവിടത്തിലാണു നീ?
ഏവ, നെന്നോമനയേക്കവൎന്നവൻ?

(൪)ക്ഷിതിപോചിതദിവ്യലക്ഷണം
മുഴുവൻ ചേൎന്നവനബ്ജലോചനൻ
ദൃഢ(൫)മിന്ദുകുലത്തിനൊക്കെയും
(൬)മുടിമുത്തായ് വരുമായിരുന്നു നീ.

ഏവനോ സുത, കട്ടു നിന്നെ, ഞാ-
നെവിടെപ്പോയിട്ടുമെന്തുചെയ്തിടും!
ഇതഹോ! മമ(൭)മുൻപിറപ്പിലേ-
ദ്ദുരിതത്തിൻ ഫലമായിരിക്കണം.

ശരി, തട്ടിയെടുത്തിരിക്കു, മെൻ-
വശമേല്പിച്ച പരസ്വമന്നു ഞാൻ;
(൮)അതുതാൻ, തനയാപഹാരജ-
വ്യഥ മേ ചേരുവതിന്നു കാരണം.

അഥവാ, (൯)ജനനാന്തരേ, ഗുണാ-
കരമാം വിപ്രനെ മാനിയായ്കയോ

---

൩, ജീവൻ. ൪. ചക്രവൎത്തിലക്ഷണം, ൫. ചന്ദ്രവംശത്തിന്നു ൬. ശിരോഭൂഷണം. ൭. മുജ്ജന്മം. ൮. മുജ്ജന്മം അന്യന്റെ സ്വത്തു അപഹരിച്ചതുകൊണ്ടായിരിക്കാം പുത്രദുഃഖം അനുഭവിക്കാറായതു. ൯. പൂൎവ്വജന്മത്തിൽ.

ഒരു പൈതലൊടമ്മയേപ്പിരി-
യ്ക്കുകയോ ചെയ്യിതി, തായതിൻ ഫലം.

---

# 24 തേജസ്വിനിയായ സുക്ഷത്രിയ.

---

[വാൽമീകിവചനത്താൽ, പരിത്യക്തയായ സീതയേ തിരിയേ വരുത്തുവാൻ നിശ്ചയിച്ച ശ്രീരാമനാൽ നിയുക്തനായ ലക്ഷ്മണൻ വാത്മീകിയുടെ ആശ്രമത്തിൽ വസിക്കുന്ന സുവ്രതയായ സീതയുടെ അടുക്കെ ചെന്നപ്പോഠം സീത പറയുന്നതാണിത്]

ഭദ്രൻ ഭവാനെന്തിനു വന്നുചേർന്നൂ
(ഫ)തപസ്വിലോകപ്രിയമാം വനത്തിൽ?
കൌസല്യയാം ചിപ്പിയിലുത്ഭവിച്ച
മുത്താകുമദ്ദേവനു സൌഖ്യമല്ലീ?

എമ്പേരിലില്ലല്ലി നൃപന്ന(വ)മർഷ?-
മെല്ലാവരും വാഴ്ത്തിവരുന്നതില്ലേ?
അനാരതം (ന)കേവലയായ കീർത്തി-
ക്കധീനനാമസ്സുഗുണാർണ്ണവത്തേ!

അകീർത്തി പേടിച്ചു നരേന്ദ്രനെന്നേ-
ക്കൊല്ലാൻ നിയോഗിച്ചു ഭവാനെയെന്നോ?

---

ഫ. ഈ വിശേഷണം വളരെ അർത്ഥഗർഭമായിട്ടുള്ളതാണ, വ. കോപം, ന. തനിച്ചു ശുദ്ധമായ.

(ഫ)ലോകത്തിലൊട്ടുക്കവിടേയ്ക്കു ശുഭ-
സൽക്കീൎത്തിയുണ്ടാമിതുകൊണ്ടുമെങ്കിൽ.

ചത്തും മണാളുന്ന യശസ്സുറപ്പിൽ
നിൎത്തീട്ടുവോളാണു നിരാകുലം ഞാൻ;
(വ)എന്നാലയേ(ഭ)ദേവര, ഭൎത്തൃലോക-
മെനിക്കു ചിരന്നു ലഭിക്കുമല്ലോ!

അദ്ദേഹമെന്നോബ്ബത! തള്ളിയാലും
ഞാൻ തള്ളിയിട്ടില്ലവിടുത്തെയൊട്ടും;
(ര)ഫലം നിമിത്തത്തിനധീനമത്രേ;
നിമിത്തമുണ്ടോ ഫലവശ്യമാവൂ?

കൌസല്യ ശല്യം പിണയാതെ സൌഖ്യ-
ത്തോടല്ലയോ വാണരുളുന്നു നിത്യം?
ജഗത്രയീപാലകനായവന്റെ
പെറ്റമ്മ, യെന്നിൽക്കനിവേറ്റമുള്ളോൾ.

സുഖത്തോടല്ലീ ഭരതാദി സൎവ്വ-
ബന്ധുക്കളും, ലക്ഷ്മണ, വാണിടുന്നൂ?
സൌഭാഗ്യമേറുന്നവ, ളെന്റെ പേരിൽ
(ദ)പ്രാണാധികസ്നേഹസുമിത്ര താനും?

---

ഫ. ഇതു വല്ലാത്ത കൊള്ളിവാക്കാണു. വ. എന്നാൽ+അയേ (അല്ലയോ) എന്നു പദച്ഛേദം. ഭ. ഭൎത്തൃസോദര. ര. കാൎയ്യം (ഫലം) കാരണത്തിന്നധീനമാണു; എന്നാൽ കാരണം കാൎയ്യത്തിന്നധീനമല്ല. കാരണത്തിന്റെ നിലപോലാണു കാൎയ്യം; കാൎയ്യത്തിന്റെ നിലപോലല്ല കാരണം എന്നു താല്പൎയ്യം. ദൃഷ്ടാന്താ അലങ്കാരം. ദ. പ്രാണനിൽ കവിഞ്ഞ സ്നേഹത്തോടുകൂടിയവൾ.

ഭവാനെയും (ഫ)സൎവ്വജഗൽപ്രസിദ്ധി-
ക്കെന്നോക്കണക്കാശ്ശു വെടിഞ്ഞുവെന്നോ?
എന്തുള്ള (വ)തൻപേരിലുമൻപിണങ്ങാ-
ത്താക്ഷോണിപാലനന(ബ)പേക്ഷ്യമായി?

[സീതയുടേ ഈ വാക്യത്തിൽ, തേജസ്വിനിയായ ഒരു ക്ഷത്രിയസ്ത്രീയിൽ, പരാഭവം സഹിക്കാത്തതുകൊണ്ടു് തിളച്ചുമറിയുന്ന ഈൎഷ്യയും അരിശവും, അഭിമാനോൽക്കൎഷവും സ്പഷ്ടമായി പ്രകാശിക്കുന്നുണ്ടു്]

---

# 25 സമരസന്നാഹം.

---

[ശ്രീരാമന്റെ യാഗക്കുതിരയേ ബന്ധിച്ച വീൎയ്യോദഗ്രനായ വീരമണിരാജാവിന്റെ രാജ്യത്തിൽ, അശ്വരക്ഷകന്മാരായ ശത്രുഘ്നമുഖ്യന്മാർ ചെന്നു കോട്ട വളഞ്ഞു പോൎക്കു വിളിക്കവേ വീരമണിരാജാവു സമരത്തിനു സന്നാഹം കൂട്ടുന്നു]

(ഫ)പെരുമ്പറ വിളംബരധ്വനിയിതാ-
ങ്ങു കേട്ടു, ശ്രയോ
പെരുത്തു പടയാളിമാരരമന-
യ്ക്കകത്തെത്തിനാർ

ഫ. സൎവ്വലോകത്തിലും ഉള്ള പ്രസിദ്ധി. വ. തന്നിൽക്കൂടി സ്നേഹമില്ലാത്ത. ബ. ഉപേക്ഷിപ്പാൻ വയ്യാത്തതു.

25 ഫ. യുദ്ധവിളംബരം ചെയ്യുന്ന പെരുമ്പറയടിയൊച്ച.

(൫)സ്ഫുരൽകവചദേഹരായ് ശിരസിനൽ-
        ത്തലപ്പാവണി-
ഞ്ഞു, രത്നസമരോത്സവം കരുതിയും-
        കളിത്ത(൬)ഞ്ജസാ

ചില(൭)രിരുകുതിരച്ചെ-
        മ്പൊന്മണിത്തേരിലാണ്ടും,
ചിലർ (൮)സുഗുണവിരാജ-
        ദാജിപൃഷ്ഠസ്ഥരായും,
ചിലർ മദകരിതന്മേ-
        ലേറിയുംകീഴ്നൃപന്മാർ
(൯)കലഹരഭസമോട-
        ങ്ങെത്തി രാജാജ്ഞയാലേ.

തൃപ്പാദത്തിലണഞ്ഞു മാനസജവ-
        ത്തേരേറി രുഗ്മാംഗദൻ;
തൽഭ്രാതാവു ശുഭാംഗദൻ മണിമയ-
        പ്പോർച്ചട്ടയിട്ടെത്തിനാൻ;
പൃഥ്വീശാനുജവീരസിംഹനമശേ-
        ഷാസ്ത്രപ്രവീണൻ, (൰)നൃപ-
സ്വസ്രീയൻ ബലമിത്രനും കവചിയായ്
        വാളേന്തി വന്നെത്തിനാർ.

(൧)നാലംഗപ്പടയതൊരുങ്ങിയെന്നു സേനാ-
പാലൻതന്നുടെയറിയിപ്പു കേട്ടടൻതാൻ

---

൫ ചട്ടയിട്ടവർ ൬ വേഗത്തിൽ ൭ രണ്ടുകുതിരകളെപ്പൂട്ടിയ കനകരഥം ൮ ലക്ഷണമൊത്ത കുതിരകളിൽ ഏറിയവർ ൯ യുദ്ധസംരംഭം ൰ രാജാവിന്റെ മരുമകൻ ൧ ആന, തേർ, കുതിര, കാലാൾ എന്നീ നാലംഗങ്ങൾ ഉള്ള സൈന്യം.

(൧)ഭൂലക്ഷ്മീശപരനവനസ്സുപൂൎണ്ണമാകും
സ്ഥൂല(൨)ശ്രീമണിയുരുളൊത്ത തേരിലേറി.

പടന്നു ശംഖൊച്ചു, മടിച്ചു (൩)യോധരേ-
പ്പടയ്ക്കിളക്കംപടി വീരനാദവും;
സ്ഫുടം പരക്കെപ്പറകൊട്ടി കൊട്ടുകാ-
(൪)രടക്കിറങ്ങി നൃവരന്റെ സേനകൾ.

(൫)സുമംഗളം ചെയ്തണിചാൎത്തിയേവരും
സമസ്തശസ്ത്രാസ്ത്രരണഞ്ഞു പോൎക്കളം;
(൬)അമൎത്ത്യലോകത്തെ വിളിക്കുവാൻ സമുൽ-
ഗമിച്ചു പാൎത്തിങ്ങിയ ഭേരിശംഖൊലി.

ഇത്ഥം (൭)മഹാകളകളത്തൊടടൎക്കളത്തി-
ലെത്തി പടയ്ക്കുഴറി വീരമണിക്ഷിതീശൻ;
തത്രാഗമിച്ചു നിലവായ് പടയും തദീയം;
മൎത്ത്യവ്രജത്തെ മുഴുകിപ്പതിനാഴിപോലെ.

---

## 26 പുണ്യവ്രതഫലം.

(കിളിപ്പാട്ട്—കാകളി)

ഉണ്ടായിരുന്നുപോൽ (൧)കാഞ്ചനപത്തനേ
രണ്ടാംകുബേരനായ് വല്ലഭനെന്നൊരാൾ.

---

൧ വീരമണി രാജാവു ൨ വലിയ ശോഭയുള്ള രത്നചക്രങ്ങൾ ൩ പടയാളികൾ ൪ യുദ്ധത്തിനു പുറപ്പെട്ടു ൫ മാംഗളക്രിയകൾ ചെയ്തു ൬ ദേവലോകത്തെ- ഗമ്യോൽപ്രേക്ഷ ൭ വലിയ കോലാഹലം.

26 ൧ സുവൎണ്ണപുരത്തിൽ,

MUL
064960

ഹേമപ്രഭയെന്നവൻെറ ഭാൎയ്യയുള്ള പേ-
രാമഞ്ജുഗാത്രിയോ ദുശ്ശീലചിത്തതാൻ!
വല്ലാത്ത വായാടിയാമവളെപ്പൊഴും
വല്ലഭനോടു കശപിശ കൂട്ടുമേ.
'ചാരിത്രശാലിനി ഞാനെ'ന്നു ചൊന്നവൾ
ജാരരേത്തേടി നടക്കയും ചെയ്യുമേ.
ഏകദാ പോയ്യുന്നനേരത്തു, പാപങ്ങ-
ളാകെ വഹിക്കുമാ ദുഷ്ടയേ വല്ലഭൻ
പാരം ശകാരിച്ചു ശാസിച്ചു; പെണ്ണവൾ
തീരേപ്പിണങ്ങിയിരുപ്പായിതപ്പൊഴേ.
അന്നു ചെയ്തീലാ ജലപാനവുമവ-
ളുന്നതക്രോധാന്ധയായ് വാശിപൂണ്ടഹോ!
അത്തിഥിയാകട്ടെ ഭാഗ്യയോഗാൽ പരി-
വൎത്തനൈകാദശിയായിരുന്നു ബത!
പിറേറദ്ദിവസമോ ശ്രാവണദ്വാദശി!
മുററം മഹാപുണ്യമായ സദ്വാസരം;
(ഫ)ശ്രീപതിനാളിങ്കലുൺകഴിക്കായ്കയാൽ
പാപങ്ങളെല്ലാമൊഴിഞ്ഞു(വ)നല്ലാരവൾ
അന്നു നിശയിൽ മരിച്ചുപോയ്; തൽക്ഷണം
വന്നു യമദൂതർ കൊണ്ടുപോയീട്ടവാൻ.
മുൾത്തടി വങ്കയറെന്നിവ കൈക്കൊള്ളു-
മത്തടിയന്മാർ വരിഞ്ഞുകെട്ടീടവേ,
തത്ര വന്നെത്തിനാർ ശംഖചക്രഗദാ-
ഹസ്തരാമച്യുത (ന)പാൎഷദന്മാരഹോ!
പാശമറുത്താ(ര)നിൎമ്മലയാം നാരിയേ
പാരാതെ ദിവ്യമാം തേരേററിനാരവർ

ഫ ഹരിവാസരം. വ സ്ത്രീ. ന വിഷ്ണുദൂതന്മാർ. ര പാപമകന്നവൾ.

ആയവർചൂഴേ, സ്സുരക്കും (ഫ)സുദുഷ്പ്രാപ-
മായ (വ)ഹരിപുരം പുക്കു വാണാളവാം.

[ഈ പുരാണകഥ ഏകാദശി മുതലായ വ്രതങ്ങൾ നോൽക്കുന്നതു് ആരോഗ്യത്തിനും ആത്മശുദ്ധിക്കും, ക്ലേശസഹിഷ്ണുതാശീലത്തിനും, മനഃസംയമനത്തിനും തുലോം പ്രയോജകീഭവിക്കുന്നതാണെന്നുള്ള സംഗതി ദൃഢമായി ബോധപ്പെടുത്തുന്നതിനുള്ള ഒരർത്ഥവാദകഥയാണെന്നു് അറിയേണ്ടതാണു്]

---

## 27 ബാലഗോപാലൻ.

(I)

(ചെഞ്ചുരുട്ടിരീതി)

തങ്കച്ചിലങ്ക കിലുങ്ങുമാറോമന-
ച്ചെങ്കഴൽ വെച്ചോട്ടമമ്പാടിയിൽ,

പാതകൾതോറുമൊട്ടേറെസ്സലീലമാം-
രീതിയിൽച്ചുററി നടക്കും കൃഷ്ണൻ,

മന്ദസ്മിതത്താലും, മയ്ക്കൺകോണേററാലും,
മറേറാരോ ശൃംഗാരചേഷ്ടയാലും,

(ഫ)ചെഞ്ചൊടി ചുംബിച്ച മോഹനവേണുത-

---

ഫ തിരക പ്രാപിപ്പാൻ കഴിയാത്തതു വ വിഷ്ണുലോകം.

27 ഫ അധരപല്ലവത്തിൽചേർത്ത ഓടക്കുഴലിൻെറ ചേതോമോഹനമായ ഗാനസ്വരം.

ന്നാഞ്ചിതാലാപസഞ്ചാരങ്ങളാലും,

(ഫ)ആയർപ്പെണ്ണുങ്ങൾ തന്നന്തഃകരണത്തെ
മായാവിമോഹിതമാക്കിടുന്നോൻ,

(വ)ദിവ്യമാല്യാംബരഗന്ധാനുലേപനൻ,
മൂവുലകത്തെയും മോഹിപ്പിപ്പോൻ,

ആനന്ദരൂപനാ യോഗികൾ സുപ്രേമ-
ധ്യാനത്തിൽ കാണുന്ന സത്യതത്വം,

(II)

(അന്നനട)

അരക്കെട്ടിൽദ്ദിവ്യവിചിത്ര വസ്ത്രവും
തിരുമെയ്യിൽ മഞ്ജുവിഭൂഷയുംചാർത്തി,
മയിൽപ്പീലി ചൂടി, സ്സുകുണ്ഡലവുമായ്,
മണിവേണു കക്ഷസ്ഥലത്തിലായ് വെച്ചും,
വലത്തുകാലിടംകണങ്കാലിൽചേർത്തും,
ജലജമൊട്ടുപോലിരു കൈ കൂപ്പിയും,
പരാത്ഭുതമായ വടിവോടേ വട്ടം-
തിരിഞ്ഞുകൊണ്ടു താന്നരങ്ങത്തു കേറി,
(ന)അളിയെതിർ കണ്ണുമകക്കാമ്പുമേറേ-
ക്കളിത്ത ഗോകുലകുമാരിമാർ ചുറ്റും
തെരുതെരെത്തൂകു(ര്)മലർമഴയുമേ-
റ്ററുളും കണ്ണനാണിഹ സദാശ്രയം!

---

ഫ ഗോപസ്ത്രീകൾ  വ ദിവ്യങ്ങളായ മാലകളും വസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളും ചാർത്തിയവൻ  ന വണ്ടിനോടുതുല്യം  ര പുഷ്പവൃഷ്ടി.

(III)

(പാന)

നീരിൽമുക്കി വെട്ടപ്പാക്കിയ മിക-
വേറുമഞ്ജനത്തിൻെറ നിറം പൂണ്ടും,
നന്മണമെഴും കാർകുന്ദ കുന്തലി-
ലുന്മദമയിൽപ്പീലി തിരുകിയും,

മുഗ്ദ്ധവസ്ത്രമണിപ്പൂച്ചെണ്ട ചൂടിയും,
ചിത്രമാം പൊട്ടു നെററിമേൽ മിന്നിയും,
(എ)ചൂർണ്ണകുന്തളപാളികൾ (വ)ദർപ്പണ-
പൂർണ്ണഭാസ്സാം കവിളിൽച്ചിതറിയും,

തത്തതൻകൊക്കു മെള്ളിൻെറപുഷ്പവു-
മത്തൽതേടുന്ന നാസികയൊത്തുമേ,
മത്തഭൃംഗങ്ങൾ മേല്ക്കുമേലേ പറ-
ന്നൊത്തു(ന)മ്പർമരമലർമാലയാൽ,

മെത്തിയ തോൾ വിളങ്ങിയും, കണ്ഠത്തി-
ലുത്തമവനമാലിക ചാർത്തിയും,
ചാരുകൌസ്തുഭ ശ്രീവത്സയുക്തമാം
മാറിൽ വെണ്മുത്തുമാലകളാടിയും,

മഞ്ഞപ്പട്ടാൽ മറഞ്ഞ നിതംബവും,
മഞ്ജുവാം തുടമൂട്ടമിണങ്ങിയും,

---

എ കുറുനിരകൾ വ. കണ്ണാടിപോലെ മിന്നുന്ന ന. ദേവവൃക്ഷ (കല്പക) പുഷ്പമാല.

(൪)കങ്കണാംഗദനൂപുരാദ്യങ്ങളാം
തങ്കരത്നവിഭൂഷകൾ ചാർത്തിയും,

കോടിമന്മഥന്മാരെ വെല്ലുമതി-
പ്രൌഢലാവണ്യധോരണിയേന്തിയും,
ഗോകുലത്തിൽ വിളങ്ങുന്ന ദൈവതം
(൫)ശോകനാശായ (൬)ഭൂയാദ(൭)നാരതം.

(IV)

(൮)പാടീരാലിപ്തചേതോഹരശുഭതനുവായ്,
    ചെമ്പരുത്തിപ്രസൂനം
ചൂടി, പ്പീതാംബരം ചുററിയും, (൯)മസിതനിറ-
    പ്പട്ടുതോളത്തണിഞ്ഞും,
വാടാക്കൽഹാരമാല്യത്തൊടുമടവികളിൽ
    ഗോപബാലാഢ്യനായി-
ട്ടാടിപ്പാടിച്ചരിക്കും ഹരിയെ(൰)യവിരതം
    സേവനം ചെയ്തിടുന്നേൻ.

---

൪ കൈവള, തോൾവള, കാൽച്ചിലമ്പു മുതലായ ൫ ദുഃഖനാശത്തിനായി ൬ ഭവിക്കട്ടെ ൭ എല്ലായ്പോഴും ൮ ചന്ദനം പൂശിയ കോമളമേനിയോടുകൂടിയവൻ ൯ കറുത്ത പട്ടു ൰ എല്ലായ്പോഴും

# 28 ഈശ്വരപ്രാൎത്ഥന.

നാനാവിമോഹകദനോർമ്മികൾ ചേൎന്നദോഷ-
യാദോഗണങ്ങളിടതിങ്ങിയപാരമായി
ഗംഭീരമാകിയ ഭവാംബുധിയിൽക്കുഴങ്ങു-
മെന്നേ കനിഞ്ഞു കരയേററുക ലോകനാഥ!

എൻകർമ്മമേഘമിടിവെട്ടി മൃതിന്മാരി
പെയ്യുന്നു; മിന്നലിളകുന്നിതഘോലൂരത്താൽ;
കൺകാഴ്ചവിട്ടു മറിവാമിരുളിൽക്കിടന്നു
ചുററുന്നെനിക്കു ജഗദീശ്വര! നീ സഹായം.

വ്യാമോഹകേസരികളും ബഹുദുഃഖവൃക്ഷ-
സ്തോമങ്ങളും ചുഴലുമീബ് ഭവകാനനത്തിൽ
ഭീമാമയാഗ്നി പിടിപെട്ടു ദഹിക്കുമെന്നേ
പ്പൂമാനിനീരമണ, കാത്തരുളേണമേ നീ!

ആയാസശോകമയ ശാഖകൾ, മായയാംവേർ,
ജായാദ്യരാമിലകളെന്നിവയൊത്തു പൊങ്ങി
കായ്പൂണ്ടു നിൽക്കുമതി ജീർണ്ണഭവദ്രുമത്തിൽ-
പ്പോയേറി വീണിതടിയൻ; ജഗദീശ, പാഹി!

മോഹപ്പെരുമ്പുക, വിയോഗ മൃതിവ്യഥോഗ്ര-
ജ്വാലാകലാപമിവ ചേൎന്ന ഭവാഗ്നിയാലേ
വേകുന്നു ഞാനനിശവും, തിരുമേനിയെങ്കൽ
ജ്ഞാനാംബു തൂകി ഭഗവൻ, കളകെന്റെ താപം!

എല്ലായ്പ്പൊഴും പെരിയമോഹതമസ്സു ചൂഴും
സംസാരവൻകുഴിയിൽവീണു കിടക്കയാം ഞാൻ;
പേടിച്ചുരണ്ടുഴലുമെന്നെയിതിങ്കൽനിന്നു
നീതാൻ പിടിച്ചുകരയേററുക, ദീനബന്ധോ!

ചൊൽവീല മറെറാരുവനോടു് ഭഗവൻ, ഭജിപ്പീ-
ലൊപ്പീല, നിൻ ചരണമേ പണിയുന്നവൻഞാൻ;
പാലിക്കുകങ്ങു ശരണാഗതനാകുമെന്നേ;
പാപവ്രജങ്ങളും മമ പാഞ്ഞൊഴിയട്ടെ മുററും.

---

15 OCT 1931

# 29. കാത്ത്യായനി.

[മഹിഷാസുരമർദ്ദനത്തിനായി അവതരിച്ച ഭഗവതിയായ കാത്ത്യായനീദേവി, മഹിഷാസുരനെ പോരിന് വരുത്താനായി വിന്ധ്യപർവ്വതത്തിന്റെ ശിഖരത്തിൽ ചെന്നിരുന്നരുളുമ്പോൾ, മഹിഷന്റെ ദൂതന്മാരായ ചണ്ഡമുണ്ഡന്മാർ അത്ഭുതരൂപിണിയായ ദേവിയെക്കണ്ടിട്ട്, അസുരേന്ദ്രന്റെ അടുക്കെച്ചെന്നു വിവരം ധരിപ്പിക്കുന്നതാണിത്.]

(കിളിപ്പാട്ട്)

(൧)അയി, ദനുജവര, വൈരത്തെ മരുവീടുന്നതെന്തുവാ-
നങ്ങെഴുന്നെള്ളുക; വിന്ധ്യനേക്കാൺക നാം;
അവിടെ(൨)യുരുതരമഹിമ തടവുമൊരു കന്യയു-
ണ്ടപ്സരസ്ത്രീകളേക്കാളും മനോഹരി
(൩)കരിമുകിലിനിടിവരുളുമവളുടയ കുന്തളം;
കണ്ണുമൂന്നുണ്ടു മൂന്നഗ്നിക്കുതുല്യമായ്.
(൪)കമനിയുടെ(൫)വദനമൊടുപനിമതിയടുത്തിടാ;
കണ്ഠമോ ശംഖിന്നു കുണ്ഠത നൽകിടും.
ഘൃണയൊടെതിർപടതുടരുമലഘുഗജകുംഭമായ്;-
(൬)ചൂചുകം താണുരുണ്ടുള്ളപോർകൊങ്കകൾ;
അതുകൾ,തവ സകലജയകുശലത നിരസ്സയാ-
(൭)ലംഗജൻനിർമ്മിച്ച രണ്ടു ദുർഗ്ഗങ്ങൾതാൻ!

---

൧. അല്ലയോ അസുരരാജാവേ ൨. ഏററവും വലിയ മാഹാത്മ്യം. ൩. കാർമേഘത്തിന് ഇടിവു വരുത്തുന്നതു്. ൪. സുന്ദരി. ൫. മുഖത്തോടു ചന്ദ്രൻ അടുക്കുകയില്ല. ൬. മുലക്കണ്ണ്. ൭. കാമദേവൻ നിർമ്മിച്ച രണ്ടു കോട്ടകൾ.

(൧)പരിപുഷ്ടലപരിഘസമവടിവൊടുവിളങ്ങുന്ന
പത്തുമെട്ടുംകൈകളായുധധാരികൾ
ചിതമൊ(൨)ടലർവിശിഖനയി,തവബലപരാക്രമം
ചിന്തിച്ചുതീർത്തുള്ളയന്ത്രങ്ങൾപോലവേ
(൩.)രുരുസദൃശനയനയുടെ(൪)കൊടിനടുവലിത്രയ-
രോമാളികളൊത്തു ലാലസിക്കുന്നതേ;
(൫)ത്രിവലിയത്രു, തവ കയറുവതിന്നു രതിവല്ലഭൻ
തീർത്ത സോപാനമാണെന്നുതോന്നുംപ്രഭോ!
മററിളയുടെമഹിതകുചയുഗളമൊടുചേന്നതി-
മാത്രംവിളങ്ങുന്നതുണ്ടുരോമാവലി:
(൬)പെരിയസുരകുലവിമത,കയറുമളവങ്ങയേ-
പ്പേടിച്ചുകാമൻെറ വേർപ്പൊഴുക്കാംവിധം.
(൭)പുരുഷജനനയനഹരമവളുടെവലംപിരി-
പ്പൊക്കിൾവിളങ്ങുന്നിതേററം(൮)ഗഭീരമായ്:
സ്വയ(൯)മസമശരധരണിരമണനൊരുമുദ്രയാ-
സ്സൗന്ദര്യ്യവീട്ടിന്നുവെച്ചതുപോലവേ.
അബലയുടെ(൧൦)വിപുലതരജഘനമരഞ്ഞാണണി-
ഞ്ഞാലസിക്കുന്നു(൧൧)നിലിമ്പവൈരിപ്രഭോ;
അതുമദനമനുജപതിയുടെമതിൽചുഴന്നതാ-
യത്യന്തദുർഗ്ഗമാംകൊട്ടാരമായ്വരാം!

---

൧. ഏററവും തടിച്ചുരുണ്ട പരിഘത്തൊടുതുല്യങ്ങൾ. ൨. കാമദേവൻ. ൩. കൃഷ്ണമൃഗത്തിൻെറ കണ്ണുപോലെയുള്ള കണ്ണോടുകൂടിയ (സുന്ദരി) വൾ. ൪. ഭംഗിയുള്ള മധ്യപ്രദേശം. ൫. ഉദരോപരിഭാഗത്തു് വിലങ്ങനെയുള്ള മൂന്നു മടക്കുകൾ. ൬. അസുരകുലപ്രഭോ. ൭. പുരുഷന്മാരുടെ ദൃഷ്ടികളെ ആകർഷിക്കുന്നതു്. ൮. അഗാധം. ൯. കാമദേവനാകുന്ന രാജാവു്. ൧൦. തടിച്ച നിതംബം. ൧൧. ദേവശത്രു (അസുര) പ്രഭോ,

(ഫ)രുചിരതനുവിനുടെതുടയിണപരിലസിക്കുന്ന
രോമമില്ലാതേയുരുണ്ടുമിനുത്തതായ്;
(വ)കമലശരനലിവിനൊടുജനതയുടെപാൎപ്പിനായ്-
ക്കല്പിച്ചതാംരണ്ടുദേശംകണക്കിനെ
മികവിയലുമുയരമൊട്ടുതരുണിയുടെ(ന)ജാനുക്കൾ
മിന്നുന്നി,തായവതീൎത്തിട്ടു(ര)താന്തനായ്
അതുകളുടെമുകളി(ഭ)ലജനിരുകരതലംശരി-
ക്കപ്പിച്ചിരിക്കാമെളവുനോക്കിടുവാൻ!
നെറിയുടയമഹിഷ,പൂനരവളുടെകണങ്കഴൽ
നേക്കരുണ്ടുള്ളോന്നരോമശമുത്തമം;
(ന്ന)അഴകുകളെനളിനഭവനലകിൽമുഴുവൻനട-
ന്നാരാഞ്ഞെടുത്തുതാൻതീൎത്താനതാസ്ഥയിൽ!
(൭)നിയതമവളുടെയകഴലിണവിധിപണിപ്പെട്ടു
നിൎമ്മിച്ചതാ(വ്യ)ന്നംബുജോദരസുപ്രഭം!
(ൻ)നലമുടയനഖര(ഫാ)മണിനിര(ഫഫ)ഗഗനസീമാവിൽ
നക്ഷത്രമാലപോലുജ്ജ്വലിക്കുന്നതേ.

---

ഫ. ഏററവും മനോഹരമായദേഹത്തോടുകൂടിയവൾ (സുന്ദരി). വ. കാമദേവൻ. ന. കാൽമുട്ടുകൾ. ര. തളൎന്നവൻ. ഭ. ബ്രഹ്മാവ്. ന്ന ബ്രഹ്മാവു ലോകത്തിലുള്ള സകല സൌന്ദൎയ്യങ്ങളും ചേൎത്തുണ്ടാക്കിയതാണ്. ൭. തീൎച്ചയായും. വ്യ. താമരപ്പൂവിന്റെ അന്തൎഭാഗത്തെപ്പോലെ ശോഭയുള്ളതു. ൻ. നന്മയുള്ള ഫാ. രത്നങ്ങളെപ്പോലെയുള്ള നഖങ്ങളുടെ പങ്ക്തി. ഫഫ. ആകാശത്തിൽ. ഈ കവിതയിലെ ഉൽപ്രേക്ഷാലങ്കാരങ്ങൾ രസികജനരസായനങ്ങളായിട്ടുള്ളവയാണ്. കാൽമൊട്ടുകളുടെ ഉപരിഭാഗങ്ങളുടെ വടിവും ചന്തവും വെളിപ്പെടുത്തുന്നതിനായി പ്രയോഗിച്ചിരിക്കുന്ന, "അതുകളുടെ മുകളിലജനിരുകരതലംശരിക്കപ്പിച്ചിരിക്കാമളവുനോക്കിടുവാൻ" എന്ന ഉൽപ്രേക്ഷയുടെ രസികത്വം നോക്കുക.

# 30 സരസ്വതീസ്തോത്രം.

[മാർക്കണ്ഡേയമഹർഷി ചൊല്ലിയ പുണ്യമായ സരസ്വതീസ്തോത്രമാണിതു്.]

(കിളിപ്പാട്ടു്)

സകലലോകാംബികേ, ദേവി, നീ (൧)വേദാരണി;
(൨)സദസദ്രൂപേ, (൩)മുക്തിബോധത്തിൻ സുപദമേ,
അഞ്ജലിയിൽജ്ജലംപോലെ നിങ്കൽത്താനിരിക്കുന്നി-
(൪)തക്ഷരപരബ്രഹ്മ (൫)മക്ഷരഭുവനവും.
മരത്തിൽച്ചെന്തീപോലെ മന്നിങ്കൽ ഗന്ധംപോലെ-
യിരിപ്പൂ നിങ്കൽ ബ്രഹ്മം നിശ്ശേഷം ജഗത്തിതും.
ആസ്പദം ദേവി, ചരാചരങ്ങൾക്കൊ(൬)ങ്കാരമാ-
ണായതിൻ(൭) മാത്രാത്രയം സർവ്വമാം സദസത്തും,
മൂപ്പാരു, (൮)മൂവേദങ്ങൾ, (൯)മൂവിദ്യ, (൧൦)മൂന്നഗ്നികൾ,
(൧൧)മൂന്നു തേജസ്സും, (൧൨)ധർമ്മമുഖ്യമാം വർഗ്ഗം മൂന്നും,
൧൩)മുഗ്ഗുണം, ൧൪)മൂവർണ്ണങ്ങൾ, ൧൫ മൂദ്ദേവർ, മുപ്പിതൃക്കൾ,

൧. വേദങ്ങളുടെ ഉൽപ്പത്തിസ്ഥാനം. (വേദപ്രകാശിനി) ൨. വ്യാവഹാരികദശയിൽ (സ്ഥൂലദൃഷ്ട്യാ) മാത്രം ഉള്ളതും, പാരമാർത്ഥികദശയിൽ (സൂക്ഷ്മദൃഷ്ട്യാ) ഇല്ലാത്തതുമായ രൂപത്തോടുകൂടിയവൾ. ൩. മോക്ഷജ്ഞാനത്തിൻ സ്ഥാനമേ. ൪. നാദബ്രഹ്മം. ൫. വിദ്യ (നാശരഹിതമായ ലോകം) ൬ ഓങ്കാരം, അ—ഉ—അമ് എന്നീ വർണ്ണങ്ങൾ കലൎന്ന സ്ഫോടാത്മകമായ പ്രണവവുമാകുന്നു. ൭. മൂന്നുമാത്രകൾ (കേവലാംശങ്ങൾ) ൮. ഋക്ക്, യജുസ്സ്, സാമം. ൯. വേദം, ശാസ്ത്രം, തന്ത്രം. ൧൦. ദക്ഷിണാഗ്നി, ഗാർഹപത്യം, ആഹവനീയം. ൧൧. സൂര്യചന്ദ്രാഗ്നികൾ. ൧൨. ധർമ്മപ്രധാനമായിട്ടുള്ള മൂന്നു പുരുഷാർത്ഥങ്ങൾ. ൧൩. സത്വം, രജസ്സ്, തമസ്സ്. ൧൪. അ: ഇ. ഉ. ൧൫. ഹരിഹരവിരഞ്ചന്മാർ.

(ഫ)മുദ്ദോഷം, മൂന്നവസ്ഥാ- യണിമാദികൾ മൂന്നും
(വ)ഇമ്മൂന്മാത്രകളത്രെ ത്വദ്രൂപം സരസ്വതി;
(ന)ബ്രഹ്മത്തിന്നാദിമങ്ങൾ, വിഭിന്നദർശനങ്ങൾ
നിത്യങ്ങളവ ദേവി, ത്വദുച്ചാരണാൽ ബ്രഹ്മ-
വിത്തുകൾ സാമഹവിഃപാകസ്ഥങ്ങളാകുന്നു.
(ര)അർദ്ധമാത്രയിൽ നില്ക്കും പരമാം ത്രൂപാദിവ്യ-
മക്ഷയം, പരിണാമവർജ്ജിതമവിക്രിയം
ഇന്നമട്ടെന്നോതാവല്ലെനിക്കും മററാർക്കും നാ-
വണ്ണാക്കെച്ചുണ്ടിത്യാദികൾ കൊണ്ടതു ചൊൽവാൻ വയ്യാ.
വിഷ്ണുശങ്കരബ്രഹ്മചന്ദ്രാർക്കജ്യോതിർമ്മയം
വിശ്വമന്ദിരം, വിശ്വരൂപകം, മഹൈശ്വര്യം,
(ദ)വേദസാംഖ്യോക്തം, പലശാഖയാൽ സ്ഥിരീകൃത-
മാദിമദ്ധ്യാന്തഹീനം, സദസദ്രൂപം സദാ,
ഭാവഭേദത്താലനേകത്വമേൽക്കിലുമേകം,
കേവലം ഷഡ്ഗുണാഢ്യ, മനാഖ്യ മനേകാഖ്യം,
വിവിധശക്ത്യഭിജ്ഞം, വിവിധശക്ത്യുത്ഭവം,
ത്രിഗുണാധാരം, ദ്വൈതൈകാത്മകം, സുഖാൽസുഖം,
സുമഹാസൌഖ്യം, തവരൂപ; മീവിധം ദേവി,
അദ്വൈതസ്ഥമാം ബ്രഹ്മം ദ്വൈതത്തിലിരിപ്പതും
നിത്യവുമനിത്യവും സ്ഥൂലവും സൂക്ഷ്മങ്ങളും,

ഫ. വാതം, പിത്തം, കഫം. വ. ഇപ്പറഞ്ഞവയുടെ കേവലാംശങ്ങളാണ് സരസ്വതിയുടെ സ്വരൂപമെന്നു പറയുന്നു. സരസ്വതി സ്ഫോടരൂപിണിയാണെന്നുള്ളതിന്റെ വിവരണമാണിതു്. ന. ബ്രഹ്മത്തിന്റെ ആദ്യപ്രകടനങ്ങൾ. ര കേവലാവസ്ഥയിൽ സ്ഥിതിചെയ്യുന്നതും മാററങ്ങൾ ഇല്ലാത്തതും മാറുമായ ദേവീസ്വരൂപം അവർണ്ണനീയമെന്നു താൽപ്പര്യം. ദ. വേദങ്ങളിലും, സാംഖ്യദർശനത്തിലും പറയപ്പെട്ടതു്.

മന്നിലും വാനത്തും മററിടത്തു മിരിപ്പതു-
മെന്തിവയെല്ലാം നീതാൻ ദൃശ്യമാമൊരാശ്രയം!
മൂൎത്തമെന്തമൂൎത്ത മെന്തെന്തു ഭൂതത്തിൻകൎമ്മം
പേരെത്തന്തുവേദത്തിലും മറെറഴുത്തിലുമുള്ളു;
ആയതൊക്കെയും വ്യഞ്ജനാക്ഷരങ്ങളാൽ ബദ്ധ-
മായതാവകരൂപം താനല്ലോ സരസ്വതി!,

[ഈസ്തോത്രം, നാദബ്രഹ്മാത്മികയായ വാഗ്ദേവിയാണ് ചരാചരാത്മകമായ ഈ വിശ്വമായി പരിണമിച്ചിരിക്കുന്നതെന്നും, ഉപാദാനകാരണമായും ഉപാധികാരണമായും ഇരുന്ന് നാദത്താൽ വിശ്വത്തെ അഭിവ്യക്തമാക്കിയിരിക്കുന്നമഹാശക്തിയാണ് ദേവിഎന്നും, മററുമുള്ള പരമതത്വങ്ങളെ പ്രതിപാദിക്കുന്നതാണ്]

## 31. ഗന്ധൎവ്വകന്യകമാർ.

(പ്രമോഹിനി, സുശീല,, സുസ്വര, ചന്ദ്രിക, സുതാര എന്നീ സുന്ദരീരത്നങ്ങളായ അഞ്ചു ഗന്ധൎവ്വകന്യകമാർ ഒരിക്കൽ അച്ഛോദസരസ്സിൽ സ്നാനത്തിന ചെല്ലുകയും, അവിടെവെച്ച് വേദനിധിമഹൎഷിയുടെ സീമന്തപുത്രനും, കാമകോമളരൂപനുമായ മുനി കുമാരനേകണ്ടു മോഹിതകളായിത്തീരുകയും മന്മഥ പീഡയാൽ മുനികുമാരനോടു പ്രണയപ്രാൎത്ഥനചെയ്തപ്പോൾ അദ്ദേഹം വിസമ്മതിക്കയാൽ അദ്ദേഹത്തെ ബലാൽഗ്രഹിക്കുകയും പരസ്പരം ശപിക്കയാൽ പിശാചുക്കളായിത്തീരുകയും ചെയ്യുന്നതായി പത്മപുരാണത്തിൽ വൎണ്ണിക്കുന്ന കഥയിൽഉള്ളതാണ് ഈ കവിത)

(കിളിപ്പാട്ട്)

ചന്ദ്രങ്കൽനിന്നു പൊഴിഞ്ഞ നിലാവുക—
ളെന്നപോലുജ്ജ്വലഗാത്രിമാരെവരും.
(൧)ചന്ദ്രബിംബാസ്യമാർ (൨)ചാരുകബരികൾ
(൩)ചന്ദ്രകാന്താഭരണങ്ങളണിഞ്ഞവർ.
ലാവണ്യരാശികൾപോലേ മനോജ്ഞമാ-
(൪)രാവണ്ണ സുരൂപമാർ(൫)വാനവന്മാർകളിൽ
ആവതോളം വിളയാടിനാർ. തൂവെണ്ണി
ലാവുകളാമ്പലപ്പൂക്കളിൽപ്പോലവേ.
(൬)ഉല്ലസദ്യൌവനമാരവർ (൭)നൂതന-
പല്ലവമേന്തിയ വല്ലികൾ പോലെയായ്;
ഒട്ടൊട്ടയന്നു, വസന്തത്തിൽ നന്മലർ-
മൊട്ടുകൾ പോലവർ തന്നിളംകൊങ്കകൾ.
പൊന്നിൻനിറം പൂണ്ട തന്വംഗിമാരവർ
പൊന്നൊളിച്ചമ്പകമാലകൾ ചാർത്തിയും,
പൊന്നിൻ കസവിട്ട പട്ടുടുത്തും, തനി-
പ്പൊന്നായമെയ്ക്കോപ്പണിഞ്ഞും വിളങ്ങിനാർ.
പാട്ടാട്ടമോടക്കുഴലൂത്തു (൮)വല്ലകി-
മീട്ടൽമൃദംഗാദി വാദ്യതാളക്രമം
ചിത്രമെഴുത്തെന്നുതൊട്ട കലകളി-

---

൧. ചന്ദ്രതുല്യമായ മുഖത്തോടുകൂടിയവർ. ൨. മനോഹരമായ തലമുടിയുള്ളവർ. ൩. ചന്ദ്രനെപ്പോലെ തിളങ്ങുന്ന ആഭരണങ്ങൾ. ൪. സുന്ദരിമാർ. ൫. ദേവന്മാരുടെ ഇടയിൽ. ൬. ഉദിച്ചുയരുന്ന യൌവനത്തോടുകൂടിയവർ. ൭. പുതുതളിരുകൾ പൂണ്ട വള്ളികൾ. ൮. വീണയുടെ മീട്ടൽ.

ലെത്രയും(ഫ)കൌശല്യമേറുമക്കന്യമാർ
മാതാപിതൃപരിലാളിതമാരായി
മോദിച്ചുമേളിച്ചുവാണാരളകയിൽ.
വാസന്തകാലത്തൊരുനാളി(വ)ലസദ്ദിവ്യ-
ഭാസമാനാംഗിമാരെവരുമൊത്തുതാൻ
മന്ദിയാതോരോ വനാന്തരമുൾപ്പുക്കു
മന്ദാരപുഷ്പങ്ങൾ ശേഖരിച്ചാസ്ഥയാ
(ന)അച്യുതസോദരിക്കർച്ചനം ചെയ്യുവാ-
നച്ഛോദമെന്ന സരസ്സിങ്കലെത്തിനാർ
പൊന്താമരകളുമുല്പലച്ചാർത്തുമാ-
പ്പൊയ്കയിൽനിന്നു പറിച്ചേന്തി വീണ്ടുമേ,
ശുദ്ധസ്ഫടികവൈഡൂര്യപ്പടവുക-
ളൊത്തകടവിൽ കുളിയുംകഴിച്ചവർ
മണ്ണുകൊണ്ടംബികാവിഗ്രഹം തീർത്തതിൽ
സ്വർണ്ണമുക്താമണിഭൂഷകൾ ചാർത്തിനാർ;
കുങ്കുമചന്ദനഗന്ധങ്ങൾ പൂശിച്ചു
പങ്കജാദ്യങ്ങളാൽ പൂജനടത്തിനാർ;
(ര്)നാനാവിധോപഹാരങ്ങൾ നിവേദിച്ചു
മാനസഭക്തിയാൽ (ഒ)നൃത്തനമാടിനാർ;
(ന്ന)ഭാവധ്വനിഗതിമൂർച്ഛനായുക്തങ്ങൾ
(൭)പാവനഗാനങ്ങൾ ഭംഗിയിൽ പാടിനാർ

---

ഫ. സാമർത്ഥ്യം. വ. ദിവ്യവും ശോഭനവുമായ ദേഹത്തോടുകൂടിയവർ. ന. കാത്യായനീദേവി (ദുർഗ്ഗാ). ര്. പലതരം മധുരഫലോപഹാരങ്ങൾ. ഒ. നൃത്തംവെച്ചു: ന്ന. സ്വരത്തിന്റെ ഭാവം. (വികാരസ്ഫുരണം) ധ്വനി, (നാദം) ഗതി, മൂർഛന (ആരോഹാവരോഹക്രമങ്ങൾ) എന്നിവശരിക്കുള്ളവ. ൭, പരിശുദ്ധങ്ങളായ പാട്ടുകൾ.

[ തത്സമയം സ്നാനത്തിന്നായി അവിടെവന്ന മഹർഷികുമാരനേകണ്ടു് മോഹിതകളായി അത്ഭുതസംഭ്രമങ്ങളോടേ അദ്ദേഹത്തിൻെറ രൂപാമൃതത്തേ നേത്രാഞ്ജലികൾകൊണ്ടു നുകൎന്നു്, വല്ലാതേ മദനപീഡിതകളായിത്തീൎന്ന ആ ഗന്ധൎവ്വകന്യമാർ അഞ്ചുപേരും അന്യോന്യം ഇങ്ങിനേഅഭിപ്രായപ്പെട്ടു]

(കണ്ണപൎവ്വരീതി)

ഇതു(ഫ)മദനനായിരിക്കുമോ? പക്ഷേ,
രതിദേവിയോടു പിരിയുമോ സ്മരൻ?
(വ)സുരലോകഭിഷക്കുകളാകാമവ-
രിരുവരുമൊത്തേ നടക്കുമാറുള്ളു.
സുരസിദ്ധൎഷികിന്നരഗന്ധൎവ്വരി-
ലൊരുവനോസൌമ്യനിവൻ നരേന്ദ്രനോ?
(ന)വിധിയാൽ നമ്മൾക്കായ് രചിതനോ ഇവൻ?
നിധി(ഭ)ധന്യൎക്കു മുൻസുകൃതത്താൽപ്പോലേ!
കരുണയിൽമുങ്ങി(ഭ)ഗ്ഗിരിജ നമ്മൾക്കായ്
വരുത്തിയ (ന്ന)വരോത്തമന്നാകാമിവൻ!

## 32. ഒരു ധൎമ്മപത്നി.

---

[സദ്വൃത്തനും ഭക്തനുമായ കൃകലൻ എന്ന വൈശ്യവണിക്ക്, തീൎത്ഥാടനത്തിനു പുറപ്പെട്ടപ്പോൾ സഹധൎമ്മചാരിണിയും സുന്ദരിയുമായ അദ്ദേഹത്തിൻെറ പത്നി സു

ഫ. കാമദേവൻ. വ. അശ്വിനീദേവന്മാർ. ന. ബ്രഹ്മാവിനാൽ നമ്മൾക്കായി സൃഷ്ടിക്കപ്പെട്ടവനോ?. ഭ. ഭാഗ്യവാന്മാർ. ഭ. ദുൎഗ്ഗാദേവി. ന്ന. ഉത്തമഭൎത്താവു്.

കല എന്ന സാദ്ധ്വി ഭർത്താവിനോടുകൂടി തീർത്ഥയാത്രയ്ക്കു തന്നേയും കൊണ്ടുപോകുവാൻ അപേക്ഷിച്ചതിനാൽ ഇതികർത്തവ്യതാമൂഢനായിട്ടു വിചാരിക്കുകയാണ്]

(ശ്ലോകങ്ങൾ)

ഇവൾകൂടെവരുന്നതാകിൽ, (ഫ)മാ-
ലിയലും (വ)ദുർഗ്ഗപഥങ്ങൾതോറുമേ
കുളിർ, ചൂടി, വമൂലമാകുല-
പ്പെട്ടുമല്ലോ (ന)മലർമെയ്യിതത്രയും!

(ര)അരവിന്ദദളത്തിനൊക്കുമീ
(ഒ)വരവർണ്ണം കലരും(ന്ന)കളേബരം
ഒളികെട്ടുകരുത്തിരുണ്ടുപോം
കുളിർകൂട്ടും കൊടുതായ കാററിനാൽ.

വഴിയിൽ (൭)കഠിനോപലങ്ങൾ കൊ-
ണ്ടിവൾതൻ കോമളമാം പദദ്വയം
കൊട്ടുവേദനയേൽക്കുകില്ലയോ
നടകൊൾവാനരുതാതെയാം വിധം?

ഇവളേതൊരു മട്ടിലായ്വരും
പശിയും ദാഹവുമാക്രമിക്കവേ,
(വ്വ)സുഭഗാനന സുന്ദരാംഗിയാ-
ളിവൾ മെ താങ്ങിവൾ (ൻ)ധർമ്മസംശ്രയ!

---

ഫ. ദുഃഖം (ക്ലേശം) ഉള്ള. വ. നടപ്പാൻ വയ്യാത്തവഴികൾ. ന. പൂവുപോലെ മൃദുലം. ര. താമരത്താരിതൾ. ര. നല്ലനിറം. ന്ന. ദേഹം. ൭. പരുത്തകല്ലുകൾ. വ്വ മനോഹരമായ മുഖത്തോടുകൂടിയവൾ. ൻ. ധർമ്മത്തിനാശ്രയം.

ഇവളെന്നുമെനിക്കു ജീവിത-
പ്രിയ, ധർമ്മത്തിനു താങ്ങുമിങ്ങിവൾ!
ഹഹ! കഷ്ടമിവൾക്കപായമേ-
ല്ക്കുകിലിന്നെൻ കഥയും കഴിഞ്ഞുപോം!

ഇവൾതാനുലകിൽപ്പൊരുപ്പെനി-
ക്കിവൾതാൻ മാമകജീവിതേശ്വരി!
ഇവളേബ്ഭത! കൊണ്ടുപോകവ-
(ഫ)യ്യധുനാ ഞാൻ തനിയേ ഗമിക്കുവൻ.

## 33. വിഷ്ണുസ്തവം

[ഗജേന്ദ്രമോക്ഷം എന്ന കഥയിൽ ഗ്രാഹഗ്രസ്തനായ ഗജേന്ദ്രൻ (അഗസ്ത്യശാപത്താൽ ഗജരൂപംപൂണ്ട ഇന്ദ്രദ്യുമ്നരാജാവ്) ഗ്രാഹത്തിൻെറ ഗ്രഹണത്തിൽനിന്നു മോചനം ലഭിക്കുന്നതിന്നായി, ഏകാഗ്രചിത്തതയോടെ തുമ്പിക്കൈകൊണ്ട് പൊന്താമരപ്പൂക്കൾ പറിച്ചു ആദിദേവനായ വിഷ്ണുഭഗവാനെ ആരാധിച്ചു സ്തുതിക്കുന്നു]

(പാന)

ഓം (വ)നമോസ്തുതേ ദേവ പാരം മിക-
വാന്ന മൂലപ്രകൃതേ, നിരാശ്രയ,
നിസ്പൃഹാജിതാവ്യക്ത, വിശേഷശ്വര,
നിഷ്ക്കളാദിത്യ ചന്ദ്രതേജോമയ!

ഫ. ഇപ്പോൾ. വ. അങ്ങേയ്ക്കു നമസ്കാരംഭവിക്കട്ടെ.

ഗുഹ്യ,ഗുഢ, (ഫ)ഗുണമേ ഗുണസ്ഥിത,
നിസ്തുലാപ്രത(വ)ൎക്ക്യാമേയ കൈതൊഴാം.
ശാന്ത,നിശ്ചിന്ത, കീൎത്തിശാലിൻ,ശിവ,
ശാശ്വത തൊഴാം പൂൎവ്വ പുരാണനേ!
നിൎഗ്ഗുണ, ഗുണാത്മാവേ, ജഗത്തുകൾ-
ക്കൊക്കെയൊന്നായ ഗോവിന്ദ കൈതൊഴാം!
സാരസനാഭ, സാംഖ്യയോഗോത്ഭവ,
പാരിനീശ്വര, വിഷ്ണോ തൊഴാം തൊഴാം!
കൈവണങ്ങാമഗുണ, ഗുണാത്മാവേ,
ദേവ,വിശ്വ, ചിദ്രൂപ, നാരായണ!
ഭൂരിവിക്രമ, കാരണ, വാമന,
പൂരുഷോത്തമ, കൈതൊഴാം കൈതൊഴാം!!
ചക്രശാൎങ്ഗകൃപാണഗദകളേ-
ത്തുക്കരങ്ങളിലേന്തും ഹരേ തൊഴാം!
(ന)മാമറപ്പൊരുൾക്കാമ്പേ, (ര)മഹോരഗ-
ഭീമശക്രാജചാരണൎഷിസ്തുത,
ദൈത്യമാഥിൻ, നൃസിംഹ, ചതുൎഭുജ,
പത്മമച്യുത, സൎവ്വമൂൎത്തേ, തൊഴാം!
പാലരിപ്പൊന്നു, പച്ചക്കിളി, മുകിൽ-
മാലനേർ നിറംപൂണ്ട മനോജ്ഞനേ!

---

ഫ. ഭഗവാൻതന്നെ സത്വരജസ്തമസ്സുകളാകുന്ന ഗുണത്രയവും, ആ ഗുണങ്ങളിൽ ഇരുന്നു സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുന്ന ആളും എന്നു താൽപ്പൎയ്യം. വ. ഊഹഗോചരനല്ലാത്തവൻ ന. വേദാൎത്ഥസാരൻ. ര. ആദിശേഷനാലും, ശിവനാലും ഇന്ദ്രനാലും, ബ്രഹ്മാവിനാലും ചാരണദേവന്മാരാലും, ഋഷികളാലും സ്തുതിക്കപ്പെട്ടവൻ.

കൈതൊഴാമുററതന്നുരാനേ,മധു-
കൈടഭാന്തക, (ഫ)വിശ്വാദിമാക്ഷര,
നാന്മുഖൻ വാണ നാഭിപത്മത്തൊടും
മേന്മയുള്ള പൊൻതോൾവളച്ചാർത്തൊടും
പാൽക്കടലിങ്കൽ വാഴും പുരാതന,
ശ്ലാഘ്യനാം വരദായിൻ, തൊഴാം തൊഴാം!
ഭക്തവത്സല, (വ)ദീപ്രസുദർശന,
ശക്തിയാൽ ശക്രനല്ലൽകെടുപ്പോനേ!
ഫുല്ലപത്മായതാക്ഷ, യോഗേശ്വര,
നല്ലൊരു വരദായിൻ തൊഴാം തൊഴാം!
(ബ)ദേവതായന, (ര)ബ്രഹ്മപരായണ,
(ഝ)വിഷ്ടപായന, (ന്ന)സ്വാത്മഹിതായന,
(൭)ആത്മഭാസനനായ നാരായണ,
ശ്രീവരാഹസ്വരൂപ, തൊഴാം തൊഴാം!
(വ്വ)പാരവൃതിയിൽശ്ശേഷിക്കുമാദിമ-
കാരണം, പുരാപൂരുഷ, നവ്യക്തൻ
ഭാവനാതീത, നാദിദേവൻ,വിഭു,
ദേവദേവനെനിക്കുററൊരാശ്രയം!
സ്വപ്രഭവൻ, പ്രകൃതിക്കുമീതെയായ്
നില്പവൻ, യോഗനായകൻ, ക്ഷേത്രജ്ഞൻ,
അവ്യയമനാലോച്യമനാലോക്യം

ഫ. ഓങ്കാരരൂപൻ. വ. ശോഭിക്കുന്ന സുദർശനത്തോടുകൂടിയവൻ. ബ. ദേവതകളുടെ നിവാസസ്ഥാനമായിട്ടുള്ളവൻ. ര. വേദപ്രിയൻ ഝ. ലോകമാകുന്നനിവാസസ്ഥാനത്തോടുകൂടിയവൻ. ന്ന. ആത്മഗുണകാരി. ൭. സ്വയംപ്രകാശൻ. വ്വ. ലോകാവസാനത്തിൽ ശേഷിക്കുന്ന ആദ്യതത്വം.

സൎവ്വകാരണം ശാശ്വതമവ്യക്തം
ബ്രഹ്മമെന്നിഹ ബ്രഹ്മൎഷിമാർ ചൊല്ലു-
മമ്മഹാതത്വമൊന്നെനിക്കാശ്രയം!
ആരെ(൧)യക്ഷരബ്രഹ്മമെന്നോതുന്നി-
താരേ(൨)ക്കേൾക്കുകിൽ മൃത്യുവൊഴിഞ്ഞുപോം;
സാരസൽഗുണപൂൎണ്ണനത്തമ്പുരാൻ
സാരസാക്ഷനെനിക്കുറെറാരാശ്രയം!
പത്മനാഭൻ, (൩)ഹിരണ്യഗൎഭൻ,(൪)കൃപാ-
സത്മ(൫)മുമ്പരിൽ മുമ്പൻ ജനാൎദ്ദനൻ
(൬)കാരണകൎമ്മകൎത്തൃഭൂതൻ,ബലോ—
ദാരനച്യുതനീയെനിക്കാശ്രയം!
ആ വരേണ്യനാം ശ്രീവത്സലാഞ്ഛനൻ,
മൂവുലകിനുനാഥൻ ത്രിവിക്രമൻ,
യോഗമൂൎത്തി മഹാത്മാവൊരാശ്രയ—
മാക മേശിവൻ(൭)ബ്രാഹ്മണവല്ലഭൻ
(൮)വ്യക്തനവ്യക്ത(൯)നാദിദേവ(൧൦)നജ—
നെത്രയും സൂക്ഷ്മരൂപിനാരായണൻ,
കേവലാത്മക,(൧൧)നക്ഷരൻ നിഷ്കളൻ

---

൧. നാദബ്രഹ്മം. ൨. ആരുടെ പൂതനാമം ശ്രവിക്കുകിൽ. ൩. ലോകം തങ്കൽ ഒതുക്കുന്നവൻ. ൪. കൃപാനിധി. ൫. ദേവന്മാരിൽ ശ്രേഷ്ഠൻ. ൬. കാരണവും കൎത്താ (ചെയ്യുന്നവൻ)വും, കൎമ്മവും ആയിട്ടുള്ളവൻ. ൭. ബ്രഹ്മജ്ഞാനികൾക്കു പ്രിയൻ. ൮ ലോകരൂപത്തിൽ വ്യക്തനായിട്ടുള്ളവൻ, ൯. സൎവ്വാന്തൎയ്യാമിയായ മഹാശക്തി എന്ന നിലയിൽ അതത്വവേദികൾക്കു അദൃശ്യനായിട്ടുള്ളവൻ. ൧൦. ജന്മമില്ലാത്തവൻ. ൧൧. നാശരഹിതൻ— ഈ സ്തോത്രം ജ്ഞാനികൾക്കും ഭക്തന്മാൎക്കും ഒരുപോലെ ഉപയോഗമുള്ളതാണ്

ദേവദേവേശനിങ്ങെനിക്കാശ്രയം!
ഏകലോകപ്പൊരുളേ പരാൽപര,
ശ്രീകമലാക്ഷ ഭക്താഭയപ്രദ,
ആശ്രിതനാകുമെന്നെരക്ഷിച്ചരുൾക-
കായിരംതല ചേരുമനന്തനീ!
നീയൊരാശ്രയം ബ്രഹ്മാദികൾക്കുമേ—
ന്നായുരയ്ക്കുന്ന സർവ്വമുനീന്ദ്രരും

# 6. സുനീഥ

[യമപുത്രിയായ സുനീഥ എന്ന യുവതി, ഗന്ധർവ്വയുവാവായ സുശംഖനാൽ ദുഷ്പുത്രലബ്ധിയുണ്ടാവട്ടെ എന്നു ശപിക്കപ്പെട്ടതിനാൽ ആ ശാപത്തിൻെറ ഫലം അനുഭവിക്കാതെയിരിക്കുന്നതിനുവേണ്ടി, വിഷ്ണുപ്രസാദത്താൽ സൽപുത്രലാഭവരം കിട്ടിയിരുന്ന അംഗൻ എന്നഅതിയോഗ്യനായ വിപ്രവര്യനെ ഭർത്താവാക്കിത്തീർക്കുവാൻ രംഭയുടെ സഹായത്തോടു കൂടി ശ്രമിക്കുന്നഘട്ടത്തിലുള്ള പദ്യങ്ങളാണ് താഴേ ഉദ്ധരിക്കുന്നതു്]

(കിളിപ്പാട്ട്-കളകാഞ്ചി)

(ഫ)മധുരതരതരുണദശ തടവിനസുനീഥയോ
മായയാൽ ദിവ്യസ്വരൂപയായ്ത്തീർന്നുടൻ
മിനുസമെഴു(വ)മസിതരുചി സുവസനമുടുത്തേറേ
മിന്നുംറവുക്കയിട്ടുഗ്ര്യശൃംഗാരയായ്

---

ഫ ഏററവും മനോഹരമായ യൌവനം. വ. കറുത്തനിറമുള്ള മുട്ടലവസ്ത്രം.

ഹ്രിതിരകലുമുടലഴകിലുലകുകൾ മയങ്ങുമാ—
റിഷ്ടസഖീജനമൊത്തുവിളങ്ങിനാൾ-
(ഫ)ചടുലസുമസുരവിടപിവിവിധമണിധാതുക്കൾ,
ചന്ദനാശോകത്തണൽപ്പരപ്പ,ങ്ങിനേ
(വ)ഗതകലുഷശുഭഗുഹകളിവചുഴലു(ന)മപ്സ്‌രോ
ഗന്ധൎവ്വമേളിത മേരുശൃംഗാന്തരേ
(ര)മൃദുഹസിതമുഖമനഘനിനദമൊടുവീണയും
മീട്ടിയൂഞ്ഞാലിലിരുന്നവൾപാടിനാൾ.

## ൯. ഇവളാര്?

---

[കുബേരൻെറ ഭൃത്യനായ ഗോഭിലൻ എന്നഅസുരൻ, യാദവരാജാവായ ഉഗ്രസേനൻെറ പത്നിയായപത്മാവതി എന്നസൎവ്വാംഗസുന്ദരിയേ കണ്ടിട്ട് വിസ്മിതനായിവിതൎക്കിക്കുന്നതു്]

(ശ്ലോകങ്ങൾ)

"ഇവളാ(ഓ)രലർബാണകാന്തയോ
(ന്ന)മലർമാതോ, (൭)ശചിയോ, (വ്വ)മൃഡാനിയോ?
ഇതുപോലതിയായ മെച്ചമൊ-
ത്തിഹരണ്ടാമതൊരുത്തിയില്ലതാൻ!

---

ഫ. ശോഭനങ്ങളായ പുഷ്പങ്ങളോടുകൂടിയ വൃക്ഷങ്ങളും, പലതരം രത്നങ്ങളും ധാതുദ്രവ്യങ്ങളും. വ. മാലിന്യമററ നല്ലഗുഹകൾ. ന. അപ്സരസ്സുകളും ഗന്ധൎവ്വന്മാരും വിളയാടുന്ന മഹാമേരുവിൻെറ കൊടുമുടിയുടെ മദ്ധ്യത്തിൽ. ര. മന്ദഹാസത്തോടും, മധുരമായസ്വരത്തോടുംകൂടി. ഓ. കാമദേവൻെറഭാൎയ്യയായ രതിയോ? ന്ന. ലക്ഷ്മീദേവി. ൭. ഇന്ദ്രാണി വ്വ. പാൎവ്വതി.

സ്സൽകരൂപലസൽ ഗുണങ്ങളാ—
(ഫ)ലൂഡുമദ്ധ്യേ മുഴുതിങ്കൾപോലെയും
വിലസുന്ന സുമന്ദഹാസയാൾ
(വ)നളിനച്ചാത്തിൽ (ന)മരാളിപോലെയും;

ഹഹ! ശോഭനരൂപസൌഭഗം!
ഹഹ! തെല്ലല്ല വിലാസഭംഗികൾ!
കുളിർകൊങ്കയുരുണ്ടുയന്ന പെൺ—
കൊടിയാളാരുടെയാസ്സരാമിവൾ?

(ചെമ്പടരീതി)
ആരാണിനില്ക്കുന്ന സുന്ദരി, ലാവണ്യ—
പൂരത്താൽ പാരിടം മിന്നിക്കുന്നോൾ?
നൂതനമാകും (ര)വിലാസശതങ്ങളാൽ
ചേതസ്സു തീരെ മയക്കിക്കൊണ്ടേ
മന്മഥലീലയിലാശ വളത്തുന്നു
നന്മധുരാംഗിയിപ്പെൺമണിയാൾ
കാമവിമോഹത്താലിത്തരം ചിന്തിച്ചു
കാലപ്രചോദിതനായ ദൈത്യൻ.

## 11 വീരമണിപുരം.

[ശിവഭക്തനും ശിവസംരക്ഷിതനുമായ വീരമണി എന്ന രാജാവിന്നു ശിവപ്രസാദത്താൽ ലബ്ധമായതും ശിവപ്ര

ഫ. നക്ഷത്രങ്ങളുടെ മദ്ധ്യത്തിൽ. വ. താമരപ്പൂക്കളുടെഇടയിൽ. ന. അരയന്നപ്പെട ര. ബഹുവിധങ്ങളായ ശൃംഗാരഭംഗികൾ.

ഭാവത്താൽ നിൎമ്മിക്കപ്പെട്ടതും ആയ ദേവപുരം എന്ന നഗരത്തിൽ, അശ്വമേധമഹായാഗം ദീക്ഷിച്ചുകൊണ്ടിരുന്ന ശ്രീരാമന്റെ യാഗക്കുതിരയും, അശ്വരക്ഷകന്മാരായി അയയ്ക്കപ്പെട്ട ശത്രുഘ്നൻ ഹനുമാൻ മുതലായ യുദ്ധവീരന്മാരും പ്രവേശിക്കുന്ന ഘട്ടത്തിലുള്ള പുരവൎണ്ണനമാണിതു്

(ശ്ലോകങ്ങൾ)

(൧)വീണാമൃദംഗരവഘോഷമൊടും (൨)വിമുക്ത-
(൩)മാവാജി(൪)ദേവ കൃതദേവപുരത്തിലെത്തി,
ഗേഹങ്ങളങ്ങുപഹസിച്ചുപളുങ്കുഭിത്തി-
ശ്രീകൊണ്ടു (൫)നാഗവൃത വിന്ധ്യമഹാചലത്തേ.

തൂവെള്ളമേടകളുമങ്ങു വിചിത്രരത്ന-
മാണിക്യഗോപുരശതങ്ങളുമുജ്ജ്വലിപ്പൂ.
ഗേഹങ്ങൾതോറുമവിടെജ്ജനമാനസത്തെ
കക്കുന്നു(൬)പത്മിനികൾ(൭)പത്മമുഖപ്പകിട്ടാൽ

അങ്ങാലയങ്ങളിൽനിലത്തു പതിച്ചിരിപ്പൂ
ചുണ്ടോടുമത്സരമിണങ്ങിയ (൮)പത്മരാഗം!

---

൧. വീണ, മൃദംഗം മുതലായവയുടെ നാദം. ൨. വിടപ്പെട്ട. ൩. ശ്രീരാമന്റെ യാഗക്കുതിര. ൪. ശിവൻ പ്രാഭവത്താൽ കല്പിച്ചരുളിയ ദേവപുരം എന്ന നഗരം. ൫. ആനകൾ ചുഴന്ന വിന്ധ്യപൎവ്വതം, ൬. പത്മിനി, ശംഖിനി, ചിത്രിണി, ഹസ്തിനി എന്നിങ്ങിനേ സ്ത്രീകൾ നാലുതരമുള്ളതിൽ ആദ്യംപറഞ്ഞതരം ഉത്തമനായികമാർ- താമരപ്പൊയ്കകൾഎന്നും ൭. പത്മ താമരപ്പൂവ്)ങ്ങളേപ്പോലെയുള്ള മുഖങ്ങളെന്നും, പത്മങ്ങളാകുന്ന മുഖങ്ങളെന്നും. ൮. സുന്ദരിമാരുടെ അധരങ്ങളോടു മത്സരിക്കുന്നവയായതുകൊണ്ടോ, പത്മരാഗക്കല്ലുകൾ നിലത്തുപതിച്ചതു് എന്നു തോന്നുമെന്നു ഗമ്യോൽപ്രേക്ഷ.

(ഫ)മാഹേന്ദ്രനീലമയകേളിമഹീധരങ്ങൾ
മേഘഭ്രമംമയിലുകൾക്കുളവാക്കിടുന്നു.
എല്ലാഗൃഹങ്ങളിലുമങ്ങുപളുങ്കുകൂടി-
നുള്ളിൽസ്സുഖേനമരുവും കളഹംസകങ്ങൾ
തെല്ലുംമുകിൽത്തതിയിൽനിന്നുഭയപ്പെടുന്നി-
ല്ലുള്ളത്തിൽമാനസസ്സരസ്സിനെയോൎപ്പതില്ല.

(വ)ഗംഗാമണാളമകുടേന്ദുതമസ്സുകററ-
മങ്ങില്ലകൃഷ്ണ(ന)സിതപക്ഷവിഭേദമെന്നും!
അങ്ങുൎവ്വികാത്തുമരുവുന്നു,സമൃദ്ധിയെല്ലാം
തിങ്ങുന്നവീരമണിഭൂപതിവീൎയ്യശാലി.

പെരുമപെടുമവൻെറനൂന തുംഗമാം-
ഗദനിതിപേർപുകഴുന്നവീരനന്നാൾ,
രമണികൾമണിമാരുമായ്രമിപ്പാൻ
ശിവഭവനോപവനത്തലേക്കിറങ്ങി.

(ര)കമനികളുടെകാൽച്ചിലമ്പു,പൊൻകൈ-
വളയിവയങ്ങുകിലുങ്ങിടുന്ന ശബ്ദം
(ദ)മദനഹൃദയവുംബലാൽകവൎന്നു!
പുനരപരൻെറയവസ്ഥയെന്തു(ന്യ)ചൊൽവൂ?

മലർമരനിരയാലപ്പൂത്തുകളൊരം
മരുവിനകാടതിലെത്തി മഞ്ജുവേഷൻ:

---

ഫ. ഇന്ദ്രനീലക്കല്ലുകൾകൊണ്ടുള്ള കളിപ്പൎവ്വതങ്ങൾ. വ. ശിവൻെറ തലയിൽചൂടിയ ചന്ദ്രക്കലയുടെ രശ്മിയാൽ എന്നും ഇരുട്ടകററുന്ന ആ രാജധാനിയിൽ. ന. വെളുത്ത. ര. സുന്ദരികൾ. ദ. കാമൻെറ മനസ്സും. ന്യ. അൎത്ഥാപത്തി അലങ്കാരം.

സ്മരരുജയേ വളൎപ്പുകാമികൾക്കു.
(ഫ)ങ്ങലർമുകുളങ്ങൾ നിറഞ്ഞ ചമ്പകങ്ങൾ

(വ)ഫലഭരനതമായ മാവു നൽപ്പൂ-
ങ്കുലകളിണങ്ങിയകൊന്ന, പുന്ന, നാഗം,
പന, പയ, നഥ,മാതളം,(ബ)തമാലം,
വിലസുവതുണ്ടിഹ കൈത, മുല്ലതാനം.

(ഝ)അളികുയിലൊലി പൊങ്ങുമാവനത്തിൽ-
(ഠ)ത്തളിരെതിർ ചെഞ്ചൊടിമാർ ചുഴന്നു മേന്മേൽ
കളിമൊഴികള(ന്റ)ഗീതിയും മുതിൎത്തും-
കുളിർപെട്ടുമാറു രമിക്കയായ് കുമാരൻ.

ചിലതരുണികൾ നൃത്തമാടി; പാടീ
ചിലർ; ചിലരോ ചതുരോക്തി കൈതുടൎന്നു:
ചിലർ പുരികമിളക്കിയുന്മദത്താൽ;
ചിലർത്തഴുകിസ്സുഭഗന്നു തുഷ്ടിചേൎത്തു.

മൃദുവചനമതിൎത്തുപൂപറിച്ചി-
ട്ടവരെ മുറസ്സണിയിച്ചു(റ) കാമരൂപൻ;
ഇതുവിധമവനുല്ലസിച്ചു വാഴ്കേ-
(വ്യ)ത്തുപവനത്തിലണഞ്ഞു രാഘവാശ്വം.

(ൻ)നിടിലധൃതസുവൎണ്ണപത്രമോടൊ-
ത്തുടലിൽ(ഫ)വിപാടലകുങ്കുമാദിപൂശി,

---

ഫ. പൂമൊട്ടുകൾ, വ. കായ്കളുടെ കനത്താൽ താഴ്ന്നത്. ബ. പച്ചിലമരം. ഝ. വണ്ടുകളുടേയും കുയിലുകളുടേയും ശബ്ദം, ഠ. സുന്ദരിമാർ. ന്റ. മധുരസ്വരമായ പാട്ട്. റ. സുന്ദരനായ കുശ്മാംഗദൻ. വ്യ. ആ ഉദ്യാനം. ൻ. നെററിത്തടത്തിൽ ധരിക്കപ്പെട്ട സ്വൎണ്ണപത്രത്തോടു കൂടിയത്. ഫ. തുടുത്തകുങ്കുമം മുതലായതു്.

(൧)ജിതപവനജവ പ്രയാണമാമ-
(൨)സ്സിതഹരിയേ കുതുകേന കണ്ടനേരം,
പ്രിയതമനൊടുരച്ചിതാ (൩)പ്രവാളാ-
ധരികൾ, (൪)പയോരുഹ ഗർഭവർണ്ണമാന്നോർ
(൫)സ്മരശരമിഴിയാൽ മനംമെറിപ്പോർ,
(൬)ദശനമരീചിശുചിസ്മിതാസ്യമാർകൾ?

## 12. രാമരാജ്യഭാരം

[മഹാത്മാവായ ശ്രീരാമചന്ദ്രൻ രാജ്യഭാരം ചെയ്തിരുന്നകാലത്തു്, സത്യധമ്മങ്ങളും നീതിന്യായങ്ങളും സമ്പത്സമൃദ്ധിയും, ക്ഷേമസൌഖ്യങ്ങളും സമാധാനസന്തൃപ്തികളും നാട്ടിലെങ്ങും നിർബ്ബാധം നിലനിന്നിരുന്നതിനാൽ ആബാലവൃദ്ധം ജനങ്ങളും രാമനേയും രാജ്യഭരണത്തേയും പ്രശംസിച്ചുകൊണ്ടിരുന്നതാണ് ഈ കവിതയിൽ കാണിക്കപ്പെട്ടിരിക്കുന്നതു്]

ഒരു സ്ത്രീ മുലകുടിക്കുന്നതൻെറ ശിശുവിനോടുപറയുന്നു:—

(ചെറുശ്ശേരിമട്ടു)

"എന്മകനാരവോളം നന്നായ് നുകൎന്നുകൊൾ—
കമ്മിഞ്ഞപ്പാലിതു (൭)മേലിൽകിട്ടാ:

---

൧. കാററിനെ ജയിക്കത്തക്ക ഗതിവേഗത്തോടുകൂടിയതു്. ൨. വെള്ളക്കുതിര. ൩. തളിരു(പവിഴം)പോലുള്ള അധരത്തോടുകൂടിയവർ. ൪. താമരപ്പൂവിൻെറ ഉള്ളിലെ നിറത്തോടുതുല്യമായ നിറമുള്ളവർ. ൫. കാമശരമായനേത്രം(നോട്ടം). ൬. ദന്തകാന്തിയാൽ ധവളമായ മന്ദഹാസത്താൽ വിലസുന്ന മുഖത്തോടുകൂടിയവർ. ൭. ഇതേജന്മത്തോടുകൂടിത്തന്നേ ആവൃത്തിശൂന്യമായ പരമപദ(മോക്ഷ)മടയുമെന്നു താൽപ്പൎയ്യം.

ഈപ്പുരിക്കീശ്വരൻ ശ്രീരാമനല്ലയോ
(ഫ)നൽപ്പുത്തു നീലാബ്ജപത്രവർണ്ണൻ:
തൽപുരിയിങ്കൽ വസിക്കും ജനങ്ങൾക്ക
പിൽപ്പാടൊരിക്കലുമില്ല(ബ)ജന്മം!
ജന്മമില്ലായ്കിൽ മുലപ്പാൽ കുടിക്കുവാ-
നെന്മണിപ്പെൺതലേ, മാർഗ്ഗമുണ്ടോ?
രാമനേധ്യാനിക്കു,കുള്ളിൽസ്മരിക്ക, ത-
ന്നാമം ജപിക്കുകയെന്നിവയേ
ചെയ്തുവരുന്നോർക്കുപോലുമൊരിക്കലും
മാതൃമുലകുടിയില്ല മേലിൽ!"

സുന്ദരീരത്നമായ ഒരു യുവതി തൻെറ പ്രിയതമനോടു പറയുകയാണ്:—

(പാന)

"പ്രാണനാഥ, രഘുനാഥനേപ്പോലെ-
യാണെനിക്കതിരമ്യരൂപൻ ഭവാൻ!
തൂമലർമേനി, താമരക്കണ്ണുക-
ളുൾമയക്കും വിരിവാന്മാറിടം,
(ഭ)അംഗദമണികൈകളിവയേഴ-
മങ്ങ സാക്ഷാൽ(മ)ജനകജാജാനിതാൻ"
കാന്ത തൂകുമിത്തേന്മൊഴികേട്ടിട്ടാ-
ക്കാമി കൺമുന തുള്ളിച്ചു ചൊല്ലിനാൻ:-
ഓമനേ,നന്നു നിന്മതം, സാധ്വികൾ

---

ഫ. പുത്തൻ നീലത്താമരപ്പൂവിതളിൻെറ നിറമുള്ളവൻ. ബ. രാമശാസനത്താൽ ധർമ്മനിഷ്ഠയുണ്ടാവുകയും, രാമഭക്തിവർദ്ധിച്ചു പാപങ്ങൾ നശിക്കുകയും ചെയ്യുന്നതിൻെറ ഫലമായിട്ട് എന്നു സാരം. ഭ. തോൾവളയിട്ട ശ്രേഷ്ഠകരങ്ങൾ. മ. സീതാവല്ലഭനായ ശ്രീരാമൻ.

രാമനായ്ത്താൻ ഗണികളും മണാളനേ
പക്ഷെയെങ്ങഹോ മന്ദഭാഗ്യനിവ—
(ഫ)നക്ഷത്രഭാഗ്യനെങ്ങു (വ)രഘൂദ്വഹൻ?
എങ്ങൊരുപുഴുപ്രായനാമേഴഞാ—
നെങ്ങജാദി (ന)നിലിമ്പരും കൂപ്പുവോൻ?
എങ്ങുമിന്നാമിനുങ്ങെ,ങ്ങു ഭാസ്കരൻ?
എങ്ങൊരുപാററ,യെങ്ങു (ര)ഖഗേശ്വരൻ?
എങ്ങൊരു ചുണയില്ലാത്തപാഴ് മൂയ,—
ലെങ്ങു കൊമ്പനേച്ചീന്തുന്ന(ഒ)കേസരി?
എങ്ങുതേർവഴിച്ചാലിരലച്ചേർവെള്ള-
മെങ്ങു (ന്ന)ജാഹ്നവിയാകുമദ്ദേവിയാം?
എ,ങ്ങു കുന്നിക്കുരുക്കൾ തൻക്രമ്പാര—
മെങ്ങു (റ)വാനവർ വാഴുംമഹാമേരു?
ഏവമെങ്ങുഞാ, നെങ്ങുരഘൂദ്വഹൻ?
ആ വിഭുവിൻെറ കാൽപ്പൊടിയേൽക്കയാൽ
ബ്രഹ്മമോഹനരൂപയായ്ത്തീന്നല്ലോ
(വ്വ)കമ്മണാ പാറയായവൾ കാൽക്ഷണാൽ!"

വേറൊരു വനിതാരത്നം മലർമെത്തവിരിച്ചു കപ്പൂര ചന്ദനാദികൾകൊണ്ടു സുഗന്ധം പരത്തി മോടിപിടിപ്പിച്ചു കേളീഗൃഹത്തിൽ വച്ചു കാന്തനോടു പറയുന്നു:—

---

ഫ. തടവററ ഭാഗ്യമുള്ളവൻ. വ. ശ്രീരാമൻ. ന. ബ്രഹ്മാവുമുതലായ ദേവന്മാർ. ര. ഗരുഡൻ. ഒ. സിംഹം. ന്ന. ഗംഗ. റ. ദേവന്മാർ വ്വ. അറിയാതെപററിയ ഇന്ദ്രസംസൎഗ്ഗത്താൽ ഗൌതമൻ ശപിക്കയാൽ ശിലയായിത്തീന്ന അഹല്യ.

(കിളിപ്പാട്ട്—അന്നനട)

വത്സ്യ,കാന്ത, സുഖം ഭുജിക്കുവാനിതാ
വിരിമലർമെത്ത കുറിക്കൂട്ടംമററും;
ഭവാദൃശരത്രേ സുഖാഹരാകുന്നു
(ഫ)ദിവാനിശം രാമപരാങ്മുഖരല്ല!
ഉപഭുജിച്ചുകൊൾക,രിയ രാമന്റെ
കൃപയാൽ കൈവന്നതഖിലവും നന്നായ്
പരിചേവരം ഞാനാമൊരു (വ)ദയിതയാൾ,
പരിമളമെഴും കുളിർ (ന)മലയജം,
നവ(ര)മലർ വിരിപ്പിതൊക്കയും രാമ—
കരുണയാലത്രേ ഭവാനുകൈവന്നു!
കരുത്തൊണ്ടു രാമഭജനം ചെയ്യാത്തോ-
(ഭ)ക്കരമററുണ്ടോ വയർ പുലത്താനോ?
"അതേ,രഘൂത്തമകൃപാസിദ്ധമെനി-
ക്കിതൊക്കെ"യെന്നാനുൾക്കുളിർത്തകാന്തനും.

അപരയായ കാമിനിയൊരുത്തി കണവനുമൊന്നിച്ചിരുന്നു മണിവീണമീട്ടിക്കൊണ്ടു കളങ്കമററ രാമരാജ്യയശസ്സ് ഗാനംചെയ്യുതിങ്ങിനെയാണ്:—

(കല്യാണി,രാഗംചെമ്പടതാളം)

"എത്രയും ധന്യർനാം:— പ്രാണേശ,നമ്മുടെ
പത്തനം വാഴ്വതുരാമനല്ലോ!

---

ഫ. എപ്പോഴും. വ. ഭാര്യ. ന. ചന്ദനം. ര. പൂമെത്ത. ഭ. ഉണ്ണാനും ഉടുപ്പാനും വേണ്ടതു അധ്വാനിച്ചുണ്ടാക്കുവാൻതക്ക തടിമിടുക്കുണ്ടായതുകൊണ്ടായില്ലെന്നും, രാമഭജനം ചെയ്‌വാനുള്ള മനക്കരുത്താണ് അവശ്യം ഉണ്ടാവേണ്ടതെന്നും സാരം.

അത്തിരുമേനിതന്റെ—യെല്ലാപ്രജകളേയും
പുത്രരേപ്പോലെയല്ലോ കാത്തരുളീടുന്നു.
ആഴിയേ കീഴാക്കി-സ്സേതുതീർത്തില്ലേ; മ-
ററാക്കിത്രവമ്പിച്ച—കാര്യമെളുതാകും?
രാവണനേവധിച്ചു—ലങ്ക(ഫ)കീശരാലുട—
ച്ചാ വൈദേഹിയേവീണ്ടു—കൊണ്ടതും വങ്കയ്യതാൻ!"

അപ്പോൾ അവളുടെ ഭർത്താവു പറയുന്നു:—

(പറയൻതുള്ളൽ)

"(റ)വിമുഗ്ദ്ധേ,രാമചന്ദ്രനവലുത(ന്മ)ല്ലുണ്ണവത്തേക്കീ-
ഴമർത്തിവെച്ചതും (ര്)പങ്ക്തിമുഖനേക്കൊന്നതുംമററും
(൫)വിരിഞ്ചാദിപ്രാർത്ഥനയാൽ (ന്ന)ധരിത്രിപുക്കവിട്ടുന്നു,
(൭)ദുരിതഘ്നചരിത്രങ്ങൾ കളിയായ്ത്താൻ പുലർത്തുന്നു!
മനുഷ്യനല്ല കൌസല്യാമകനാംരാഘവൻ; ലീലാ-
മനുഷ്യനിമ്മഹാൻ വിശ്വം ചമച്ചുകാത്തഴിക്കുന്നോൻ
ലഘുവാണോ,(വ്വ)ദ്രുഹിണാദിസുരക്കും കണ്ടുകിട്ടാത്ത
രഘുനാഥമുഖം കണ്ണാൽ നുകരും നമ്മുടെ പുണ്യം?"

ഒരുസുന്ദരി കാന്തനോടൊന്നിച്ചു കൈവളകൾ ചാഞ്ചാട്ടമാറ് ചൂതുകളിക്കുകയായിരുന്നു.

("കമലാകാന്തന്റെ"എന്നമട്ട്)

"കണവ,വെന്ന ഞാൻവെക്കും,ഭവാൻവെച്ച
പണയമൊട്ടുക്കെനിക്കായിതെ"ന്നെല്ലാം
പ്രണയലീലയാ ചേലിലോതിദൃഢം

ഫ. വാനരന്മാർ. റ. സുന്ദരി. ന്മ. സമുദ്രം. ര്. രാവണൻ. ൫, ബ്രഹ്മാദികളുടെ അപേക്ഷ. ന്ന. ഭൂമി. ൭. പാപനാശകങ്ങളായ പുണ്യാപദാനങ്ങൾ. വ്വ. ബ്രഹ്മാദിദേവന്മാർ.

പുണരുമോമലാളോടു ചൊന്നാൻ പ്രിയൻ:—
“(൧)സുതനു,(൨)വെന്നു നീ; പക്ഷേ രഘുദ്വഹ-
സ്മൃതിവിടാതുള്ള ഞാനെങ്ങു തോററിടും?
ഇതിനു,രാമനേ ധ്യാനിച്ചു നിന്നെ ഞാൻ
(൩)ദിതിജരെസ്സുരർപോലെ വെൽവൻക്ഷണാൽ”
കരുവുരുട്ടിനാൻ പിന്നീട,—തിൽജ്ജയി—
ച്ചുരുരസാലോതി:—“ഞാൻചൊന്നതൊത്തില്ലേ?
തരുണി,തോററുനീ! രാമനേസ്സേവിക്കും
പുരുഷനെന്നൊന്നുമില്ല ശത്രുഭയം!”

## 38 ഉവ്വശി.

നാരായണമഹർഷിയുടെ സമീപം ഉവ്വശിയെക്കണ്ടകാമദേവൻെറ വിചാരം.

“അതുതാൻ,(൪)കുടിലാളകാഞ്ചിതം,
(൫)ചതുരഭ്രൂയുതമായതേക്ഷണം,
മധുരാധരമെത്രചാക്കിലും
മതിതോന്നാത്തസുനാസമീമുഖം!

അവതാൻ(൬)നതചൂചുകങ്ങളാ-
യിടതിങ്ങി(൭)പ്പൃഥുപീവരങ്ങളായ്
(൮)സുജനങ്ങൾകണക്കിണങ്ങിനി-
ല്പവയാമീവധുവിൻെറകൊങ്കകൾ.

൧. സുന്ദരി. ൨. ജയിച്ചു. ൩. അസുരന്മാരെ. ൪. ചുരുണ്ടകുറുനിര. ൫. സുന്ദരമായ പുരികക്കൊടി. ൬ താഴ്ന്നമുലക്കണ്ണ്. ൭. തടിച്ചുവലുതായവ. ൮. ഈ ഉപമയുടെ സാരസ്യം ആലോചനാ[illegible].

ൎത്ഥതാ, നങ്കി(ഫ)രോമരാജിയും
(ഢ)ത്രിവലിച്ചാൎത്തുമിണങ്ങിടുന്നതായ്
മിന്നസത്തൊടു ലാലസിപ്പതാ-
മഴകേറുന്നിവൾതൻകൃശോദരം.

(ന)ജഘനാൽസ്തനമണ്ഡലത്തിലേ-
ക്കണയും കോമളരോമരാജിയോ
(ര)പുളിനാൽനളിനാകരത്തിലേ-
ക്കണയുന്നോ(ഭ)രളിമാലപോലെതാൻ.

(ന്ന)അരഞാണഴകോടണിഞ്ഞതാ-
മതിവിസ്തീൎണ്ണ(൭)നിതംബമണ്ഡലം
(വ്വ)കലശോദധിമന്ഥനത്തിനായ്
ഫണിയാൽകെട്ടിയ(ൻ)മന്ദരാദ്രിയോ!

ക്രമമൊത്തുതടിച്ചുരുണ്ടതായ്-
(ഫ൦)കദളിത്തണ്ടടിക്കുപ്പമൂരുവാൽ
അഴകേറിവിളങ്ങിടുന്നു ത-
ണ്ടലരല്ലിക്കെതിർവൎണ്ണ്യമൊത്തിവൾ.

(ഫഫ)സുഭഗംകഴൽമുട്ടു, നന്മയു-
ള്ളവ രോമംകുറവായ ജംഘകൾ,
ഞെരിയാണികളുന്തിനില്പതി-
ല്ലരുണാലക്തസമങ്ങൾകാല്കൾ".

---

ഫ. രോമാവലി. ഢ. ഉദരതലത്തിൽ കാണുന്നമൂന്നുവരികൾ. ന. അടിവയറ്. ര. കര. ഭ. വണ്ടിൻനിര. ന്ന. കാഞ്ചി. ൭. അരയ്ക്കു താഴെയുള്ള പിൻഭാഗം. വ്വ. പാൽക്കടൽ. ൻ. മന്ദരപൎവ്വതം. ഫ൦ വാഴത്തണ്ടൊത്ത തുട. ഫഫ. സാമുദ്രികാലക്ഷണങ്ങൾക്കു യോജിച്ചാണ് അവയവങ്ങൾ വൎണ്ണിച്ചിരിക്കുന്നതെന്നു കണ്ടുകൊൾക.

# 39 ശിവസ്തുതി.

---

(ശ്ലോകങ്ങൾ)

(൧)ഭവഭാവന ദിവ്യതനോ,
ഭവ(൨)ദംഘ്രിതലത്തിൽവീണു ഭുവനപതേ,
(൩)ഭവഭയകാതരനടിയൻ
(൪)ഭവ,നേരായുള്ളതൊന്നുണർത്തുന്നേൻ:
നിന്തിരുവടിയുടെസൽഗ്ഗുണ-
സന്തതി വണ്ണിക്കുകേവനാൽസാധ്യം?
വായ്ക്കളൊരായിരമേന്തിന
വാസുകിയൊപ്പിച്ചുമാറിയെന്നുവരാം!
എങ്കിലുമങ്ങയെവാഴ്ത്താൻ
തങ്കിനഭക്ത്യാകൊതിച്ചിടുന്നേൻഞാൻ,
ശങ്കര,വായാടിത്തമി-
തെങ്കൽകൃപയാപൊറുക്ക,കഴൽപണിയാം.
(൫)സത്വം,രജ,സ്തമസ്സുകൾ,
സംസ്ഥിതി,യുല്പത്തി,നാശമിവ നീ താൻ;
അത്രഭവാനല്ലാതി-
ല്ലിത്രിജഗത്തിങ്കലീശനായൊരുവൻ!

---

൧. ഭാവനമാത്രത്തിൽ പ്രപഞ്ചത്തെ സൃഷ്ടിച്ചവൻ. ൨. കാക്കൽ. ൩. സംസാരഭയ വിവശൻ. ൪. പരമേശ്വര! ൫. പലബ്രഹ്മസ്വരൂപനായ പരമേശ്വരൻ, സത്വം രജസ്സ്, തമസ്സ് എന്നീ ത്രിഗുണങ്ങളുടെ അംശത്താൽ, ബ്രഹ്മാവും വിഷ്ണുവും രുദ്രനുമായിത്തീൎന്നു ലോകത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുന്നു എന്നു താല്പൎയ്യം.

(ഫ)യമനിയമജ്ഞദാനോ—
ത്തമയോഗസമാധിവേദപാഠങ്ങൾ,
സമമല്ലിതുകളിലൊന്നും
വിമല, ത്വൽഭക്തിതൻശതാംശമൊടും.

ഉൽകൃഷ്ടരസരസായന-
ഖഡ്ഗാഞ്ജനപാദുകാദിസിദ്ധികളും
ഉൽക്കടമിതേ പിറപ്പിൽ-
ത്തൃക്കഴൽതൊഴുവോൻ(വ) ചിഹ്നമായ്കാണ്മൂ.

ദേവ, ഭവാൻ സുഖമരുളംവൃ
കേവലമശ്രദ്ധയാ തൊഴുന്നോർക്കും;
ഹാ! (ന) വൻഭവരുജ പോക്കും
താവകപദഭക്തിമുക്തിതൻമൂലം!

പരധനപരദാരരതൻ
പരിഭവപരിതാപവഹ്നിതപ്തൻ ഞാൻ
പരമുഖനിരീക്ഷണപരൻ;
പരമേശ്വര, കാത്തുകൊള്ളുകിയെന്നെ!

ക്ഷണഭംഗുരമാം ശ്രീയിൽ
പ്രണയം പൂണ്ടോൻവൃഥാഭിമാനഹതൻ
ക്രൂരൻ(ര) കുപഥരതൻ ഞാൻ;
സ്വൈരം രക്ഷിക്കുകെന്നെ വിബുധപതേ!

---

ഫ. മനോനിഗ്രഹം, ഇന്ദ്രിയനിഗ്രഹം, യാഗം, ത്യാഗം, യോഗം, ധ്യാനം, വേദാഭ്യാസം എന്നിവ. വ, ശിവഭക്തനു് ഖഡ്ഗാദികളായ ദിവ്യവസ്തുക്കൾ ശിവപ്രസാദചിഹ്നങ്ങളായി ലഭിക്കുന്നു എന്നു താൽപര്യം. ന. വലിയ സംസാരദുഃഖം. ര. ദുർമ്മാർഗ്ഗതൽപ്പരൻ.

ദീനേന്ദ്രിയരാം ബാന്ധവർ
താനേന്നിറവേററമാശയെത്ര ലഘു!
എന്നിട്ടുമെന്നെ(ഫ)നിർജ്ജര-
വന്ദ്യ,ഭവാനിട്ടുകൊട്ടയാട്ടുന്നു!

പോക്കുക(വ)തൃഷ്ണയെ(ന)വെക്കം;
ചേക്കുക(ർ)നിരപായഭക്തിയെന്നകമേ;
നീക്കുകമദമോഹക്കയർ;
കാക്കുക കരയേററിയെന്നെ വിശപാപതേ!

(ര)'കരുണാഭ്യുദയ'സ്തോത്രമി-
തുരുസിദ്ധിദമാർപഠിക്കമോദിവ്യം,
ഹരനാബ്ഭക്തങ്കൽത്തു-
കരളലിയുംപണ്ടു(ന്ന)ഭൃഗുവിലെന്നവിധം.

---

ഫ. ദേവന്മാൎക്കുവന്ദ്യൻ വ. ധനേച്ഛ. ന. വേഗം. ർ. നാശമേല്ക്കാത്ത ഭക്തി. ര. 'കരുണാഭ്യുദയം' എന്നുപേരായ ഈ ദിവ്യശിവസ്തോത്രം ഭൃഗുമഹഷി ചൊല്ലിയിട്ടുള്ളതും മഹത്തായ സിദ്ധിയേ നൽകുന്നതുമാകുന്നു. ന്ന. ഭൃഗുമഹർഷി ഓരായിരം ദിവ്യസംവത്സരം മുഴുവൻ മഹാതീവ്രമായ തപസ്സുചെയ്തിട്ടും പരമശിവൻ പ്രസാദിച്ചു പ്രത്യക്ഷപ്പെടായ്കയാൽ കരുണാൎദ്രയായ ദേവി ഗൌരി ഹരനോടു കാരണം ചോദിച്ചപ്പോൾ ദേവൻ വാഹനമായ വൃഷഭത്തെവിട്ടു യോഗസ്ഥനായ ഭൃഗുവിനെ കുത്തിവീഴ്ത്തിക്കുകയും തൽക്ഷണം ക്രോധപരവശനായ മഹർഷി വൃഷഭത്തെ ഹനിക്കുവാൻ ചെല്ലവേ അതുകൺമറഞ്ഞുപോകയും ചെയ്തു. അപ്പോൾ ശിവൻ മുനിയുടെമുമ്പിൽ ചെല്ലുകയും മുനി ക്രോധം അകന്നു ലജ്ജിതനായി ഭഗവാനെ നമസ്കരിച്ചു വന്ദിക്കുകയും ചെയ്തു. ക്രോധം മനസ്സിൽനിന്നൊഴിയാത്തതിനാലായിരുന്നു ഭഗവാൻ ഭൃഗുവിൻെറ കഠിനതപസ്സിലും പ്രസന്നനാകാതെയിരുന്നതു്.

# 40. ശ്രീരാമന്റെയജ്ഞശാല.

[അശ്വമേധയാഗം ചെയ്വാനായിശ്രീരാമൻ സരയൂനദിയുടെ തീരത്തിൽ തീപ്പിച്ചയജ്ഞവാടത്തിന്റെ വർണ്ണനമാണിതു്]

(ശീതങ്കൻ തുള്ളൽ)

(൧)രാമപദരജഃ പൂതയായ്, സംശുദ്ധി
പാർമ്മന്നിനംചേത്തപുണ്യസലിലയായ്,
അന്നങ്ങളംനീർക്കോഴി(൨)കോകങ്ങളംതിങ്ങിയു-
(൩)മന്യവിചിത്രഖഗങ്ങളുംക്രുകിയും
(൪)ശാരദേന്ദുപ്രഭയായ്മിന്നും സരയുവിൻ-
തീരപ്രദേശത്തുരാമൻതിരുവടി
തീപ്പിച്ചശാലാശതങ്ങളിൽവെവ്വേറെ
യേപ്പെട്ടവേദങ്ങൾചൊല്ലുന്നവൈദികർ;
ക്ഷത്രിയന്മാർപലർവില്ലേന്തിനിന്നാങ്ങു
പൃത്ഥ്വിമുഴക്കുന്നു ചിത്ത ഞാണൊച്ചയാൽ
രമ്യമാംസദ്യയിലഷ്ടികഴിക്കുന്നു
തമ്മിൽവെടിയും പറഞ്ഞുകൊ(൫)ണ്ടന്തണർ:
പാൽനറുതേൻപഞ്ചസാരനെയ്ചേന്നതായ്-
പ്പൂനിലാവിൻനിറംപൂണ്ടുള്ളപായസം,
നൽപ്പൂർണ്ണചന്ദ്രനുനേരാം വടിവോത്തു

---

൧. രാമന്റെ കാൽപ്പൊടിയേററു പരിശുദ്ധമായതു. ൨. ചക്രവാകപ്പക്ഷികൾ. ൩. മററുള്ളപലതരം പക്ഷികൾ ൪. ശരൽക്കാലചന്ദ്രനെപ്പോലെ ശോഭിക്കുന്നതു് ൫. ബ്രാഹ്മണർ

കർപ്പൂരസൌരഭം വീശുമപ്പങ്ങളും,
(ഫ)സേവക,ദോശകൾ, നാനാമുറുക്കുകൾ,
നെയ്വടകൾ, മധുരങ്ങളടകളും,
(വ)മുൽഗപ്പരിപ്പുചേർന്നാമ്പലപ്പൂവിനോ-
ടൊക്കും(ന)മനോജ്ഞസുഗന്ധിഭക്തങ്ങളും.
കർപ്പൂരമൊത്തചോർതൈരും വിരുതരാം
വെപ്പുകാർ വെച്ചുവിളമ്പിനാർ സാദരം.
പാത്രത്തിൽനന്നായ് വിളമ്പിയപായസം
പാർത്തൊരുവിപ്രൻ പറഞ്ഞാ'നിതെന്തുവാൻ?
രാഹുഭയാൽഭുവിവീണവാർതിങ്കളോ?
ഹാഹാ!മൃതിഹരം(ര)പീയൂഷമുണ്ടിതിൽ!'
മറെറാരാൾ കണ്ണുംചുകപ്പിച്ചുചൊല്ലിനാൻ!
'മുററുമമൃതാണ്ട വാർതിങ്കളായ്‌വരാ;
ഒററിലധികമി(ഒ)ല്ലിന്ദുബിംബം;മിതോ
നന്നായ്‌വിളങ്ങുന്ന പാത്രലക്ഷങ്ങളിൽ.
കർപ്പൂരമാണിത,ല്ലെങ്കിലാ(ന്ന)കൈരവം!
(ക)ശുഭ്രാഭയാൽമുഴുതിങ്കളെന്നോക്കൊലാ"
ഓതിചൊടിച്ചു തലയാട്ടി മറെറാരാൾ:—
'സ്വാദു തിരിയാത്തവിഡ്ഢികളന്തണർ!
ക്ഷീരക്കിഴങ്ങിന്റെ നീരിൽപ്പചിച്ചുവെൺ-
(വ്വ)നീരലരാണ്!മധുരമാംസാധനം'
എന്നൊക്കെവാദിച്ചുവാരിക്കഴിക്കയായ്

---

ഫ. ഒരുവക പലഹാരം. വ. പയറുപരിപ്പ്. ന. മനോഹരതയും സുഗന്ധവുമുള്ള അന്നങ്ങൾ. ര. അമൃത്. ഒ. ചന്ദ്രബിംബം. ന്ന. ആമ്പൽപ്പൂവ്. ക. വെളുത്തശോഭ. വ്വ. താമരപ്പൂവ്.

(൧)കന്ദഫലാശനരാർത്തിയോടാദ്വിജർ.
ഇത്രകഥിച്ചിതുവേറെയൊരന്തണൻ:—
'ക്ഷത്രിയർതൻപിറപ്പാണുമെച്ചംസഖേ;
ഇത്രവിശേഷമാമന്നമല്ലോരുചി.
കൊണ്ടുഭുജിക്കുന്ന ഭാഗ്യയോഗാലവർ!,'
അപ്പോൾ(൨)പരൻചൊല്ലി:—'ദാനഫലമിതു
വിപ്രർക്കുനൽകിയാൽ കിട്ടുമെന്തിഷ്ടവും:
നാനാനിവേദ്യങ്ങൾകൊണ്ടുനിരന്തരം
(൩)നാരായണാർച്ചനംചെയ്യാതിരിക്കിലോ,
കാണുവാൻപോലും കിടയ്ക്കുകയില്ലിത്രയും
ചേണുററഭോജനമേതൊരാൾക്കുംദൃഢം
(൪)സത്തുക്കൾനന്ദ്യകഴിച്ചവർനേടുന്നു
(൫)സൽഭുക്തി,വാപിയോകാങ്കയേചെയ്യുടാ!,
ഇങ്ങിനെമൃഷ്ടാന്നതൃപ്തരായ്ബ്രാഹ്മണ-
(൬)രങ്ങോത്തുചൊല്ലുന്നു മണ്ഡപാഗ്ര്യങ്ങളിൽ
നൃത്തമൊരേടത്തു,ഹാസ്യമൊരേടത്തി—
ല,ർത്ഥികൾക്കേകലൊരേടത്തിവണ്ണമായ്
വ്യത്യയമെന്നില്ലാതെയുത്സവംജൃംഭിക്കു-
മസ്ഥലത്തെത്തിനാൻ (൭)ലക്ഷ്മണസോദരൻ

---

൧. കിഴങ്ങും കായും തിന്നുജീവിക്കുന്നവർ. ൨. മറെറാരുത്തൻ. ൩. വിഷ്ണുപൂജ. ൪. സജ്ജനങ്ങൾ. ൫. നല്ലമൃഷ്ടാശി. ൬. വേദപാഠംനടത്തുന്നു. ൭. ശത്രുഘ്നൻ.

## 41. വേണുഗോപാലൻ.

[ഭഗവൽകഥാശ്രവണലാലസയായ ദേവി പാർവ്വതിക്ക് സർവ്വജ്ഞനായ പരമശിവൻ പറഞ്ഞുകൊടുക്കുന്ന ശ്രീകൃഷ്ണചരിതം]

(ചെറുശ്ശേരിരീതി)

യോജനപ്പാട്ടുപടന്നൊരു(൧)പാദപ-
രാജന്റെ ചെന്തളിർക്കൊമ്പുകളാൽ
(൨)മണ്ഡിതമാകിയ വൃന്ദാവനത്തിന്റെ
മദ്ധ്യത്തിൽ, മഞ്ജുവാം മന്ദിരത്തിൽ,
എട്ടുകോണൊത്തൊരു(൩)നാനാസമുദ്യോത
മൃഷ്ടമാം ശ്രീയോഗപീഠത്തിന്മേൽ
ചട്ടററമാണിക്യസിംഹാസനത്തിങ്കൽ
(൪)ലെട്ടിതൾപ്പൊൽത്താരിൻകർണ്ണികയിൽ
സ്വൈരമായ്‌വാഴുന്ന(൫)ബല്ലവീസേവ്യനാം
(൬)ശൌരിതൻസൌന്ദര്യ്യമെന്തുചൊല്ലാം!
ഏവർക്കുമാദ്യനനാദിപരനജൻ
യൌവനോത്ഭിന്നകൌമാരൻ കൃഷ്ണൻ
ദിവ്യയോഗോത്ഭുതരൂപൻ വ്രജാധിപ-
നവ്യൈശ്വര്യ്യ(൭)നാമ്നായമൃഗ്യൻ

---

൧. വൃക്ഷശ്രേഷ്ഠന്റെ. ൨. അലംകൃതം. ൩. പലതരം ശോഭകളാൽ സ്ഫുരിക്കപ്പെട്ടതു്. ൪. എഴിതളുള്ള പൊന്താമരപ്പൂവ്. ൫. ഗോപസ്ത്രീസേവ്യൻ. ൬ ശ്രീകൃഷ്ണൻ ൭. വേദങ്ങളാൽ അന്വേഷിക്കപ്പെടേണ്ടവൻ.

അമ്പാടിപ്പിള്ളൎക്കു ചങ്ങാതി, ഗോപിമാ-
ൎക്കൻപുവളൎത്തുവോൻ, ധ്യേയനെന്നും.
(ഫ)ശ്യാമളംമോഹനം(വ)ഫുല്ലകുവലയ-
കോമളം(ന)കാർമേഘസ്നിഗ്ദ്ധമുഗ്ദ്ധം
അഞ്ജനക്കല്ലുപൊളിച്ചിട്ടതിന്നൊപ്പം
(ര)മഞ്ജുമസൃണമപ്പൂമെയ്യത്രേ.
ആകേയിരുണ്ടുചുരുണ്ടുപരിമളം
തൂകുന്നപട്ടൊളിക്കുന്തലിന്മേൽ
ചാൎത്തിയ(ശ)മേചകോത്തംസംവിളങ്ങുന്നു
ചാരുംനറുറിക്കുവലത്തുവശം.
ചിത്രമയിൽപ്പീലിചാൎത്തും ചിലനേരം,
തത്ര ചിലനേരംപൈവാൽചാൎത്തും;
മന്ദാരച്ചെണ്ടുചിലപ്പോൾ; ചിലപ്പോഴോ,
സുന്ദര(ന്ന)മാണിക്യമൗലിചാൎത്തും.
കസ്തൂരിഗോരോചനാദിക്കുറികളാൽ
(ൗ)കമ്രാകുറനിരചിന്നുംഫാലം:
വക്ത്രമൊരർ(വ്യ)ബ്ബുദംചന്ദ്രന്മാൎക്കൊക്കുമേ
തത്തിക്കളിപ്പൂകുന ചില്ലികൾ;
(ൻ)ഇന്ദീവരായതസ്നിഗ്ദ്ധനേത്രങ്ങളിൽ

---

ഫ. കറുത്ത. വ. വിടൎന്നകരിങ്കുവലയപ്പൂവിനെപ്പോലെ കോമളം. ന. കാർമേഘനിരപോലെ മിനുപ്പും കറുപ്പുമുള്ളതു്. ര. മനോഹരവും മൃദുലവുമായതു്. ശ. കറുത്തശിരോലങ്കാരം. ന്ന. മാണിക്യമയകിരീടം. ൗ. മനോഹരം. വ്യ. ലക്ഷാധികം ചന്ദ്രന്മാൎക്കുതുല്യമാണു് മുഖം. ൻ. താമരപ്പൂവിതൾപോലെ നീണ്ടും മിനുത്തുമുള്ളകണ്ണുകൾ.

നിന്നിളകുന്നു കടാക്ഷം മേന്മേൽ;
നൽത്തിരുമൂക്കത്തണിഞ്ഞ ഗജകുംഭ-
മുത്തിൻനിറത്തിൽ മുപ്പാർമയങ്ങും,
സിന്ദൂരംപോലെ തുടുത്തുള്ള(൧) വായ്മലർ
മന്ദസ്മിതാർദ്രമായ് ശോഭിക്കുന്നു;
(൨) ഉത്തംസിതോല്പലമായ കർണ്ണത്തിലേ
(൩) ചിത്രമകരാഭപ്പൊൻകുണ്ഡലം
ബിംബിച്ചുകാണപ്പെടുന്ന കണ്ണാടിതൻ-
(൪)ബിംബോകംകട്ടകവിൾത്തടത്തിൽ;
പൊന്നാണിമാണിക്യമൌക്തികമാലകൾ
മിന്നിവിളങ്ങുന്നു തൃക്കഴുത്തിൽ;
തോൾവളകങ്കണം ബാഹുയുഗളത്തിൽ-
ശ്രീവത്സംകൌസ്തുഭംമാറിടത്തിൽ;
രോമാളിലാഞ്ഛിതമാലിലനേർവയ-
റോമനപ്പൊക്കിൾ ഗഭീരമേററം;
കർപ്പൂരഗോരോച(൫)നാഗരുചന്ദന-
കസ്തൂരീകല്പിത(൬)മംഗരാഗം;
മദ്ധ്യത്തിൻച്ചേവടിപ്പൂവോളംഞാന്നൊരു
മഞ്ഞപ്പട്ടാടയും കിങ്ങിണിയും;
വട്ടമൊത്തുള്ള നന്മുട്ടുമായ്, പൊൽത്തള-
യിട്ടു, നഖചന്ദ്രനിലാവുതൂകി,
(൭) അബ്ജധ്വജാങ്കുശവജ്രാങ്കിതതല-

൧, ചുണ്ടു- ൨. കരിംകുവളപ്പൂവ് ചൂടിയ. ൩. ശോഭിക്കുന്ന മകരമത്സ്യാകൃതിയിലുള്ള കർണ്ണാഭരണം. ൪. ശോഭ. (ഭംഗി) ൫. അകിൽ. ൬ ദേഹത്തിൽപൂശിയ കുറിക്കൂട്ട്. ൭. താമരപ്പൂവ്, കൊടിമരം, തോട്ടി, വജ്രം എന്നീരേഖകളുള്ളത്.

മഞ്ജുല്ലസിക്കുന്ന പാദയുഗ്മം.
കണ്ഠംചെരിച്ചിടംതോളിൽക്കവിളുംവെച്ചു.
കമ്രപ്പൊൻകുണ്ഡലകാന്തി ചിന്നി,
മൂന്നുവളവുമായ്, മുല്ലപ്പൂപ്പുഞ്ചിരി-
യാർന്നൊളിക്കൺ മുനനോട്ടമോടും
(൧)കുഞ്ചിതച്ചുണ്ടു(൨)മുകർന്ന(൩)മുരളീത-
ന്നഞ്ചിതമായകളസ്വനത്താൽ
മൂപ്പാർമയക്കിയും. പ്രേമസുധാബ്ധിയിൽ
മുങ്ങിയുംനിൽക്കുമാത്രൂപമത്രേ
ധ്യാനിച്ചുപോരുന്നു, യോഗിജനങ്ങളാൽ
മാനിതരായസനകാദ്യന്മാർ;
കോടാനകോടി(൪)മനോജരെവെല്ലുമ-
തീടാളും സർവ്വലാളിത്യസാരം

---

൧. കൂട്ടിയ അധരം. ൨. ചുംബിച്ചു. ൩. ഓടക്കുഴൽ. ൪. കാമദേവന്മാർ.

21 NOV 1953